## സബ്മിഷൻസ്

### നിലം നികത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള അനുമതി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ): സർ, കേരള ക്രിക്കറ്റ് അസോസിയേഷൻ തൊടുപുഴയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കാനെന്ന വ്യാജേന വാങ്ങിയ നെൽവയലുൾപ്പെടെയുള്ള പത്തര എക്കർ സ്ഥലം നികത്തുന്നതിന് മുഖ്യമന്ത്രി അനുമതി നൽകിയിരിക്കുന്നു. പ്രസ്തുത പത്തര ഏക്കർ സ്ഥലത്തിന്റെ സർവ്വെ നമ്പർ 76/1 മുതൽ 76/11 വരെയുള്ള 2.47 ഏക്കർ നിലമാണ്. ഇവിടെ നിലവിൽ കൃഷി ചെയ്തുവരുന്നു എന്നാണ് 18-09-2012-ൽ മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസ്തുത ഭൂമി നികത്തുന്നതിനുവേണ്ടി സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ 23-07-2012-ലെ 1492/2012/കൃഷി എന്ന നമ്പർ സർക്കാർ ഉത്തരവുപ്രകാരം കാർഷികോത്പാദന കമ്മീഷൻ നിരസിച്ചിരുന്നു. എന്നാൽ ഇതൊന്നും കണക്കിലെടുക്കാതെ 11/07/2012-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് നിലം നികത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകി. പ്രസ്തുത കത്ത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 13-07-2012-ൽ കാർഷികോൽപാദന കമ്മീഷണർക്ക് മുഖ്യമന്ത്രി നിർദ്ദേശം നൽകി. കാർഷികോൽപാദന കമ്മീഷണർ സ്ഥലം പരിശോധിച്ച് നികത്താൻ പാടില്ല എന്ന നിലപാടിൽ ഉറച്ചുനിൽക്കുകയാണ് ചെയ്തത്.

എന്നാൽ മുഖ്യമന്ത്രി പ്രസ്തുത ഫയൽ 26-08-2012-ൽ ജലവിഭവ വകുപ്പുമന്ത്രിക്ക് അഭിപ്രായത്തിനുവേണ്ടി അയച്ചുകൊടുത്തു. ജലവിഭവ വകുപ്പു മന്ത്രിയുമായി മുഖ്യമന്ത്രി കൂടിയാലോചിച്ച് 06-09-2012-ൽ മന്ത്രിസഭ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവായി. 2008- ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിലം നികത്താൻ പാടില്ല എന്ന നിയമം നിലനിൽക്കെ അതിന് വിരുദ്ധമായ തീരുമാനമെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഫയൽ ക്യാബിനറ്റിൽ വയ്ക്കാൻ മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി. ക്യാബിനറ്റിൽ വരികയോ മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുകയോ ചെയ്തു എന്ന് ഞാൻ പറയുന്നില്ല. പക്ഷേ നിലവിലുള്ള നിയമത്തെ മാനിക്കാതെ അതിനുള്ള എല്ലാ നീക്കങ്ങൾക്കും തുടക്കമിട്ടിരിക്കുകയാണ്. അത് ചെയ്യുകയില്ല എന്ന് ക്യാബിനറ്റിന്റെ തീരുമാനമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ വിഷയം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

**നിലം നികത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള അനുമതി**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി മോഹനൻ): സർ, ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിൽ സർവ്വെ നമ്പർ 76/1 മുതൽ 76/5 വരെ ഉൾപ്പെട്ട 82.4 ആർ നിലം ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് നികത്തുന്നതിനുള്ള അനുമതിക്കായി കേരള ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ അപേക്ഷ 28-06-2012 തീയതിയിലെ

നെൽവയൽ-തണ്ണീർത്തട ആക്ടുപ്രകാരമുള്ള സംസ്ഥാനതല സമിതി പരിശോധിക്കുകയും അപേക്ഷയിലെ ആവശ്യം 2008-ലെ കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ പ്രകാരമുള്ള പൊതു ആവശ്യം എന്ന നിർവ്വ ചനത്തിന്റെ പരിധിൽ ഉൾപ്പെടാത്തതിനാൽ അപേക്ഷ പരിഗണിക്കേണ്ടതി ല്ലെന്നും സ്റ്റേഡിയം നിർമ്മിക്കുന്നതിനായി പകരം മറ്റൊരു കരഭൂമി കണ്ടെ ത്തേണ്ടതാണെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ കേരള ക്രിക്കറ്റ് അസോസിയേഷൻ സമർപ്പിച്ച അപേക്ഷ യിലെ ആവശ്യം 23-07-2012 -ലെ സർക്കാർ ഉത്തരവുപ്രകാരം നിരസിക്കു കയുണ്ടായി. ടി ഉത്തരവിനെതിരെ കേരള ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറി 14-08-2012-ൽ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിക്കുകയുമുണ്ടായി. ഹൈക്കോടതിയിൽ നിന്നും വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത നിവേദനത്തിന്മേൽ അന്തിമ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന തിന് സ്ഥലം വേണമെന്ന വ്യാജേന നടത്തുന്ന ഈ ശ്രമത്തിന് വിധേയമാ കാതെ, അതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശക്തമായി എതിർക്കുമെന്ന് പ്രതീക്ഷിക്കുന്നതായാണ് ഞാൻ പറഞ്ഞത്. അങ്ങ് അത് സംബന്ധിച്ച് എന്തെങ്കിലും പറയുമോ എന്നാണ് ഞാൻ ആരാഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്ന ഏത് കാര്യത്തിനും മറുപടി പറയാം. അങ്ങ് ഇങ്ങനയൊ ന്നുമല്ല പറഞ്ഞത്. തുടക്കത്തിൽ അങ്ങ് പറഞ്ഞത് മുഖ്യമന്ത്രി അനുമതി നൽകാൻ ഉത്തരവിട്ടിരിക്കുന്നു എന്നാണ്. ഇപ്പോൾ അങ്ങുതന്നെ പറയുന്നു

മുഖ്യമന്ത്രി ഉത്തരവിട്ടിട്ടില്ലായെന്ന്. ഇവിടെ ഒരു നിയമമുണ്ട്. നിങ്ങൾ അധി കാരത്തിൽ ഇരുന്ന സമയത്ത് കൊണ്ടുവന്ന നിയമമാണ്. ആ നിയമ ത്തിൽതന്നെ ഇത് നികത്തുന്നതിനുള്ള വ്യവസ്ഥകളുമുണ്ട്. അപ്പോൾ ആ വ്യവസ്ഥകളനുസരിച്ച് ഗവൺമെന്റ് പരിശോധിക്കും. ഒരിക്കലും അത് ചെയ്യില്ല എന്ന് ഞാനിവിടെ പറയാൻ തയ്യാറല്ല. പിന്നെ നിങ്ങൾ കൊണ്ടു വന്ന നിയമത്തിലെ വ്യവസ്ഥയാണ്. ആ നിയമം ഇവിടെ ഒരു കാര്യത്തിനും ഉപയോഗിക്കാൻ പറ്റില്ല എന്ന് എന്നെക്കൊണ്ട് പറയിപ്പിക്കാനാണെങ്കിൽ അത് ഞാൻ പറയില്ല.

**പറമ്പികുളം-ആളിയാർ പദ്ധതി പ്രദേശത്ത് ജലം ലഭ്യമാക്കൽ**

ശ്രീ. കെ. അച്ചുതൻ: സർ, അന്തർ സംസ്ഥാന നദീജല കരാർ അനുസരിച്ച് പറമ്പിക്കുളം-ആളിയാറിൽ നിന്നും ഏഴേകാൽ ടി.എം.സി. വെള്ളമാണ് നമുക്ക് ലഭിക്കേണ്ടത്. ഏറ്റവും കുറഞ്ഞ അളവ് വെള്ളമാണത്. മഴ കൂടുതലുണ്ടെങ്കിൽ വെള്ളം കൂടുതൽ ലഭിക്കണം. പക്ഷേ ഏഴേകാൽ ടി. എം.സി. -യിൽ നിന്നും മൂന്നേമുക്കാൽ ടി.എം.സി. വെള്ളമാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. ഇനി നാല് ടി.എം.സി.-യോളം വെള്ളം വീണ്ടും തമിഴ്നാടിൽ നിന്ന് ലഭിക്കണം. ചിറ്റൂർ-നെന്മാറ-മലമ്പുഴ-കുഴൽമന്ദം എന്നീ പ്രദേശങ്ങളിൽ ഏകദേശം 40,000 ഏക്കറോളം ഭൂമി പരിപൂർണ്ണമായി ഉണങ്ങാനുള്ള സാധ്യത യാണ് ഇപ്പോഴുള്ളത്. ഏതായാലും ഈ മാസത്തോടുകൂടി തമിഴ്നാട് വെള്ളം തരില്ലെന്ന് ഏറെക്കുറെ ഉറപ്പായിട്ടുണ്ട്. ഞാൻ ഈ സബ്മിഷൻ ഉന്നയിക്കു ന്നത് തന്നെ മുഖ്യമന്ത്രി ദയവ് ചെയ്ത് തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട്, തമിഴ്നാട്ടിൽ പോകണമെന്ന് ഞാൻ പറയുന്നില്ല. കാരണം നമ്മൾ

പോയാലും അമ്മ അവിടെ വലിയ വരവേൽപ്പൊന്നും നടത്തില്ല. മുഖ്യമന്ത്രി പോയി അപമാനിതമാകണമെന്നൊന്നും ഞാൻ ...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.......

ശ്രീ. കെ. അച്ചുതൻ: കാര്യങ്ങൾ പറയാൻ പോകുന്നതേയുള്ളു.

മി. ഡെപ്യൂട്ടി സ്പീക്കർ: 42 സബ്മിഷൻ ഉണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. അത് ഉന്നയിക്കുന്നതിന് 42 മിനിട്ടും മറുപടിക്ക് 42 മിനിട്ടുമാണ്. അങ്ങനെ ആയാൽ തന്നെ ഒന്നരമണിക്കൂറാകും. ഇന്നത്തെ നടപടികൾ എല്ലാപേർക്കും അറിയാവുന്നതാണല്ലോ. അതുകൊണ്ട് ചുരുക്കി പറയണമെന്ന് ആദ്യമേ പറഞ്ഞതാണ്.

ശ്രീ. കെ. അച്ചുതൻ: ചുരുക്കിയാണ് ഞാൻ പറയാൻ പോകുന്നത്. തമിഴ്നാട് മുഖ്യമന്ത്രിയുമായി ബന്ധപ്പെടാൻ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് കഴിയില്ല. കാരണം അമ്മയുടെ സ്വഭാവം അങ്ങനെയാണ്. തമിഴ്നാട്ടിൽ അമ്മ എന്ന് പറയാൻ മാത്രമേ പറ്റുകയുള്ളു. ജയലളിത എന്ന് പറയാൻ പാടില്ല. കഴിയുമെങ്കിൽ ജലസേചന വകുപ്പുമന്ത്രിയെ എങ്കിലും ചെന്നൈയിൽ അയച്ച്, നമ്മൾ ഇപ്പോൾ സുപ്രീം കോടതിയിൽ കേസിന് പോകുന്നുണ്ട്. സുപ്രീം കോടതി കേസിൽ എന്തുതന്നെ ആയാലും ഇപ്പോഴുള്ള കൃഷിയെ നമുക്ക് രക്ഷപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് അടിയന്തരമായി ജലസേച നവകുപ്പുമന്ത്രി തമിഴ്നാട്ടിൽ പോയി അവിടെയുള്ള ജലസേചന വകുപ്പുമന്ത്രി യുമായെങ്കിലും ബന്ധപ്പെട്ട് കേരളത്തിന് മിനിമം തരേണ്ട വെള്ളമെങ്കിലും തരണമെന്ന് ആവശ്യപ്പെടണം. അവർ ഇപ്പോൾ കോണ്ടൂർ കനാൽ വഴി തിരു മൂർത്തിയിലേയ്ക്ക് വെള്ളം കൊണ്ടുപോകുകയാണ്. അവിടെ വൈദ്യുതി എടുക്കാനുള്ള സംവിധാനമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതു

കൊണ്ട് അടിയന്തരമായി മുഖ്യമന്ത്രി ഈ കാര്യത്തിൽ ഇടപെട്ട്, എനിക്ക് നാട്ടിൽ പോകാൻ പറ്റാത്ത ഒരു സ്ഥിതിയാണുള്ളത്. എനിക്ക് ഇപ്പോൾ നാട്ടിൽ പോകാൻ പറ്റുന്നൊരു സംവിധാനം അങ്ങ് ഉണ്ടാക്കിതത്തരണ മെന്നാണ് എന്റെ അഭ്യർത്ഥന.

**പറമ്പികുളം-ആളിയാർ പദ്ധതി പ്രദേശത്ത് ജലം ലഭ്യമാക്കൽ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മറ്റുള്ള സബ്മിഷനുകളുടെ പ്രാധാന്യം ഞാൻ ഒട്ടും കുറച്ച് കാണുന്നില്ലെങ്കിലും ശ്രീ. കെ. അച്ചുതൻ ഉന്നയിച്ച ഈ സബ്മിഷൻ 42 സബ്മിഷനുകളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ്. കേരളത്തിൽ മൊത്തം വരൾച്ച ബാധിച്ചിരിക്കുന്നു. വരൾച്ച ബാധിത സംസ്ഥാനമായി ഇന്നലെ ഡിക്ലയർ ചെയ്തു. അതിൽ തന്നെ ഞങ്ങൾ ഇന്നലേയും ചർച്ച ചെയ്തു. ഏറ്റവും രൂക്ഷമായ ഏരിയ എന്ന് പറയുന്നത് ചിറ്റൂർ താലൂക്കാണ്. അവിടെ കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. ദിവസങ്ങൾപോലും അവർക്ക് പ്രാധാന്യമുള്ളതാണ്. ആളിയാർ-പറമ്പിക്കുളം എഗ്രിമെന്റ് അനുസരിച്ച് കിട്ടേണ്ട വെള്ളം കിട്ടിയിട്ടില്ല. അത് കിട്ടുന്നതിനു വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനു വേണ്ടി ജലസേചന വകുപ്പ് മന്ത്രിയോ ഞാനോ ആര് വേണമെങ്കിലും എവി ടെയും പോകാനും ഇതിന് വേണ്ടി ചർച്ച നടത്താനും തയ്യാറാണ്. അതിനു വേണ്ടിയുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇതുവരെയെടുത്ത നിലപാടിൽ നിന്ന് തമിഴ്നാട് ചെറിയ മാറ്റങ്ങൾ വരുത്തി വെള്ളം റിലീസ് ചെയ്തു തുട ങ്ങി എന്നുള്ള വിവരമാണ് ഇന്നലെ അനൗദ്യോഗികമായി കിട്ടിയിട്ടുള്ളത്. ഏതായിരുന്നാലും ഈ കാര്യത്തിന് ഗവൺമെന്റിന് സാധ്യമായ എല്ലാ നടപടി കളും എടുക്കുന്നതാണ്. ഇന്നലത്തെ ക്യാബിനറ്റിൽ ഈ കാര്യം ചർച്ച

ചെയ്തു. തമിഴ്നാട് സഹകരിക്കുന്നില്ലെങ്കിൽ നിയമപരമായ നടപടികൾ സുപ്രീം കോടതിയിൽ ഈ കാര്യത്തിനുവേണ്ടി മൂവ് ചെയ്യണമെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്.

**സദാനന്ദനുണ്ടായ ദുരനുഭവം**

ശ്രീ. പാലോട് രവി: സർ, 18-ാം തീയതി ചൊവ്വാഴ്ചത്തെ മലയാള മനോരമ പത്രത്തിന്റെ എഡിറ്റോറിയൽ അവസാനിക്കുന്നത് ഇ-ഗവേണൻസി ലൂടെയും മറ്റും പൊതുജനത്തിന്റെ തൊട്ടടുത്തേയ്ക്ക് ഭരണയന്ത്രം മാറാൻ ശ്രമിക്കുന്ന ഈ കാലത്തും ഓരോ ഫയലിലും ഓരോ ജീവിതമുണ്ടെന്ന തിരിച്ചറിവ് എവിടെയോ നഷ്ടപ്പെട്ടുപോകുകയാണ് എന്നുള്ള ചോദ്യം ഉന്നയിച്ചുകൊണ്ടാണ്. കരുണയില്ലാത്ത വ്യവസ്ഥിതിക്ക് മുന്നിൽ തോൽക്കാൻ വിധിക്കപ്പെട്ട ഈ നാട്ടിലെ സാധാരണക്കാരുടെ ഒരു പ്രതിനിധി യായി 35-ാം വയസ്സിൽ 1987-ൽ സ്വയം തൊഴിൽ തുടങ്ങാൻ ബാങ്ക് വായ്പയ്ക്ക് സർക്കാരിനെ സമീപിച്ച സദാനന്ദന് നിയമസഭാ സ്പീക്കറും മന്ത്രിയും ഇടപെട്ടിട്ടും 60 വയസ്സ് കഴിയുംവരെ ഉണ്ടായ ദുരന്തം കേരളത്തിന് ലക്ഷക്കണക്കിന് സ്വയം തൊഴിൽ തേടിവരുന്ന യുവാക്കളുടെ യാതനയും വേദനയുമാണ്. സർക്കാർ ഉദ്യോഗസ്ഥർ ജനങ്ങളെ പീഡിപ്പിക്കുന്നത് നീതി നിഷേധവും നിയമവിരുദ്ധവുമാണെന്ന് വ്യക്തമാക്കിയ മനുഷ്യാവകാശ കമ്മീ ഷൻ പരിഹാരമായി 25,000 രൂപ ഇവരിൽ നിന്ന് ഈടാക്കണമെന്ന് ശുപാർശ ചെയ്തിരിക്കുകയാണ്. കമ്മൽ വരെ പണയപ്പെടുത്തിയാണ് അവർ ഓരോ ബാങ്കിൽ സ്വയം വായ്പ കണ്ടെത്തുന്നതിനുവേണ്ടി കയറിയിറങ്ങുന്നത്. അവസാന നിമിഷം വായ്പയില്ലെന്ന് പറഞ്ഞു വിടുന്ന സ്ഥിതിയാണുള്ളത്. ഈ ദു:സ്ഥിതി കൊണ്ട് എത്രയോ കുടുംബങ്ങളാണ് അനാഥമാകുന്നത്.

സർക്കാർ കാര്യം മുറപോലെ എന്ന് പണ്ട് കേൾക്കുന്ന ആ സ്വരം അവസാനിപ്പിച്ച് ഇതിനൊക്കെ സമയബന്ധിതമായി സ്വയം വായ്പക്കുവേണ്ടി പരിശ്രമിക്കുന്നവർക്ക് സദാനന്ദന്റെ ദുരന്തമുണ്ടാകാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കാൻ മുഖ്യമന്ത്രി തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സദാനന്ദനുണ്ടായ ദുരനുഭവം സംബന്ധിച്ച വിഷയം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെ തുടർന്നുള്ള മനുഷ്യാവകാശ കമ്മീഷന്റെ വിധിയും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വിധിയുടെ അടിസ്ഥാനത്തിൽ ആരെങ്കിലും കുറ്റക്കാരായിരുന്നോ എന്നുള്ളതിനെ സംബന്ധിച്ചും വിശദമായി പരിശോധിക്കാൻ നിയോഗിച്ചിരിക്കുകയാണ്. അതുപോലുള്ള അനുഭവം ആർക്കും ഉണ്ടാകരുതെന്നുള്ളതാണ് ആഗ്രഹം. പക്ഷേ നിർഭാഗ്യവശാൽ അങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടായി. ആ കാര്യത്തിൽ ആവശ്യമായ നടപടികളെടുക്കുമെന്ന് വ്യക്തമാക്കുകയാണ്.

## കാസർഗോഡ് സ്വദേശി പ്രദീപ് രാജിനെ കാണാതായ സാഹചര്യം

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സർ, മകന്റെ തിരോധാനം മൂലം കണ്ണീരും കൈയ്യുമായി കഴിയുന്ന ഒരു അച്ഛന്റെയും അമ്മയുടെയും കദനകഥയാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ കാസർഗോഡ് കുഡ്ലു വില്ലേജിലെ നാഗേഷ് ചെട്ടിയാരുടേയും ചന്ദ്രാവതിയുടെയും മകൻ പ്രദീപ് രാജ് സിവാമ ഷിപ്പ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഉടമസ്ഥതയിലുള്ള എം. വി. എലാറ്റിൻ എന്ന കപ്പലിൽ ഓയിലറായി ജോലി ചെയ്യുകയായിരുന്നു. ബോംബെയിലെ ഒരു ഏജൻസി മുഖാന്തരം 24-10-2008-ലാണ് പ്രദീപ് രാജ്

ജോലിയിൽ പ്രവേശിച്ചത്. യു.എസ്.എ.-യിലെ ഹൂസ്റ്റണിൽ നിന്ന് ചൈനയിലേയ്ക്ക് സൾഫർ കയറ്റി പോകുകയായിരുന്ന കപ്പലിൽ നിന്ന് 30-04-2009-ന് വൈകുന്നേരം 8 മണിയോടെ മകൻ അപ്രത്യക്ഷനായി എന്നൊരു കമ്പി സന്ദേശമാണ് വീട്ടുകാർക്ക് ലഭിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷ നേതാവ് ആയിരിക്കുമ്പോൾ ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതുപോലെതന്നെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി.എസ്. അച്ചുതാനന്ദൻ പ്രധാനമന്ത്രിക്കും ഇതേ വിഷയം സംബന്ധിച്ച് കത്ത് നൽകിയിരുന്നു. പക്ഷെ മകന് എന്തുപറ്റി യെന്നതിനെക്കുറിച്ച് വീട്ടുകാർക്ക് ഇതുവരെ ഒരു വിവരവും കിട്ടിയിട്ടില്ല. ഏതായാലും മകനെ തിരിച്ചുകിട്ടാൻ വീട്ടുകാർക്ക് ഒരിക്കലും അവസരമുണ്ടാ കുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി മകന് എന്തുപറ്റി എന്ന അവരുടെ ചോദ്യത്തിന് ഉത്തരം നൽകാൻ ഒരു സംവിധാനമുണ്ടാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

## കാസർഗോഡ് സ്വദേശി പ്രദീപ് രാജിനെ കാണാതായ സാഹചര്യം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു കുടുംബത്തിന്റെ വളരെ ദുഖകരമായ അനുഭവമാണ്. ശ്രീ. പ്രദീപ് രാജിനെ കപ്പലിൽ നിന്നും കാണാതായി എന്നുള്ള വിവരം കിട്ടിയ പ്പോൾത്തന്നെ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടു. ആവശ്യമായ എല്ലാ ഇടപെടലുകളും നടത്തി. അതിന്റെ ഫലമായി അമേരിക്കൻ കോസ്റ്റ് ഗാർഡ് വിമാനം ഒരു ദിവസം മുഴുവൻ കടലിൽ തിരച്ചിൽ നടത്തി. അങ്ങനെയുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും ഒരു വിവരവും കിട്ടിയില്ല. ഇപ്പോൾ വീണ്ടും 05 -09-2012-ൽ ഈ കുടുംബത്തിന്റെ ഒരു പരാതി ഉൾപ്പെടെ ആക്ഷൻ

കൗൺസിലിന്റെ ഒരു നിവേദനം കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പ്രദീപ് രാജിന്റെ തിരോധാനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനുവേണ്ടിട്ടുള്ള ശ്രമങ്ങൾ പുതുതായി ആരംഭിച്ചിരിക്കുകയാണ്. ഏതെങ്കിലും കൂടുതലായിട്ടുള്ള വിവരങ്ങൾ കിട്ടുമോയെന്ന് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

**ഗവി ടൂറിസം പദ്ധതി**

ശ്രീ. രാജു എബ്രഹാം: സർ, ഇന്ന് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമാണ് ഗവി. തേക്കടിയോട് ചേർന്ന് കിടക്കുന്ന ഈ ടൂറിസം കേന്ദ്രത്തിൽ കടുത്ത നിയന്ത്രണങ്ങൾ വന്നതുമൂലം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സർവ്വകക്ഷി സമരസമിതി കഴിഞ്ഞ ഒരു മാസക്കാലമായി സമരം നടത്തുകയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുക്കൂട്ടണമെന്നുള്ള അവരുടെ അഭ്യർത്ഥന ഇതേവരെ നടന്നിട്ടില്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് കൂടി വരുമ്പോൾ ഗവിയും തേക്കടിയുമെല്ലാം അടച്ചുപൂട്ടാൻ പോകുകയാണ്. അതിന് മുമ്പ് പാവപ്പെട്ട ആളുകൾക്ക് ഈ പ്രദേശം കാണാൻ അങ്ങയുടെ സന്മനസ്സ് ഉണ്ടാകണം. അടിയന്തരമായ ഒരു യോഗം ഇത് സംബന്ധിച്ച് വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഗവി ടൂറിസം പദ്ധതി**

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും ഇതുമായി ബന്ധമില്ല. കഴിഞ്ഞ തവണയും ഇത് സഭയിൽ ചർച്ച ചെയ്തതാണ്. രണ്ടര മണിക്കൂറോളം യാത്ര ചെയ്യേണ്ട ഈ വനപ്രദേശത്തുകൂടി എഴുപതോളം വണ്ടിക

ളാണ് ഒരു ദിവസം കടന്നുപോകുന്നത്. അത് വന്യമൃഗങ്ങൾക്ക് സ്വൈരമായി സഞ്ചാരം നടത്താൻ കഴിയാതെ വരുന്നു. ഇത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മുൻകാല വിധികൾക്ക് വിരുദ്ധമായി വരികയും പൂർണ്ണമായ നിരോധനമോ നിയന്ത്രണമോ ബഹുമാനപ്പെട്ട കോടതിയുടെ ഭാഗത്തു നിന്നുണ്ടാകരുത് എന്നുള്ളതുകൊണ്ടാണ് നിർബന്ധിതമായ ഒരു നിയന്ത്രണം സർക്കാർ ഏർപ്പെടുത്തിയത്. നിയന്ത്രണത്തെക്കുറിച്ച് പ്രതിഷേധമുണ്ട്. പക്ഷേ പ്രതികരിച്ച രീതി ബഹുമാനപ്പെട്ട അംഗം ശ്രദ്ധിക്കണം. 24-11-2012 -ൽ സീതത്തോട് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള വനസംരക്ഷണ സമിതി അംഗങ്ങൾ ചെക്ക്പോസ്റ്റ് അടിച്ചുതകർത്തു. പൊതുമുതൽ നശിപ്പിക്കുന്നത് ശരിയാണോ? ബഹുമാനപ്പെട്ട മന്ത്രി അടൂർ പ്രകാശിന്റെ മണ്ഡലമായതുകൊണ്ട് അദ്ദേഹത്തിനുകൂടി സൗകര്യമുള്ള ദിവസം ചർച്ചചെയ്യാമെന്ന് തീരുമാനിച്ചിരുന്നപ്പോഴാണ് ഇങ്ങനെ അക്രമം ഉണ്ടായത്. ഈ അക്രമം നമുക്ക് അംഗീകരിക്കാൻ കഴിയുമോ? രണ്ടര മണിക്കൂർ യാത്ര ചെയ്ത് വള്ളക്കടവിൽ ചെല്ലുമ്പോൾ അവിടെനിന്ന് പുറത്തേക്കിറക്കുന്നില്ല എന്നതായിരുന്നു പരാതി. ഞാൻ അവിടെ പോയി വള്ളക്കടവിൽനിന്ന് പുറത്തേയ്ക്ക് ഇറങ്ങുന്നതിനുള്ള സൗകര്യം ചെയ്തുകൊടുത്തു. ഗവി എന്ന സ്ഥലത്ത് പുതുതായി ഒരു റസ്റ്റോറന്റും താമസ സൗകര്യത്തിനായി ടെന്റും സ്ഥാപിക്കാനുള്ള നടപടി വനം വകുപ്പിനുണ്ട്. പക്ഷേ നിയന്ത്രണങ്ങളില്ലാതെ കാട്ടിനുള്ളിലേയ്ക്ക് അനിയന്ത്രിതമായി വാഹനങ്ങളെ ........... വള്ളക്കടവിൽ നിന്നും രണ്ട് വണ്ടി പെരിയാർ ടൈഗർ ഫൗണ്ടേഷൻ വാങ്ങിയതുപോലെ ഇവിടെയും വാങ്ങാൻ ആവശ്യപ്പെട്ടപ്പോൾ അത് ചെയ്യാൻ കഴിയില്ല. ജീപ്പിലും ടാക്സിയിലും ആളുകളെ കൊണ്ടുപോവുകയും തിരിച്ച് രാത്രിയിൽ മടങ്ങി

വരികയും വേണം എന്നതാണ് നിലപാട്. അങ്ങ് അവിടെ എം.എൽ.എ ആയിരുന്നപ്പോൾ ഞാൻ അവിടെ പോയിട്ടുണ്ട്. അന്ന് ധാരാളം വന്യമൃഗങ്ങളെ പകൽപോലും റോഡിൽ കാണാമായിരുന്നു. ഇന്ന് ഒന്നിനെയും കാണാനില്ല. അവിടെ മദ്യപിച്ച് കുപ്പി വലിച്ചെറിയുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുകയും ചെയ്യുന്നു. ഇതൊന്നും തടയാൻ പാടില്ല, തടഞ്ഞാൽ ചെക്പോസ്റ്റ് പൊളിക്കും എന്ന് പറയുന്നത് അഭികാമ്യമല്ല, അത്തരം സമരങ്ങളോട് യോജിപ്പുമില്ല. അങ്ങ് പറഞ്ഞ കാര്യം ബഹുമാനപ്പെട്ട മന്ത്രി അടൂർ പ്രകാശ് എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സൗകര്യമനുസരിച്ച് ചർച്ച ചെയ്ത് കാര്യങ്ങൾ അവരെ പറഞ്ഞ് മനസിലാക്കും. ഇപ്പോൾ നിയന്ത്രണമേർപ്പെടുത്തിയില്ലെങ്കിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നേരിട്ട് ഇടപെടുകയും നിരോധനം ഏർപ്പെടുത്തുകയും ചെയ്താൽ പിന്നെ നമ്മളിവിടെ ചർച്ച ചെയ്തിട്ട് കാര്യമില്ല. അതുകൊണ്ടാണ് ഇങ്ങനെ ചെയ്തത്. അല്ലാതെ ആരെയും ദ്രോഹിക്കാനല്ല. അവിടെ ടൂറിസം നടപ്പിലാക്കുന്നുണ്ട്. താങ്കൾ പറഞ്ഞ സ്ഥലത്തുനിന്ന് രണ്ടര മണിക്കൂർ യാത്ര ചെയ്യുന്ന ആളിന് തിരിച്ച് രണ്ടര മണിക്കൂർ കാട്ടിലൂടെ യാത്ര ചെയ്യാം. 30 വണ്ടി അങ്ങോട്ട് പോയാൽ 60 വണ്ടി തിരിച്ചുവരും. ഇത് വേണോ വേണ്ടയോയെന്ന് ചെറുപ്പക്കാരനായ അങ്ങ് കൂടി ആലോചിച്ച് തീരുമാനിക്കണം.

## സ്കൂൾ ഫുട്ബോളിന് സെപ്റ്റ് നൽകിവരുന്ന പ്രോത്സാഹനം

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിലെ കായിക മേഖലയ്ക്ക് അങ്ങയുടെ പുതിയ ടേമിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിൽ

പ്രതിഭകളില്ലാത്തതല്ല കായിക രംഗത്തിന്റെ കുറവ്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലില്ലാത്ത തരത്തിൽ മൾട്ടി പർപ്പസ് ഇൻഡോർ സിന്തറ്റിക് സ്റ്റേഡിയമുൾപ്പെടെയുള്ള പദ്ധതികളുമായി കടന്നുവരുന്നത് തീർച്ചയായും കേരളത്തിന്റെ കായിക ഭൂപട ത്തിൽ വലിയൊരു സ്ഥാനം ഈ ഗവൺമെന്റിനുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു കാലത്ത് ഇന്ത്യൻ ഫുട്ബോൾ ടീമിന് ഏറ്റവും പ്രധാനമായ സംഭാവന നൽകിയ സംസ്ഥാനമായിരുന്നു കേരളം. ബംഗാളും കേരളവുമാ യിരുന്നു ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ ഏറ്റവും പ്രധാനപ്പെട്ട കോൺട്രിബ്യൂ ട്ടേഴ്സ്. പ്ലേയിംഗ് ലവലിൽ ഒരേസമയം ഏഴ് മലയാളി കളിക്കാർവരെ നില നിന്ന കാലഘട്ടത്തിൽനിന്നും മാറി ഇന്ന് ഒരു മലയാളിപോലും പ്ലേയിംഗ് ലവ ലിൽ ഇല്ലാത്ത അവസ്ഥയിലേയ്ക്ക് കേരളത്തിന്റെ ഫുട്ബോൾ രംഗം മാറി യത് വളരെ സങ്കടകരമായ അവസ്ഥയാണ്. നമുക്ക് പ്രതിഭകൾ ഇല്ലാത്തതല്ല അതിനുകാരണം. ചെറുപ്രായത്തിലേ ഇത്തരം പ്രതിഭകളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകാനുള്ള നഴ്സറികൾ നമുക്കില്ലാത്തതാണ് കാരണം. ലൂയി ഫിഗൊയെപ്പോലെ വേൾഡ് കപ്പ് കളിച്ചിട്ടുള്ള പോർച്ചുഗ ലിന്റെ ക്യാപ്റ്റൻ ഇന്ത്യയിൽ വന്നപ്പോൾ ഈ രാജ്യത്ത് ഫുട്ബോൾ നഴ്സറി കളില്ലേയെന്ന് അത്ഭുതത്തോടെ ചോദിച്ചുവെന്ന് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ചെറിയ പ്രായത്തിൽത്തന്നെ കുട്ടികൾക്ക് ഫുട്ബോളിൽ പ്രോത്സാഹനം നൽകാൻ 2004-ൽ കോഴിക്കോട് ആസ്ഥാനമാക്കി സെപ്റ്റ് എന്ന നഴ്സറി ആരംഭിച്ചു. ഇന്ന് കേരളം മുഴുവൻ 41 നഴ്സറികളിലായി 1200 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. അവരിൽ എട്ടോളം കുട്ടികൾ ഇന്ത്യൻ ദേശീയ ടീമിനുവേണ്ടി കളിച്ചുകഴിഞ്ഞു. ലോകത്ത് നഴ്സറിയുടെ

ക്ലബ് ഫുട്ബോൾ ലോകകപ്പ് നടന്നപ്പോൾ 36 ടീമുകൾ മത്സരിച്ചതിൽ 5-ാം സ്ഥാനം സെപ്റ്റിലെ കുട്ടികൾക്കായിരുന്നെങ്കിൽ കേരളത്തിന്റെ ഫുട്ബോൾ രംഗത്തെ തിരിച്ചുവരവിന് ഇത് വലിയ സഹായകരമായിത്തീരും. അതുകൊണ്ടുതന്നെ അവർക്ക് ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ നൽകണം. അതുകൊണ്ട് ഇത് അങ്ങ് ഗൗരവമായി കണക്കിലെടുത്ത് അടിയന്തരമായ സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്കൂൾ ഫുട്ബോളിന് സെപ്റ്റ് നൽകിവരുന്ന പ്രോത്സാഹനം**

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സെപ്റ്റിന്റെയുൾപ്പെടെ കേരളത്തിൽ സ്പോർട്സ് കൗൺസിൽ മുഴുവൻ ചെലവും വഹിച്ചുകൊണ്ട് ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെ അംഗികാരത്തോടുകൂടി വിഷൻ ഇന്ത്യ സ്കീം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 14 ജില്ലകളിലായി 15 വയസ്സിൽ താഴെയുള്ള 2500-ഓളം കുട്ടികൾക്ക് സ്പോർട്സ് കൗൺസിൽ പരിശീലനം നൽകുന്നുണ്ട്. അത് നല്ല റിസൽട്ടാണ് തരുന്നത്. അതുപോലെ സെപ്റ്റ് എന്ന സ്ഥാപനം 1200-ഓളം കുട്ടികൾക്ക് 100 പരിശീലകരെ നിയമിച്ചുകൊണ്ട് ട്രെയിനിംഗ് നൽകുകയാണ്. അതും വളരെ നല്ല കാര്യമാണ്. ഞാൻ വിദേശ രാജ്യങ്ങളിൽനിന്ന് പരിശീലകരേയും പരിശോധകരേയും ഇവിടേയ്ക്ക് കൊണ്ടുവന്നിരുന്നു. കേരളത്തിലെ ഫുട്ബോൾ രംഗത്ത് 15 വയസുവരെയുള്ള കുട്ടികളുടെ പെർഫോർമൻസ് the best ആണെന്നാണ് അവർ പറഞ്ഞത്. ആധുനിക സൗകര്യങ്ങളില്ലാത്തതു

കൊണ്ട് 15 വയസിനുശേഷം കുട്ടികൾക്ക് തുടർപരിശീലനം ലഭിക്കാത്തതിനാൽ അവർ പിന്നിലേയ്ക്ക് പോകുന്നു. അത് പരിഹരിക്കാൻ വേണ്ടി കൊടുങ്ങല്ലൂരിൽ ഫുഡ്സോൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ഫുട്ബോളിന് പ്രാഥമിക ട്രെയിനിംഗ് നൽകാൻ കഴിയുന്ന സംവിധാനമാണ് ഫുട്സോൾ. ആ സംവിധാനം ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ നടപ്പാക്കുകയാണ്. അതുപോലെ സെപ്റ്റ് കുട്ടികളെ പരിശീലിപ്പിച്ച് വിദേശ രാജ്യങ്ങളിൽവരെ കൊണ്ടുപോകുന്നുണ്ട്. സാമ്പത്തിക സഹായം നൽകുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അവർക്ക് 100 ഫുട്ബോളുകൾ അടിയന്തരമായി നൽകുകയും തുക അനുവദിക്കുകയും ചെയ്യുന്നതാണ്. തുക എത്രയാണെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. സ്പോർട്സ് വകുപ്പിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചതിനുശേഷം അവർക്ക് അനുയോജ്യമായ സാമ്പത്തിക സഹായം നൽകുന്നതാണ്.

## മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിലെ പ്രക്ഷോഭം

ശ്രീ. എളമരം കരീം: സർ, മൾട്ടി ലെവൽ മാർക്കറ്റിംഗിലെ ജീവനക്കാരുടെ എല്ലാ സംഘടനകളും ചേർന്ന് സെക്രട്ടേറിയറ്റിന്റെ മുന്നിൽ രണ്ടുദിവസമായി സമരം ചെയ്തുവരികയാണ്. മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയ്ക്ക് ആദ്യമായി ഒരു ഗൈഡ്ലൈൻ ഗവൺമെന്റ് പുറപ്പെടുവിക്കുകയുണ്ടായി. പല രാഷ്ട്രങ്ങളിലും സമഗ്രമായ നിയമങ്ങളുണ്ട്. കേരളത്തിൽ പുറപ്പെടുവിച്ച ഗൈഡ്ലൈൻ അനുസരിച്ച് ഈ മേഖലയിൽ പ്രവർത്തനം നടത്താനുള്ള സ്വാതന്ത്ര്യം വേണമെന്നുള്ളതാണ് ഇന്ന് ജീവനക്കാർ സമരത്തിൽ ഉന്നയിക്കുന്നത്. മുഖ്യമന്ത്രി ഏതാനും ദിവസങ്ങൾക്കുമുമ്പ് വിവിധ സംഘടനകളുടെയും പോലീസ് ഉദ്യോഗാസ്ഥൻമാരുടെയും മീറ്റിംഗ് വിളിച്ചുചേർത്തി

രുന്നു. ആ മീറ്റിംഗിൽ മണി ചെയിൻ കർശനമായി തടയുന്നതോടൊപ്പം കേരള ഗവൺമെന്റിന്റെ ഗൈഡ്ലൈൻ അനുസരിച്ച് മൾട്ടി മാർക്കറ്റിംഗിൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുന്നതാണെന്നാണ് ആ യോഗത്തിൽ തീരുമാനിച്ചത്. പരാതികൾ വന്നാൽ പരിശോധിക്കുന്നതിന് ഒരു നോഡൽ ഓഫീസറായി ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ ഒരാളെ ചുമതലപ്പെടുത്തുമെന്ന് പറഞ്ഞു. പക്ഷേ ആ തീരുമാനപ്രകാരം കാര്യങ്ങൾ നടക്കുന്നില്ല. പോലീസ് ഡിപ്പാർട്ടുമെന്റിലെ ആർത്തി മൂത്ത ചില ഉദ്യോഗ സ്ഥൻമാർ കേരളം മുഴുവൻ നടന്ന് ഈ മേഖലയിൽ പണപ്പിരിവ് നടത്തുക യാണ്. അതിൽ ഏറ്റവും വലിയ ആശാനാണ് കോഴിക്കോട് ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് വത്സൻ. ഇത് കർശനമായി തടയണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രികൂടി ഇക്കാര്യം ശ്രദ്ധിക്കണം. ലക്ഷക്കണക്കിന് അഭ്യ സ്തവിദ്യരായ ചെറുപ്പക്കാർക്ക് നിയമമനുസരിച്ച് ജോലി ചെയ്യാൻ സ്വാതന്ത്ര്യം നൽകേണ്ടതാണ്. ഒരു സമഗ്രമായ നിയമവും ഈ കാര്യത്തിൽ ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണമെന്നുകൂടി അഭ്യർത്ഥി ക്കുകയാണ്.

**മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിലെ പ്രക്ഷോഭം**

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ബഹു മാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആഭ്യന്തര വകുപ്പുമന്തിയുമൊക്കെ പങ്കെടുത്തിരുന്നു. ഒരു നോഡൽ ഓഫീസറെ നിയമി ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗൈഡ്ലൈനിൽ ഇപ്പോഴും ലൂപ്ഹോളുണ്ട് അതിനാൽ ആവശ്യമാണെന്നുണ്ടെങ്കിൽ നിയമനിർമ്മാണംതന്നെ വേണോ

എന്ന് ആലോചിക്കാനുള്ള തീരുമാനമുണ്ടായിട്ടുണ്ട്. സബ്മിഷന്റെ പശ്ചാത്തലത്തിൽ ഞാൻ മുഖ്യമന്ത്രിയുമായി വീണ്ടും സംസാരിച്ചിരുന്നു. ആ ലൈനിൽ മുന്നോട്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ഇത് അനവധി ചെറുപ്പക്കാർ ജീവിക്കുന്ന ഒരു ബിസിനസ് കൂടിയാണ്. മണി ചെയിനിന്റെ പേരിൽ നേരായ വഴിയിൽ ജീവിത മാർഗ്ഗം കണ്ടെത്തുന്നവരെ മുഴുൻ കുറ്റവാളികളായി കാണുന്നത് ശരിയല്ല എന്നുള്ള കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. ആ കാഴ്ചപ്പാട് തന്നെയാണ് ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ആ യോഗത്തിലെടുത്തത്. ആ ലൈനിൽ മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

**കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കിസാൻ സഭയുടെ പ്രവർത്തകർ കഴിഞ്ഞ ദിവസം മൂന്ന് മണി മുതൽ ഇന്ന് വെകിട്ടുവരെ സെക്രട്ടേറിയറ്റിനുമുന്നിൽ പലവിധ കാർഷിക ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സത്യാഗ്രഹം നടത്തുകയാണ്. കാർഷിക ഉല്പാദനത്തിന്റെ ചെലവ് വളരെ കൂടുകയാണെന്ന് അങ്ങേയ്ക്കുമറിയാവുന്നതാണ്. ഉല്പാദന ചെലവ് കൂടുമ്പോൾ വില തകരുകയാണ്. ചെയ്യുന്നത്. റബ്ബറിനും ഏലത്തിനും നാളികേരത്തിനുമൊക്കെ വിലയിടിയുകയാണ്. ഇത് ഒരു കാർഷിക പ്രതിസന്ധി കേരളത്തിലുണ്ടാക്കിയിട്ടുണ്ട്. ഇന്ത്യയിൽ പാമോയിൽ റേഷൻ കടകൾ വഴി കൊടുക്കുമ്പോൾ 15 രൂപ സബ്സിഡി കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നുണ്ട്. റേഷൻ കട വഴി വെളിച്ചെണ്ണയ്ക്ക് 15 രൂപ സബ്സിഡി കൊടുത്ത് വിതരണം ചെയ്യാൻ തീരുമാനിച്ചാൽ കേരളത്തിൽ വെളിച്ചെണ്ണയുടെ 50 ശതമാനം പ്രതിസന്ധി അവസാനിക്കും. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുതന്നെ ആവശ്യപ്പെട്ടതാണ്, പക്ഷേ എത്ര ആവശ്യ

പ്പെട്ടിട്ടും ഇതുവരെ കേന്ദ്രം അംഗീകരിച്ചിട്ടില്ല. പച്ച തേങ്ങ സംഭരിക്കാൻ തീരുമാനിച്ചെങ്കിലും കേരളത്തിൽ ഗ്രാമങ്ങളിലെ കർഷകർക്ക് പ്രയോജനകര മായ രീതിയിൽ അത് നടപ്പാക്കാൻ സാധിക്കുന്നില്ല. വരൾച്ചബാധിത പ്രദേശ മായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ദുരന്ത വിളകളായി കേരളത്തിലെ ഈ വിളകളെ പ്രഖ്യാപിച്ചാൽ മാത്രമേ കാർഷിക കടാശ്വാസ കമ്മീഷന് പുതിയ അവസ്ഥയിൽ അതിന്റെ പരാധീനതകൾ ഉള്ളവരുടെ ഏതെങ്കിലും തരത്തി ലുള്ള നിവേദനം സ്വീകരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ വിളക ളെയെല്ലാം ദുരന്ത വിളകളായി, നെല്ലിനെ ആദ്യം പ്രഖ്യാപിക്കുകയും നാമമാത്ര ചെറുകിട കർഷകരുടെ ഒരു ലക്ഷം രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനിക്കുകയും ബാക്കിയുള്ളതിന് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. ഈ നടപടികൾ അടിയന്തരമായി സ്വീകരിച്ച് കേരളത്തിലെ കാർഷിക ഉല്പാദന ചെലവും കാർഷിക വിളകളുടെ വിലത്തകർച്ചയുംകൊണ്ട് കഷ്ടപ്പെടുന്ന കർഷകരെ സഹായിക്കുന്നതിനുള്ള സമഗ്രമായ ഒരു പ്രോജക്ട് അവതരിപ്പിക്കുകയും നട പ്പിലാക്കുകയും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ സഹായം നൽകുകയും വേണം.

**കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട അംഗവും മുൻമന്ത്രിയുമായ ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്ന ങ്ങളാണ്. ഒരു കാര്യം ഉറപ്പുതരാം, വിളകളൊന്നും ദുരന്ത വിളകളായി പ്രഖ്യാ പിക്കേണ്ട ആവശ്യം വരുന്നില്ല. ദുരന്തവിളകൾ ആകാതിരിക്കാനുള്ള

സംരക്ഷണം മുഴുവനും സർക്കാർ നൽകുന്നതാണ്. കാർഷിക മേഖലയും അനുബന്ധമേഖലയും നേരിടുന്ന വിലത്തകർച്ചയും കർഷകർ നേരിടുന്ന പ്രതിസന്ധിയും പരിഹരിക്കുന്നതിനായി സർക്കാർ പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത്, ഇപ്പോൾ കർഷകർക്ക് കൂടുതൽ പ്രയോജനം ചെയ്യുന്നതിനായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 600 കൃഷിഭവനുകളിലൂടെ പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കൊപ്രയാക്കി കേരഫെഡ് മുഖേന നാഫെഡിന് കൈമാറാനുള്ള പദ്ധതി 10-12-12-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൊത്തം 21 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയിൽ കൃഷിഭവനുകൾക്ക് 2 ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകിക്കൊണ്ട് കിലോയ്ക്ക് 14 രൂപ നിരക്കിലാണ് സംഭരണം നടത്തുന്നത്. പുതുവത്സരത്തിൽ ജനുവരി 1-ന് കൊല്ലം കരുനാഗപ്പള്ളിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഭരണത്തിന് തുടക്കം കുറിക്കുകയാണ്. നാളികേരത്തിന് പുറമേ നെൽകർഷകരെ രക്ഷിക്കുന്നതിനായി താങ്ങുവില പദ്ധതി പ്രകാരമുള്ള സംഭരണപദ്ധതി നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം തന്നെ 6 മൊത്തവ്യാപാര വിപണികളിൽ സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറി തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾ നേരിട്ടെത്തിച്ച് ലേലം നടത്തി വിപണനം ചെയ്യുന്നതിനുള്ള പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ഓരോ ഉൽപ്പന്നങ്ങളുടെയും അടിസ്ഥാന വില മുൻകൂട്ടി നിശ്ചയിച്ചിട്ടാണ് ലേലം നടത്തുന്നതെന്നതിനാൽ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നു. ലേലങ്ങളിൽ വില താഴ്ന്നുപോകാതിരിക്കുന്നതിന് ഹോർട്ടികോർപ്പ് എല്ലാ മേഖലകളിലും പങ്കെടുക്കുന്നു. കർഷകരുടെ താൽപ്പര്യം മുൻനിർത്തി ഓരോ വിപണിയോട് അനുബന്ധിച്ച്

ഇപ്പോൾ പ്രവർത്തിക്കുന്ന കർഷക ഗ്രൂപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടികൂടി സ്വീകരിക്കുന്നു. ഇവിടെ വെളിച്ചെണ്ണയുടെ കാര്യം സൂചിപ്പിച്ചു. വളരെ ഗൗരവത്തോടുകൂടിത്തന്നെ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അതിന് പരിഹാരം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബാക്കി കാര്യങ്ങളെല്ലാം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ആനത്തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും**

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, നമ്മുടെ നാട്ടിൽ ക്ഷേമനിധിയും പെൻഷനും ഇല്ലാത്ത ഒരു തൊഴിലാളി വിഭാഗവുമില്ല. അതേസമയം ആനത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം കിട്ടുന്നില്ല. ഉത്സവങ്ങൾക്കും പൂരങ്ങൾക്കുമുള്ള എഴുന്നള്ളിപ്പിനായി സംസ്ഥാനത്ത് 600-നടുത്ത് നാട്ടാനകളുണ്ട്. ഇവയെ പരിപാലിക്കുന്നതിന് പാപ്പാന്മാരും എഴുന്നള്ളിപ്പിന് ആനപ്പുറത്ത് കയറുന്നവരുമടക്കം 5000-ത്തോളം ആനത്തൊഴിലാളികൾ സംസ്ഥാനത്തുണ്ട്. ഇവരുടെ തൊഴിൽസാഹചര്യവും ജീവിതസാഹചര്യവും വളരെ കഷ്ടത നിറഞ്ഞതാണ്. ഭീതിയോടുള്ള തൊഴിലും ഉത്സവകാലങ്ങളിൽ രാത്രിയും പകലും തുടർച്ചയായി ഉറക്കമൊഴിവാക്കിക്കൊണ്ടുള്ള തൊഴിലുമാണ് പാപ്പാന്മാരുടേത്. എന്നാൽ ഇതിനനുസൃതമായ ജീവിത സുരക്ഷിതത്വം ആനത്തൊഴിലാളികൾക്കില്ല. സംസ്ഥാനത്ത് ഒട്ടുമിക്ക തൊഴിൽമേഖലയിലെ തൊഴിലാളികൾക്കും ക്ഷേമനിധിയും പെൻഷനും ലഭിക്കുന്നുണ്ട്. ആനത്തൊഴിലാളികൾക്ക് മാത്രം ഇതുവരെ ക്ഷേമനിധിയും പെൻഷനും ഉണ്ടായിട്ടില്ല. അതിനാൽ ക്ഷേമനിധിയും പെൻഷനും ആനത്തൊഴിലാളികൾക്ക് കൂടി ഏർപ്പെടുത്തുന്നതിന് നടപടിയുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. നിലവിലുള്ള

ഏതെങ്കിലും ക്ഷേമനിധിയിലോ അല്ലെങ്കിൽ ഗവൺമെന്റ് വിഭാവനം ചെയ്യുന്ന പുതിയ പദ്ധതികളിലോ ഇവരെ ഉൾപ്പെടുത്താനുള്ള തീരുമാനമുണ്ടാകണം.

**ആനത്തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ആനത്തൊഴിലാളികൾ എണ്ണത്തിൽ കുറവായതുകൊണ്ടാണ് പ്രത്യേക ക്ഷേമനിധി രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല, ഉദ്ദേശിക്കുന്നുമില്ല. എന്നാൽ ഇപ്പോൾത്തന്നെ കൈത്തൊഴിലാളി-വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്താവുന്നതാണ്. ഇതിൽ കുറച്ചുപേർ ചേർന്നിട്ടുമുണ്ട്. ആവശ്യമായ പബ്ളിസിറ്റി ആ മേഖലയിൽ ഇല്ലാത്തതുകൊണ്ടായിരിക്കാം കൂടുതൽ പേർ അറിയാതെ പോയത്. ആനത്തൊഴിലാളികളെ ഈ പദ്ധതിയുടെ ഭാഗമാക്കുന്നതുകൊണ്ട് നിലവിൽ കിട്ടുന്ന ആനുകൂല്യങ്ങൾ എല്ലാവർക്കും കിട്ടുന്നതായിരിക്കും. പുതിയ ഒരു ക്ഷേമനിധിയും ഉൾപ്പെടുത്തുന്നില്ല.

**ബീഡി വ്യവസായത്തിലെ പ്രശ്നങ്ങൾ**

ശ്രീ. കെ. കെ. നാരായണൻ : സർ, ബീഡിവ്യവസായത്തിലെ തകർച്ച സംബന്ധിച്ചാണ് ഈ സബ്മിഷൻ. പുകവലിക്ക് എതിരായുള്ള പ്രചരണവും അതുപോലെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിച്ച നിലപാടുകളും ചേർന്ന് കേരളത്തിലെ ബീഡി വ്യവസായം മിക്കവാറും തകർന്നുകഴിഞ്ഞു. കണ്ണൂർ ദിനേശ്ബീഡിയിൽ 42000 തൊഴിലാളികൾ ഉണ്ടായിരുന്നത് 7000-ആയി ചുരുങ്ങി. കണ്ണൂർ സാധു ബീഡിയിൽ 10000 തൊഴിലാളികൾ ഉണ്ടായിരുന്നത് 700 ആയി ചുരുങ്ങി. സംസ്ഥാനത്തിന്റെ മറ്റ് പല ഭാഗങ്ങളിലുള്ള

ബീഡി കമ്പനികളും ഇത്തരത്തിൽ തകരുകയാണ്. ഒരുലക്ഷത്തിൽപ്പരം തൊഴിലാളികൾക്ക് ഇങ്ങനെ തൊഴിൽ നഷ്ടപ്പെട്ടു. ഇതിന്റെ ഫലമായി ജീവിതം വഴിമുട്ടി നിൽക്കുന്ന ബീഡിത്തൊഴിലാളികളെ സംരക്ഷിക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ, മാസംപ്രതി 3000 രൂപാവീതം പെൻഷൻ കൊടുക്കാൻ കഴിയുന്ന ഒരു പദ്ധതി കേന്ദ്രസർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നു. ആ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ അതിന്റെ 20 ശതമാനം ബാദ്ധ്യത സംസ്ഥാന സർക്കാർ വഹിക്കാമെന്നും പറഞ്ഞിരുന്നു. അന്ന് ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ മുന്നോട്ട് വച്ച ഈ പദ്ധതി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നേടിയെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? അതുവഴി തകർന്ന ബീഡി വ്യവസായം സംരക്ഷിക്കാൻ ആവശ്യമായ കാര്യങ്ങൾ സർക്കാർ ചെയ്യുമോ?

## ബീഡി വ്യവസായത്തിലെ പ്രശ്നങ്ങൾ

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലപാടുകൊണ്ട് മാത്രമല്ല. രാജ്യമെമ്പാടും ലോകമെമ്പാടും പുകവലിക്ക് എതിരെയുള്ള ബോധവൽക്കരണവും ശക്തമായ നടപടിയും കൈക്കൊണ്ടുവരികയാണ്. സമൂഹമാകെയാണ് ആ മാറ്റത്തിന്റെ ഭാഗമായിരിക്കുന്നത്. അതുകൊണ്ട് ഈ വ്യവസായത്തെ സംരക്ഷിക്കാനും നിലനിർത്താനും നമുക്കൊന്നും ചെയ്യാൻ കഴിയില്ല. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അവരെ പുനർവിന്യസിക്കുക യെന്നുള്ളതും റിട്ടയർ ചെയ്ത പ്രായമായ തൊഴിലാളികൾക്ക് ആശ്വാസ

പദ്ധതി നടപ്പാക്കുകയെന്നതും ഗവൺമെന്റ് ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

## ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ബാലുശ്ശേരി മണ്ഡലത്തിൽ ഇതുവരെ ഒറ്റ ഗവൺമെന്റ് കോളേജുമില്ല. വേണ്ടത്ര ഗതാഗത സൗകര്യവുമില്ല. ഗ്രാമീണ -മലയോര പ്രദേശമാണ് ബാലുശ്ശേരി. രണ്ടോ മൂന്നോ ബസ്സുകൾ കയറി വേണം കുട്ടികൾ നഗരത്തിലുള്ള കോളേജിൽ പോകാൻ. പട്ടികജാതി-പട്ടിക വർഗ്ഗക്കാർ ഏറെയുള്ള ഈ മണ്ഡലത്തിൽ 11 ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളും 2 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും 2 ഹൈസ്കൂളുകളും നിലവിലുണ്ട്. ഇതുകൂടാതെ നിരവധി ട്യൂട്ടോറിയൽ കോളജുകളുമുണ്ട്. അത്രത്തോളം ജനസംഖ്യ അവിടെയുണ്ടെന്നാണ് അതിന്റെ അർത്ഥം. എം.എൽ.എ. യുടെ 'എന്റെ സ്കൂൾ' പദ്ധതിയുടെയും സർക്കാരിന്റെ ഹയർ സെക്കണ്ടറി സ്കൂൾ നവീകരണ പദ്ധതിയുടെയും ഭാഗമായി ഹൈസ്കൂളുകൾ നവീകരിക്കുന്നതും പുതിയ ഭൗതിക സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുന്നതുകൊണ്ടും നല്ല പഠനസൗകര്യമാണ് അവിടത്തെ കോളേജുകൾക്ക് ഉണ്ടാകാൻ പോകുന്നത്. അതേസമയം പഠന നിലവാരവും വിജയശതമാനവും വർദ്ധിക്കുന്നുണ്ട്. സാംസ്കാരികമായും കായികമായും ദേശീയശ്രദ്ധ നേടിയ മിടുക്കന്മാരും മിടുക്കികളുമായിട്ടുള്ള നിരവധി പ്രതിഭകൾ ഈ മണ്ഡലത്തിലുണ്ട്. പ്രത്യേക പരിഗണന നൽകി ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Uncorrected / Not for publication

## ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ, 9 പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പട്ടികജാതി സംവരണമണ്ഡലമായ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ സർക്കാർ കോളേജ് അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പിന്നോക്ക പ്രദേശങ്ങളിലെ പാവപ്പെട്ട കുട്ടികൾക്ക് മതിയായ വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്ന കാര്യത്തിൽ സർക്കാർ ബദ്ധശ്രദ്ധമാണ്. എന്നാൽ സർക്കാർ തലത്തിലോ എയ്ഡഡ് തലത്തിലോ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. പ്രസ്തുത തീരുമാനമെടുക്കുന്നതോടൊപ്പം നിർദ്ദിഷ്ട കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യത, കെട്ടിട നിർമ്മാണം, അധിക സാമ്പത്തിക ബാദ്ധ്യത, ആരംഭിക്കേണ്ട കോഴ്സുകൾ, കോളേജ് പ്രവർത്തിക്കുന്നതിനാവശ്യമായ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനം സംബന്ധിച്ച വിശദവിവരം എന്നിവകൂടി പരിഗണിക്കേണ്ടതുണ്ട്. സർക്കാർ തലത്തിലോ എയ്ഡഡ് തലത്തിലോ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും നിർദ്ദേശങ്ങളും ശുപാർശകളും ലഭ്യമാക്കാനും അവ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ അഭിപ്രായം കൂടി ആരാഞ്ഞ് ശുപാർശ വിശദമായി പരിശോധിച്ച് മുൻഗണനാക്രമത്തിൽ ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാനാണ് സർക്കാർ ആലോചിക്കുന്നത്.

**മലപ്പുറം ഓഫ് ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേരളത്തിന് വളരെ പ്രതീക്ഷയോടുകൂടി ലഭിച്ച ഒരു അവസരമായിരുന്നു അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ മലബാറിലെ വിദ്യാഭ്യാസ പ്രതീക്ഷകൾക്കൊക്കെ നേതൃത്വം കൊടുത്തിട്ടുള്ള ഒരു ഓഫ് ക്യാമ്പസ്. മലപ്പുറത്തെ ആ ഓഫ് ക്യാമ്പസ് ഇപ്പോൾ തുടങ്ങിയടത്തുതന്നെ നിൽക്കുകയാണ്. കേന്ദ്ര സർക്കാൽ പണം അനുവദിക്കാത്തതിനാൽ ദൈനംദിന പ്രവർത്തനങ്ങൾപോലും താളംതെറ്റുന്ന അവസ്ഥയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. എൽ.എൽ.ബി., എം.ബി.എ. കോഴ്സുകൾ മാത്രമാണ് ഇപ്പോൾ അവിടെ ഉള്ളത്. 400 കോടി രൂപ സെന്ററിന് അനുവദിക്കുമെന്ന് പറഞ്ഞിരുന്ന കേന്ദ്ര ഗവൺമെന്റ് 75 കോടി രൂപയാണ് അനുവദിച്ചത്. ഒന്നാം ഘട്ടത്തിൽ 140 കോടി രൂപയുടെ പദ്ധതി സമർപ്പിക്കപ്പെട്ടെങ്കിലും കേന്ദ്രഗവൺമെന്റ് ഇന്നേവരെ പ്രതികരിച്ചിട്ടില്ല. ഈ അവസ്ഥയിൽ സ്ഥലസൗകര്യം ഇല്ലാത്തതുകൊണ്ട് അടുത്ത വർഷം പുതിയ ബാച്ചുകൾ ആരംഭിക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. അവിടെ ഡയറക്ടർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും കരാറടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്. സെന്ററിന്റെ ഗുണം പൂർണ്ണതോതിൽ ലഭ്യമാകണമെങ്കിൽ വിഭാവനം ചെയ്ത മെഡിക്കൽ, എഞ്ചിനീയറിംഗ്, ഡെന്റൽ, ആർട്സ്, സയൻസ് കോളേജുകൾ, പോളിടെക്നിക് എന്നിവയൊക്കെ യാഥാർത്ഥ്യമാകണം. അല്ലെങ്കിൽ കാലക്രമേണ സെന്റർ അടച്ചുപൂട്ടേണ്ട അവസ്ഥയുണ്ടാകും. ഒരു താല്ക്കാലിക കെട്ടിടത്തിലാണ് ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. താല്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിലെ ഒരു കുട്ടിയെ കഴിഞ്ഞ ദിവസം കരിന്തേൾ കുത്തിയിട്ട് പുറത്തുകൊണ്ടുപോകാൻ നിവർത്തിയില്ലാത്ത അവസ്ഥയുണ്ടായി. അവിടെ വാഹനസൗകര്യമില്ല, കുടിവെള്ളമില്ല. കുന്തി

പ്പുഴയിലെ രാമൻചാടി ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട് കുടിവെള്ളം ഉറപ്പുവരുത്താമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്നു, അത് നടന്നിട്ടില്ല. വൈദ്യുതി സബ്സ്റ്റേഷന് ഉറപ്പുകൊടുത്തിരുന്നു, ആ സബ്സ്റ്റേഷന്റെ പ്രവർത്തനം നടന്നിട്ടില്ല. കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച് പരിഹാരം കാണുമെന്ന് പറഞ്ഞിരുന്നു, അതും നടന്നിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ച കെട്ടിടങ്ങൾക്ക് ഇപ്പോൾ വാടകപോലും കൊടുക്കുന്നില്ല. ചെറുകര-ചേലാമല റോഡിനുവേണ്ടി സ്ഥലം ഏറ്റെടുത്തു, പക്ഷെ കൈമാറ്റം നടന്നിട്ടില്ല. ഫലത്തിൽ അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിക്ക് കേരളത്തിൽ ലഭിച്ചിട്ടുള്ള ഈ അവസരം നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. അതുകൊണ്ട് സർക്കാർ അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെട്ട് ആ സർവ്വകലാശാല ഓഫ് കാമ്പസിനെ പുഷ്ടിപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

## മലപ്പുറം ഓഫ് ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം സെന്ററിനുവേണ്ടി സംസ്ഥാന സർക്കാർ 40 കോടിരൂപ ചെലവിൽ ഏകദേശം 350 ഏക്കറോളം ഭൂമി ഏറ്റെടുത്ത് നൽകുകയുണ്ടായി. ഏറ്റെടുത്ത സ്ഥലത്ത് നിർമ്മാണപ്രവർത്തനം നടത്തുന്നതിനാവശ്യമായ ജലവിതരണം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. സെന്ററിന്റെ നിർമ്മാണത്തിനുവേണ്ടി കേന്ദ്രസർക്കാർ 75 കോടി രൂപ നൽകാമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതുവരെ 20 കോടി രൂപമാത്രമേ നൽകിയിട്ടുള്ളൂ. അനുവദിച്ച 20 കോടി രൂപയിൽ നിന്നും 18 കോടിരൂപ താല്ക്കാലിക കെട്ടിടങ്ങളുടെയും ചുറ്റുമതിലി

ന്റെയും നിർമ്മാണത്തിനായി ചെലവഴിക്കുകയുണ്ടായി. മലപ്പുറം സെന്ററിനുവേണ്ടിയുള്ള വിശദമായ സാധ്യതാ റിപ്പോർട്ട് (Detailed Feasibility Report), വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report), എക്സ്പെൻഡിച്ചർ ഫൈനാൻസ് കമ്മിറ്റി മെമ്മോ എന്നിവ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിനും പ്ലാനിംഗ്കമ്മീഷനും അംഗീകാരത്തിനായി നൽകിയിരുന്നു. പ്രസ്തുത ഗ്രാന്റ് പ്രൊപ്പോസലിന് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 20-7-2012-ൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ ശ്രീ. മോണ്ടേസിംഗ് അലുവാലിയയ്ക്ക് കത്ത് അയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിൽ ലഭിച്ച മറുപടിയിൽ 140 കോടി രൂപ ചെലവിൽ മലപ്പുറം സെന്റർ നിർമ്മാണത്തിന് പ്ലാനിംഗ് കമ്മീഷൻ തത്വത്തിൽ അംഗീകാരം നൽകിയതായും ഈ വിവരം കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിനെ അറിയിച്ചിട്ടുള്ളതായി മാനവവിഭവശേഷി മന്ത്രാലയം എക്സ്പെൻഡിച്ചർ ഫിനാൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി പ്രസ്തുത പ്രൊപ്പോസൽ സമർപ്പിക്കണമെന്നും പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിച്ചിരിക്കുകയാണ്. ചുരുക്കത്തിൽ അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം സെന്ററിന്റെ പൂർത്തീകരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ ആവുന്നതെല്ലാം ചെയ്യുന്നുണ്ടെന്നും അതിനെ എത്രയും വേഗം പ്രവർത്തിപഥത്തിലെത്തിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

**കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസ്**

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം മണ്ഡലത്തിലെ പുൽപ്പറ്റ പഞ്ചായത്തിൽ പൂക്കൊളത്തൂർ ആസ്ഥാനമായി കെ.എസ്.ഇ.ബി.യുടെ സെക്ഷൻ

ഓഫീസ് ആരംഭിക്കണമെന്നത് വർഷങ്ങളായുള്ള ഒരാവശ്യമാണ്. 20000-ൽ അധികം ഉപഭോക്താക്കളുള്ള മഞ്ചേരി നോർത്ത്, കീഴ്ശ്ശേരി, വള്ളുവമ്പ്രം, അരീക്കോട് എന്നീ സെക്ഷന്റെ കീഴിലാണ് പുൽപ്പറ്റ പഞ്ചായത്തിലെ ഉപഭോക്താക്കൾ ഉൾപ്പെടുന്നത്. ഈ നാലു സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിച്ചാൽ 15000-ൽ അധികം ഉപഭോക്താക്കൾ ഉൾക്കൊള്ളുന്നതായിരിക്കും. ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഒന്നര വർഷത്തിലധികമായി വൈദ്യുതി ബോർഡിന്റെ പരിഗണനയിലുള്ളതാണ്. 110 കെ. വി. കീഴ്ശ്ശേരി, 66 കെ. വി. മഞ്ചേരി, 33 കെ.വി. വള്ളുവമ്പ്രം എന്നീ കേഡറുകൾ ഉപയോഗിച്ച് പുൽപ്പറ്റ പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും മുടക്കമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിലൂടെ സാധ്യമാകും. ഈ ഭാഗത്ത് വൈദ്യുതി മുടക്കം ഉണ്ടാകുമ്പോൾ അപകടം സംഭവിച്ചാലും അറ്റകുറ്റപ്പണികൾക്കുമെല്ലാം 15 കി.മീ.-ഓളം ദൂരം വരുന്ന മഞ്ചേരി നോർത്ത് സെക്ഷനെയാണ് ആശ്രയിക്കേണ്ടിവരുന്നത്. സ്റ്റാഫിന്റെ കുറവും മറ്റും കാരണം കാര്യമായി കേസുകൾ അറ്റന്റ് ചെയ്യാനും തടസ്സം ഒഴിവാക്കാനും സാധിക്കാത്തസ്ഥിതി ഇന്ന് നിലവിലുണ്ട്. ബോർഡിന് സാമ്പത്തിക സേവന നഷ്ടം പരിഹരിക്കാനും വോൾട്ടേജ്ക്ഷാമം പരിഹരിക്കാനും ഇത് ഉപകരിക്കും. ഓഫീസിനാവശ്യമായ കെട്ടിടസൗകര്യം ഏർപ്പെടുത്താൻ ഗ്രാമപഞ്ചായത്തും ജനങ്ങളും തയ്യാറാണ്. അതുകൊണ്ട് എത്രയും വേഗം പൂക്കൊളത്തൂർ ആസ്ഥാനമായി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

## കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസ്

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇപ്പോൾ പുതിയ സെക്ഷൻ അനുവദിക്കുന്നത്, 20000-ൽ കൂടുതലോ 25000-ൽ കൂടുതലോ കൺസ്യൂമേഴ്സും 100 sq.k.m- ൽ കൂടുതൽ വിസ്തൃതിയുമുള്ള സെക്ഷനുകളാണ് വിഭജിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച മൂന്നു സെക്ഷനും ഈ നോംസിനകത്ത് വരുന്നില്ല. എന്നാൽ, ഈപ്രദേശം വളരെ പിന്നോക്കംകിടക്കുന്ന പ്രദേശമാണ്. അതെല്ലാം പരിഗണിച്ച് നമ്മുടെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് അടുത്ത് പരിഗണിക്കുന്നതിൽ ഇതും ഉൾപ്പെടുത്താൻ ശ്രമിക്കും.

## തൊട്ടിൽപാലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡീസൽ നിറയ്ക്കുന്നതിന് സംവിധാനം

ശ്രീ. ഇ. കെ. വിജയൻ: സർ, കെ.എസ്.ആർ.ടി.സി. തൊട്ടിൽപാലം ഡിപ്പോയുടെ വികസനവുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ട് അറിയാവുന്ന സ്ഥലംകൂടിയാണിത്. ഇത് വളരെ ലാഭകരമായി നടന്നുവന്ന ഒരു ഡിപ്പോ ആയിരുന്നു. 43 ബസുകൾ ഉണ്ടായിരുന്നു 40 ഷെഡ്യൂളുകൾ കൃത്യമായി നടത്തിയതായിരുന്നു. പക്ഷെ ഇപ്പോൾ ഒട്ടേറെ ബസ്സുകൾ കട്ടപ്പുറത്താണ്. സ്പെയർപാർട്സ് ഇല്ലാത്തതാണ് കാരണം പറയുന്നത്. അതോടൊപ്പം ഒരു ഡീസൽ പമ്പിനുള്ള എല്ലാ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. എന്നാൽ അത് ഇനിയും തുടങ്ങിയിട്ടില്ല. ഇതിനുവേണ്ടുന്ന സ്ഥലം മുഴുവൻ നൽകിയത് അവിടത്തെ ഗ്രാമപഞ്ചായത്താണ്. എം.എൽ.എ.ഫണ്ടുപയോഗിച്ചാണ് അതിന്റെ പശ്ചാത്തല സൗകര്യം ഒരുക്കിയിട്ടുള്ളത്. ഇപ്പോഴാണെങ്കിൽ ആസ്തിവികസന ഫണ്ടിൽ നിന്ന് 65

ലക്ഷം രൂപകൂടി കെ.എസ്.ആർ.ടി.സി.യുടെ അഭ്യർത്ഥനമാനിച്ച് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് കോഴിക്കോട്-ബാംഗ്ലൂർ, വടകര-ബാംഗ്ലൂർ എന്നീ റൂട്ടിലുള്ള വളരെ പ്രധാനപ്പെട്ട ഡിപ്പോയെന്ന നിലയ്ക്ക് മുഖ്യ പരിഗണന നൽകി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

**തൊട്ടിൽപാലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡീസൽ നിറയ്ക്കുന്നതിന് സംവിധാനം**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, തൊട്ടിൽപാലം ഡിപ്പോയിൽ 40 ഷെഡ്യൂളും 43 ബസുകളുമാണ് ഉള്ളത്. ഇതിൽ ചില ബസുകൾ മെയിന്റനൻസ് നിറുത്തിയിട്ടുണ്ട്. അത് നിറുത്താതെ കഴിയില്ല. സ്പെയർപാർട്സൊക്കെ ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. അത് സർവ്വീസിംഗിലാണ്. അതാണ് ഡോക്കിലുണ്ട് എന്നു പറയുന്നത്. അതിനു പുറമെ 2 ബസ് ശബരിമലയ്ക്ക് ഡൈവർട്ട് ചെയ്തിട്ടുണ്ട്. അത് എല്ലാ ഡിപ്പോകളിലും ചെയ്തിട്ടുണ്ട്. ശബരിമല സീസൺ കഴിഞ്ഞാൽ ഉടനെ അത് തിരിച്ച് ഡിപ്പോയിൽത്തന്നെ കൊടുക്കും. പിന്നെ പറഞ്ഞത്, ഫ്യൂവൽ സ്റ്റേഷന്റെ കാര്യമാണ്. ഫ്യൂവൽ സ്റ്റേഷൻ പണിയുന്നതിന് ആ പഞ്ചായത്ത് ഒന്നര ഏക്കർ സ്ഥലം തന്നിട്ടുണ്ട്. ഇന്ത്യൻ ഓയിൽ കോർപ്പറേഷനോട് ബാക്കിയുള്ള കാര്യങ്ങൾ അവിടെ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവർ അതിന്റെ ടെക്നിക്കൽ സൈഡൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. അത് കഴിഞ്ഞാൽ ഉടനെ തന്നെ ഫ്യൂവൽ സ്റ്റേഷനും പ്രാവർത്തികമാക്കും.

Uncorrected / Not for publication

## പ്രൈവറ്റ് ട്രാൻസ്പോർട്ട് സർവ്വീസ് നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, നമ്മുടെ പൊതുഗതാഗത രംഗത്ത് വലിയ സംഭാവനചെയ്യുന്ന പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് മേഖലയിലുള്ളവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. 35000-ഓളം ബസ് സർവ്വീസ് നടത്തിയ കേരളത്തിൽ ഇപ്പോൾ 15000 ആയി ചുരുങ്ങിയിരിക്കുകയാണ്. പല സ്ഥലങ്ങളിലും പുതിയ ബസുകളും എ.സി. ബസുകളും വരുമ്പോൾ, പ്രത്യേകിച്ച് മലബാർ മേഖലയിൽ ഈ രംഗത്തെ ബസിന്റെ വലിപ്പം കുറയുന്നു. ആളുകൾക്ക് കാല് നീട്ടി ഇരിക്കാൻ കഴിയുന്നില്ല. ആ വ്യവസായം വലിയ പ്രതിസന്ധിയിലും തകർച്ചയിലുമാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പാവപ്പെട്ടവരുടെ യാത്രാവാഹനമായിട്ടുള്ള ഈ സർവ്വീസിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സപ്പോർട്ടില്ല എന്നാണ് ആ രംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്നത്. ബസിന്റെ ഏജ് 15 വർഷമാണ്. ലോൺ എടുത്ത് ഒരു ബസ് വാങ്ങി സർവ്വീസ് ആരംഭിച്ച് അത് ലാഭത്തിലാകുമ്പോഴേയ്ക്കും ബസ് പ്രായ പൂർത്തിയാകുന്നു എന്നുള്ളൊരു പ്രശ്നമുണ്ട്. അതുകൊണ്ട് ബസിന്റെ ഏജ് 15 വർഷം എന്നുള്ളത് നീട്ടണമെന്ന ആവശ്യം അവർ ഉന്നയിക്കുന്നുണ്ട്. ഈ മേഖലയിലെ ഒരുപാട് പ്രതിസന്ധികളെ സംബന്ധിച്ച് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഉണ്ട്. അത് നടപ്പിലാക്കിയിട്ടില്ല എന്നുള്ള ഒരു പരാതിയും ആ മേഖലയിൽ നിന്നുണ്ട്. നമ്മുടെ ഗതാഗത നിയമത്തിൽ കാലോചിതമായ പരിഷ്ക്കരണം ആവശ്യമാണ്. ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സമഗ്രമായ ഒരു പരിപാടി അങ്ങ് നടപ്പിലാക്കുമോ?

## പ്രൈവറ്റ് ട്രാൻസ്പോർട്ട് സർവ്വീസ് നേരിടുന്ന പ്രശ്നങ്ങൾ

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ചില കാര്യങ്ങൾ ശരിയാണ്. കുറച്ച് പ്രയാസം ഈ വ്യവസായത്തിനുണ്ട്. ഏകദേശം 35000 ബസുകളുണ്ടായിരുന്നത് ഇപ്പോൾ 14000, 15000 ബസുകളായി ചുരുങ്ങിയിട്ടുണ്ട്. എന്നാൽ ഈ പ്രൈവറ്റ് ബസുകളെല്ലാം നഷ്ടത്തിലാണ് എന്നുപറയാൻ കഴിയില്ല. അതിന് പഴയതുപോലുള്ള ലാഭമില്ല എന്നതൊരു വസ്തുതയാണ്. അതേ അവസരത്തിൽ 15 വർഷമെന്നത് വർദ്ധിപ്പിക്കാൻ സാധിക്കില്ല. ഇന്ന് ആക്സിഡന്റ് കൂടിവരികയാണ്. 4000 ആളുകളാണ് കഴിഞ്ഞവർഷം ആക്സിഡന്റ് മുഖേന മരണപ്പെട്ടിട്ടുള്ളത്. ഈ സാഹചര്യത്തിൽ വളരെ പഴക്കം ചെന്ന ബസുകളാണെങ്കിൽ അത് ജനങ്ങളെ പ്രതികൂലമായി ബാധിക്കും. ആക്സിഡൻസ് കൂടും. 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്ട് 72 (2) അനുസരിച്ച് ഇതിനെ നിയന്ത്രിക്കാനുള്ള അധികാരം ആർ.ടി.ഒ.മാർക്കുണ്ട്. ആ അധികാരം വച്ചുകൊണ്ടാണിത് ചെയ്തത്. അത് തുടരേണ്ടതാണ്. എന്നാൽ ബസ് ഓപ്പറേറ്റേഴ്സിന് ചില പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ട്. അത് പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങളൊക്കെ ചെയ്യും. പിന്നെ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടത് ക്ഷേമനിധിയും പെൻഷനുമാണ്. ഇപ്പോഴുള്ള പെൻഷൻകൊണ്ടുതന്നെ ഗവൺമെന്റ് ആകെ പ്രയാസത്തിലാണ്. ഇനി ബസ് മുതലാളിമാർക്കും കൂടി പെൻഷൻ കൊടുക്കാൻ തുടങ്ങിയാലുള്ള അവസ്ഥ എന്താകും? പെൻഷൻ കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പറെപ്പോലെ ഞങ്ങൾക്കും ആഗ്രഹമുണ്ട്. അത് നടപ്പാക്കാൻ കഴിയുമോ എന്നുള്ള കാര്യം വളരെ സംശയമാണ്. ഏതായാലും അവരുടെ

പ്രയാസങ്ങൾ ലഘൂകരിക്കാൻവേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ഗവൺമെന്റ് ആലോചിച്ച് ചെയ്യുന്നതായിരിക്കും.

**മലബാർ സിമന്റ്സിലെ അഴിമതി സി. ബി. ഐ. അന്വേഷിക്കണമെന്ന ആവശ്യം സംബന്ധിച്ച്**

ശ്രീ. പി. സി. ജോർജ്: സർ, മലബാർ സിമന്റ്സിലെ മുൻ കമ്പനി സെക്രട്ടറി റ്റി. വി. ശശീന്ദ്രന്റെയും കുട്ടികളുടെയും ദാരുണമായ, ഭീകരമായ കൊലപാതകം കേരളത്തിലെ ജനങ്ങളെ ഞെട്ടിച്ചതാണ്. ചാക്ക് രാധാകൃഷ്ണ നെന്നയാളാണ് കൊലപാതകം നടത്തിയതെന്ന് സി. ബി.ഐ. അന്വേഷണത്തി ലൂടെ തെളിഞ്ഞുകൊണ്ടിരിക്കുന്നു. അഞ്ച് കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെ ട്ടത്. നാല് കേസുകൾ കോടതിയുടെ മുൻപിൽ വന്നു കഴിഞ്ഞു. അഞ്ചാമ തൊരു കേസ് കൂടിയുണ്ട്. സി. ബി. ഐ. അന്വേഷണത്തിനിടയിൽ ചാക്ക് രാധാകൃഷ്ണന്റെ സ്ഥാപനങ്ങൾ മുഴുവൻ റെയ്ഡ് ചെയ്തപ്പോൾ അയാളിൽ നിന്ന് പ്രസ്തുത കൊലപാതകത്തിലെത്തിച്ച ഈ കമ്പനിയിൽ നടന്ന കൊള്ളയുടെ രേഖകൾ സി.ബി.ഐ.ക്ക് കിട്ടിയിട്ടുണ്ട്. മലബാർ സിമന്റ്സിൽ നടന്ന അഴിമതി വ്യക്തമായി അന്വേഷിക്കാൻ കേരള സർക്കാർ സി.ബി.ഐ. യെത്തന്നെ ഏൽപ്പിച്ചേ മതിയാകൂ. സി.ബി.ഐ. യെ ഏൽപ്പിച്ചു കഴിഞ്ഞാൽ പല മാന്യൻമാരും ജയിലഴിയ്ക്കുള്ളിലാകും. യാതൊരു സംശയവും വേണ്ട. പക്ഷെ അതിനെ തകർക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുന്നു. അതു കൊണ്ടാണ് ഈസഭയിൽ ഇതുപറയാൻ കാരണം. നീതിമാനായിരുന്ന ശശീന്ദ്രൻ എന്ന ഉദ്യോഗസ്ഥന്റെ പിതാവ് ശ്രീ. വേലായുധൻ മാസ്റ്ററും ജനകീയ ആക്ഷൻ കൗൺസിൽ വൈസ് ചെയർമാൻ ശ്രീ. ജോയി കൈതാ രവും ചേർന്നു കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്തു. ഡബ്ല്യു. പി. (സി) 9666/2012 അതിൽ വളരെ വ്യക്തമായി

സി.ബി.ഐ. അഴിമതിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആ അഴിമതി കൂടി തെളിയിക്കണ്ടേ? എന്തിന് കൊലചെയ്യപ്പെട്ടു? ശശീന്ദ്രനെയും കുട്ടികളെയും മൃഗീയമായി തല്ലിക്കൊന്ന് കെട്ടിയത്, അഴിമതിക്കെതിരെ നിന്നുവെന്നുള്ളതുകൊണ്ടാണ്. ചാക്ക്രാധാകൃഷ്ണനെപ്പോലുള്ള കൊള്ളക്കാരെയും കശ്മലൻമാരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. ഇവർക്ക് സഹായം ചെയ്തുകൊടുത്ത രാഷ്ട്രീയ നേതാക്കൻമാർ ആരാണെന്നറിയണ്ടേ? ആരൊക്കെ ചേർന്നാണ് മലബാർ സിമന്റ്സിനെ കൊള്ളയടിച്ച് ഇല്ലാതാക്കിയത്? അത് കണ്ടെത്തുന്നതിന് സി.ബി.ഐ. അന്വേഷണം വേണം. സി.ബി.ഐ.യ്ക്ക് റിക്കാർഡ് മുഴുവൻ കിട്ടിയിട്ടുണ്ട്. സി.ബി.ഐ. അന്വേഷണം വേണമെന്ന് പറഞ്ഞ് ശശീന്ദ്രന്റെ പിതാവും ശ്രീ. ജോയി കൈതാരവും കൊടുത്ത കേസിന് ഗവൺമെന്റ് മറുപടി പറയേണ്ടതാണ്. ഗവൺമെന്റിന്റെ അഭിപ്രായം അറിയണം. ഗവൺമെന്റിന്റെ അഭിപ്രായം കോടതിയിൽ കൊടുക്കുന്നതിൽ വക്കീലൻമാർ കള്ളക്കളി നടത്തുന്നുണ്ടോയെന്ന് അന്വേഷിക്കണം. ഈ കേസ് ഈ വർഷം ഡിസംബർ 12-ാം തീയതി ഹൈക്കോടതിയുടെ മുൻപിൽ വന്നു, കോടതി വിധി പറയേണ്ടതാണ്. സി.ബി.ഐ.യ്ക്ക് കേസ് വിടുന്നതിന് ഗവൺമെന്റിന് എതിരില്ല. പക്ഷെ, അവിടെ ഹാജരായ വക്കീൽ ഗവൺമെന്റിന്റെ അഭിപ്രായം പറയാൻ മടിച്ചു എന്നുമാത്രമല്ല ഗവൺമെന്റിന്റെ അഭിപ്രായം രേഖപ്പെടുത്തിയില്ല. അതുകൊണ്ട് ഈ കൊള്ളയും കൊലപാതകവും അവസാനിപ്പിക്കാൻ, ചാക്ക് രാധാകൃഷ്ണനെപ്പോലുള്ള കൊള്ളക്കാർ രാഷ്ട്രീയ നേതാക്കൻമാരുടെ പിന്തുണയോടുകൂടി രാജ്യം കൊള്ളയടിക്കാനും കൊലപാതകം നടത്താനുമുള്ള അവസരമുണ്ടാ

ക്കാതെ ഈ അഴിമതി സംബന്ധമായി സി. ബി.ഐ. അന്വേഷിക്കണം എന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്.

**മലബാർ സിമന്റ്സിലെ അഴിമതി സി. ബി. ഐ. അന്വേഷിക്കണമെന്ന ആവശ്യം സംബന്ധിച്ച്**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് പറഞ്ഞ പൊതുവായ കാര്യത്തോടൊന്നും ഗവൺമെന്റിന് വിരോധമില്ല. മാത്രമല്ല, മലബാർ സിമന്റ്സിലെ മുൻ കമ്പനി സെക്രട്ടറി ശശീന്ദ്രന്റെയും കുട്ടികളുടെയും ദുരൂഹമരണം സി.ബി.ഐ.യ്ക്ക് വിട്ടുകൊണ്ട് **45/2011**/ ഹോം. പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മലബാർ സിമന്റ്സിലെ അഴിമതി സംബന്ധിച്ച് വിജിലൻസിൽ 3/2008, 7/2008, 8/2008, 1/2009, 8/2011 എന്നിങ്ങനെ അഞ്ചു കേസുകളുണ്ടായിരുന്നു. അതിൽ നാലെണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ് ഷീറ്റ് കൊടുത്തും അഞ്ചാമത്തെ കേസിന്റെ അന്വേഷണം നടത്തിവരികയുമാണ്. ചാർജ് ഷീറ്റ് ചെയ്ത നാല് കേസിലും തൃശ്ശൂർ വിജിലൻസ്കോടതി കേസ് നമ്പർ അലോട്ട് ചെയ്തിട്ടുണ്ട്. CC 32/2010, CC 22/2011, CC2/2011, CC34/2011. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷിച്ച് കോടതിയിൽ ചാർജ് ഷീറ്റ് ചെയ്തതടക്കം സി.ബി.ഐ. അന്വേഷണം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് മരണപ്പെട്ട ശശീന്ദ്രന്റെ പിതാവ് ശ്രീ. വേലായുധൻ മാസ്റ്റർ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 9666/2012 കേസാണ് നിലവിലുള്ളത്. നിലവിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി

വരുന്ന കേസുമായി ബന്ധപ്പെട്ട ഏത് കാര്യവും സി.ബി.ഐ.യുടെ അന്വേഷണത്തിന് വിട്ടുകൊടുക്കുന്നതിന് കേരള സർക്കാരിന് എതിർപ്പില്ല എന്നകാര്യം കേരള സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് പുതിയതായൊരു കാര്യം ഇവിടെ പറഞ്ഞു, അത് കേരള ഗവൺമെന്റ് എടുത്ത തീരുമാനം അഡ്വക്കേറ്റ് പ്രോപ്പറായ രൂപത്തിൽ കോടതിയിൽ റെപ്രസെന്റ് ചെയ്തോയെന്നുള്ളതാണ്. അക്കാര്യത്തിൽ വീഴ്ച പറ്റിയിട്ടുണ്ടോയെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

**കോഴിക്കോട് 'അരേടത്ത് പാലം അപ്പാർട്ട്മെന്റിൽ' വച്ച് പെൺകുട്ടികളെ പീഡിപ്പിച്ച സംഭവം പോലീസ് അന്വേഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്.**

ശ്രീ. എ. പ്രദീപ് കുമാർ: സർ, കോഴിക്കോട് അരേടത്ത് പാലം അപ്പാർട്ട്മെന്റ് പെൺവാണിഭകേസ് അട്ടിമറിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു എന്ന ഗൗരവമുള്ള പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികളെ പെൺവാണിഭ സംഘം കോഴിക്കോട് കേന്ദ്രീകരിച്ചും പിന്നീട് തിരുവനന്തപുരത്തും, തൃശ്ശൂരിലും, കോയമ്പത്തൂരും, മൈസൂരും, ഊട്ടിയിലും, ബാംഗ്ലൂരും കൊണ്ടു പോയി സംഘടിതമായി ലൈംഗിക പീഡനത്തിനിരയാക്കിയതാണ് പ്രശ്നം. ഈ സംഘത്തെ കോഴിക്കോട് അരേടത്ത് പാലം അപ്പാർട്ട്മെന്റിൽ വച്ച് പോലീസ് റെയ്ഡ് നടത്തി പിടികൂടുകയാണ് ചെയ്തത്. പിടിക്കപ്പെട്ടയാളുകളിൽ കക്കോടി ബ്ലോക്ക് യൂത്ത്കോൺഗ്രസ് പ്രസിഡന്റുൾപ്പെടെയുള്ള ഇരുപതോളം ആളുകളെയാണ് അറസ്റ്റ് ചെയ്തത്. നൂറിലധികം ആളുകൾ പ്രതികളാണെന്ന് പോലീസ് തന്നെ പറയുന്നുണ്ട്. ആദ്യ ഘട്ടത്തിൽ അത്യാവശ്യം നന്നായി നീങ്ങിയ അന്വേഷണം പിന്നീട് ഒന്നു നിലച്ച മട്ടിലാണ്. വളാഞ്ചേരി

യിലുള്ള ലീഗിന്റെ അവിടുത്തെ പ്രാദേശിക ഭാരവാഹികളുൾപ്പെടെയുള്ള ആൾക്കാർ പ്രതിപ്പട്ടികയിലുണ്ടെന്നും അവർക്ക് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചെന്നും, പുറപ്പെടുവിക്കുമെന്നും പല തരത്തിൽ പറയുന്നു. അവർ നാടുവിട്ട് കഴിഞ്ഞു. അവർക്കതിനുള്ള സാവകാശം കിട്ടി. ആ ഇഷ്യൂ പത്രങ്ങളിലെല്ലാം തുടർച്ചയായി വന്നു കൊണ്ടിരിക്കുകയാണ്. ജുഡീഷ്യൽ ഓഫീസർമാരും ഉദ്യോഗസ്ഥൻമാരും വ്യാപാര പ്രമുഖരുമെല്ലാം പ്രതികളാണെന്ന നിലയിൽ വാർത്തകൾ വരുന്നുണ്ട്. തൃശ്ശൂർകാരനായ വൻ ബിസിനസ്സുകാരൻ അവിടുത്തെ എസ്.ഐ. അപ്പാർട്ടുമെന്റിൽ വച്ച് പെൺകുട്ടിയെ പീഡിപ്പിച്ചതായി തെളിവ് കിട്ടിയിട്ടുണ്ട്. പെൺകുട്ടി ആ സ്ഥലം തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. പക്ഷെ അയാളെ അറസ്റ്റ് ചെയ്യുന്നതിന് പോലീസ് ഇതുവരെ തയ്യാറായിട്ടില്ല. ആദ്യം നല്ലനിലയിൽ നീങ്ങിയ അന്വേഷണം പിന്നീട് പ്രമുഖർ കക്ഷികളാണെന്ന് വന്നതോടുകൂടി അട്ടിമറിക്കപ്പെടുന്ന സാഹചര്യമാണുണ്ടാകുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയോട് പറയുന്നത്, പോലീസിനെ സ്വതന്ത്രമായിവിട്ട് ഈ കേസ് ശരിയായ നിലയിൽ അന്വേഷിച്ച് എല്ലാ കുറ്റവാളികളെയും അറസ്റ്റു ചെയ്തില്ലെങ്കിൽ അതിന് ഈ ഗവൺമെന്റും മന്ത്രിയെന്ന നിലയിൽ അങ്ങും വലിയവില കൊടുക്കേണ്ടി വരും. അതിനിട നൽകാത്തവിധത്തിൽ ഈ കേസിലെ പ്രതികൾ ആരായാലും പുറത്തു കൊണ്ടുവരാനുള്ള അന്വേഷണം നടക്കണമെന്ന വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്.

**കോഴിക്കോട് 'അരേടത്ത് പാലം അപ്പാർട്ട്മെന്റിൽ' വച്ച് പെൺകുട്ടികളെ പീഡിപ്പിച്ച സംഭവം പോലീസ് അന്വേഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്.**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങുപറഞ്ഞ അവസാനത്തെ വാക്കിനോടെനിക്ക് വിയോജിപ്പുണ്ട്. ആരെങ്കിലും ചെയ്ത വൃത്തികേടിന് ഞാൻ വിലകൊടുക്കണമെന്ന് പറഞ്ഞാൽ അത്ര വലിയ വിലക്കുറവ് എനിക്കില്ല. അതുകൊണ്ട് അതിനോട് മാത്രം ഞാൻ യോജിക്കുന്നില്ല. അങ്ങ് പറഞ്ഞ പോയിന്റുകളോടെല്ലാം ഞാൻ യോജിക്കുകയാണ്. അരേടത്തു പാലത്ത് റാണി അപ്പാർട്ടുമെന്റിലെ ജി-3 ഫ്ളാറ്റിൽ വേശ്യാവൃത്തി നടക്കുന്നതായി വിവരമറിഞ്ഞ് 23-10-2012 രാത്രി എട്ടുമണിയോടെ കോഴിക്കോട് മെഡിക്കൽ കോളേജ് സർക്കിൾ ഇൻസ്പെക്ടറും പാർട്ടിയും ചേർന്ന് റെയ്ഡ് നടത്തിയതിൽ മേൽപ്പടി ഫ്ളാറ്റിൽ നിന്ന് റീനാ ജോസഫ്, അസ്മാബി എന്നീ രണ്ടു സ്ത്രീകളെയും തോമസ് ജോസ്, കുഞ്ഞിപ്പക്കി എന്ന് വിളിക്കുന്ന സലീം, സത്താർ എന്നീ പുരുഷൻമാരെയും അറസ്റ്റ് ചെയ്തു. അവരെ ചേദ്യം ചെയ്തപ്പോൾ റീനാ ജോസഫിന്റെ മൊഴിയിൽ നിന്ന് തനിക്ക് പതിനാറ് വയസ്സുള്ള ഒരു മകളുണ്ടെന്ന് പറഞ്ഞു. മേൽപ്പടി പെൺകുട്ടിയെ അപ്പോൾ വീട്ടിൽ കാണാതിരുന്നതിനാൽ പിന്നീട് പോലീസ് ചോദ്യം ചെയ്തു. തന്നെയും ചേവായിലുള്ള മേൽപ്പറഞ്ഞ അസ്മാബിയുടെ പതിനാറ് വയസ്സുള്ള മകളെയും കുഞ്ഞിപ്പക്കി എന്ന് വിളിക്കുന്ന സലീം തുടങ്ങി കുറേപ്പേർ ഹൈദ്രാബാദിലും മറ്റുമുള്ള കുറേ സ്ഥലങ്ങളിലും കൊണ്ടുപോയി ലൈംഗികമായി പീഡിപ്പിച്ചുവെന്ന് പെൺകുട്ടി മൊഴിനൽകി. അതിന്റെയടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമം 366(a), 372, 373, 376, 109, 34 ഇമ്മോറൽ ട്രാഫിക് ആക്ട് 3,4,5,6,8,9

ജുവനൈൽ ജസ്റ്റിസ് ആക്ട് 23 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 568/2012 ആയി കോഴിക്കോട് മെഡിക്കൽകോളേജ് പോലീസ് കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ പതിനാറ് വയസ്സുള്ള മേൽപ്പടി പെൺകുട്ടികളെ നിരവധിപ്പേർ പല സ്ഥലത്തുവച്ചും പീഡിപ്പിച്ചിട്ടുണ്ടെന്ന് വെളിവായി. ഇതുപ്രകാരം മെഡിക്കൽ കോളേജ് പോലീസ്സ്റ്റേഷനിൽ 2 കേസുകളും നടക്കാവ് പോലീസ്സ്റ്റേഷനിൽ 8 കേസുകളും ആലത്തൂർ പോലീസ്സ്റ്റേഷനിൽ 3 കേസുകളും വെള്ളായിൽ പോലീസ്സ്റ്റേഷനിൽ ഒരു കേസും ചേവായൂർ പോലീസ്സ്റ്റേഷനിൽ 6 കേസുകളുമുൾപ്പെടെ 20 കേസുകൾ രജിസ്റ്റർ ചെയ്തു. ഈ കേസുകളുടെ അന്വേഷണം കോഴിക്കോട് നോർത്ത് പോലീസ് സ്റ്റേഷനിലെ പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം നടത്തി വരികയാണ്. ഇതുവരെയുള്ള അന്വേഷണത്തിൽ ഈ കേസിൽ അനേകം പ്രതികളുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ പെൺകുട്ടികളുടെ അമ്മമാരായ റീനാ ജോസഫ്, അസ്മാബി, പീഡനത്തിനിരയായ ഒരു പെൺകുട്ടിയുടെ രണ്ടാനച്ഛനായ തോമസ് ജോസ്, സിന്ധു എന്നു വിളിക്കുന്ന ഷൈനി എന്നിവർ 19 കേസുകളിലും പൊതുവായി പ്രതികളാണ്. ഈ കേസിൽ ഇവരുൾപ്പെടെ 21 പ്രതികളെ അറസ്റ്റ്ചെയ്ത് റിമാൻഡ് ചെയ്തു. മറ്റുള്ള പ്രതികളെ തിരഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനും കൂടുതൽ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുമായി പ്രത്യേക അന്വേഷണ സംഘം ഊർജിതമായ അന്വേഷണം നടത്തി വരികയാണ്. പീഡനത്തിനിരയായ രണ്ട് പെൺകുട്ടികളെയും വെള്ളിമാടുകുന്ന് സർക്കാർ ജുവനൈൽ ഹോമിൽ പാർപ്പിച്ചിരിക്കുകയാണ്.

## ഗുരുവായൂർ ടെമ്പിൾ, തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുകൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, കേന്ദ്ര ഇന്റലിജൻസ് ഏജൻസിയുടെ ശുപാർശ പ്രകാരം കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഗുരുവായൂർ ക്ഷേത്ര സുരക്ഷ ശക്തമാക്കുന്നതിനെ സംബന്ധിച്ച് ഒരു യോഗം ചേരുകയുണ്ടായി. ആ യോഗത്തിന്റെ അടിസ്ഥാനത്തിലെടുത്ത തീരുമാനങ്ങളൊന്നും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഗുരുവായൂർ ക്ഷേത്രത്തിന്റെ പ്രത്യേക പ്രൊട്ടക്ഷനുവേണ്ടി മാത്രമായി ഒരു ടെമ്പിൾ പോലീസ് സ്റ്റേഷൻ ഉണ്ടാകണമെന്ന് തീരുമാനിച്ചിരുന്നു. നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് തീരുമാനമെടുത്തിരുന്നു, പിന്നീട് ശ്രീ. ഉമ്മൻ ചാണ്ടി വന്നശേഷവും ആ തീരുമാനമെടുത്തു. പക്ഷേ അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഗുരുവായൂരിൽ സ്ഥിരമായി കവർച്ച ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും മോഷണ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ടെമ്പിൾ പോലീസ് സ്റ്റേഷൻ വേണമെന്ന ആവശ്യം ശക്തമായിരിക്കുന്നു. അവിടെ ക്ഷേത്ര കവാടങ്ങളിൽ ഭക്തരെ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ട്, അതുകൊണ്ട് മെറ്റൽ ഡിറ്റക്ടർ വ്യാപകമാക്കാൻ ആ യോഗത്തിൽ ഒരു തീരുമാനമെടുത്തു. പക്ഷേ അതും പ്രാവർത്തികമാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഗുരുവായൂർ പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് പോലീസ് ഇല്ലാത്ത പ്രശ്നം നിലനിൽക്കുന്നുണ്ട്. മറ്റു സ്ഥലങ്ങൾ പോലെയല്ല, ധാരാളം തീർത്ഥാടകർ വരുന്ന ഒരു സ്ഥലമായതുകൊണ്ട് പ്രത്യേകമായി പോലീസിനെ

അനുവദിക്കേണ്ടതുണ്ട്. ഇപ്പോൾ നിലവിലുള്ള സ്റ്റേഷൻ, ടെമ്പിൾ സ്റ്റേഷൻ എന്ന നാമകരണം ചെയ്തതുകൊണ്ട് പ്രത്യേക പ്രയോജനമുണ്ടെന്ന് തോന്നുന്നില്ല. ഗുരുവായൂർ ടെമ്പിളിനുവേണ്ടി പ്രത്യേകമായൊരു പോലീസ് സ്റ്റേഷൻ തന്നെ ഉണ്ടാക്കേണ്ടതുണ്ട്. കൂടുതൽ പോലീസിനെ നിയോഗിക്കേണ്ടതുണ്ട്. തീർത്ഥാടകരുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

## ഗുരുവായൂർ ടെമ്പിൾ, തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുകൾ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, സമയത്തിന്റെ ലാഭത്തിനുവേണ്ടി അങ്ങയോട് ഒരു നിർദ്ദേശം പറയുകയാണ്. ഏകദേശം ഇതേകാര്യങ്ങൾ പറഞ്ഞ് അഡീഷണലായി ഒരു പോയിന്റ് കൂടി ചേർത്ത് ശ്രീ. പി. എ. മാധവന്റെ ഒരു സബ്മിഷൻ കൂടിയുണ്ട്. അതുകൂടി ഉന്നയിക്കുകയാണെങ്കിൽ രണ്ടും കൂടി ഏറെക്കുറെ ഒരുമിച്ച് മറുപടി പറഞ്ഞ് ഈ പ്രശ്നത്തിന് പരിഹാരമാക്കാം. ഓരോന്നിനും വേണമെങ്കിൽ വിശദമായി പറയാൻ എന്റെ കൈയിൽ മറുപടിയുണ്ട്. അങ്ങ് സമയംചുരുക്കണമെന്ന് പറഞ്ഞതുകൊണ്ടും രണ്ടും ഒരേ വിഷയമായതുകൊണ്ടും ശ്രീ. പി. എ. മാധവൻ കൂടി അദ്ദേഹത്തിന്റെ വിഷയം ഉന്നയിച്ചാൽ രണ്ടിനും കൂടി ഒരുമിച്ച് എനിക്ക് മറുപടി പറയാൻ സാധിക്കും.

(ശ്രീ. പി. എ. മാധവൻ)

P 20.12.2012 -AR-JG-2
11.30-11.40

## ഗുരുവായൂർ ടെമ്പിൾ, തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുകൾ

ശ്രീ. പി. എ. മാധവൻ: സർ, ദശലക്ഷക്കണക്കിന് തീർത്ഥാടകർ ദർശനത്തിനെത്തുന്ന രാജ്യത്തെ തന്നെ ഒരു പ്രധാനപ്പെട്ട ക്ഷേത്രമാണ് ഗുരുവായൂർ ക്ഷേത്രം. ഗുരുവായൂർ ടൗണും ഗുരുവായൂർ ക്ഷേത്രവും വലിയ സുരക്ഷാ ഭീഷണി നേരിടുന്നതായി പലപ്പോഴും വാർത്തകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. സുരക്ഷയുടെ പേരിൽ ക്ഷേത്ര ദർശനത്തിനെത്തുന്ന ഭക്തർക്ക് പ്രയാസം നേരിടുന്ന വിധത്തിലുള്ള കർശന നിയന്ത്രണങ്ങളും ദേഹപരിശോധനയും ഏർപ്പെടുത്തുകയും അത് ഭക്തജനങ്ങൾക്കിടയിൽ വലിയ പരാതിക്ക് ഇട വരുത്തുകയും ചെയ്തു. ശ്രീ. കെ. വി. അബ്ദുൾ ഖാദറേയും എന്നെയും ഉൾപ്പെടെ ദേവസ്വം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്ത് ഒരു വർഷംമുമ്പ് 2011-ൽ പ്രത്യേക പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ സുരക്ഷാപരിശോധനയ്ക്കുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള തീരുമാനവുമെടുത്തിരുന്നു. അതുപോലെതന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഒരു പ്രത്യേക പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ട് മാസങ്ങളോളമായി. എങ്കിലും കാര്യങ്ങൾ ഇതുവരെയും കടലാസിൽ മാത്രമായി ഒതുങ്ങി നിൽക്കുകയാണ്. മെഡിക്കൽ കോളേജിന്റെ വിസ്തൃതമായ കോമ്പൗണ്ടിലിപ്പോൾ അന്യ സംസ്ഥാന തൊഴിലാളികളുടെ അനിയന്ത്രിതമായ ശല്യമാണെന്ന് നിത്യേന പത്രപംക്തികളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. മെഡിക്കൽ

കോളേജ് പോലീസ് സ്റ്റേഷൻ അനിവാര്യമായ ആവശ്യമായി മാറിയിരിക്കുകയാണ്. ഗുരുവായൂർ ക്ഷേത്രനഗരിക്കും ക്ഷേത്രത്തിനും മാത്രമായി ഒരു പോലീസ് സ്റ്റേഷനും അതുപോലെതന്നെ മെഡിക്കൽ കോളേജിന് മാത്രമായി ഒരു പോലീസ് സ്റ്റേഷനും തൃശ്ശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ അനിവാര്യമാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ അടിയന്തര തീരുമാനവും ശ്രദ്ധയും ഇക്കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)

P 20.12.2012 -AR-JG-2
11.30-11.40

## **ഗുരുവായൂർ ടെമ്പിൾ, തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുകൾ**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, തൃശ്ശൂർ നഗരത്തിലെ രണ്ട് എം.എൽ.എ.മാരായതുകൊണ്ടാണ്, രണ്ടുവശവും അവരുടെ രണ്ടാളുകളുടേതുമാണ്. അതുകൊണ്ട് ഒരു സാമൂഹിക നീതി നടക്കട്ടെ എന്നു കരുതിയാണ് ഞാൻ അങ്ങനെ പറഞ്ഞത്. ഇവിടെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഉന്നയിച്ച ആവശ്യം, 2011-ൽ കേന്ദ്ര ആഭ്യന്തരവകുപ്പ് ഗുരുവായൂർ ക്ഷേത്ര സുരക്ഷിതത്വം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് ചില നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഉന്നതതലയോഗം കൂടുകയുണ്ടായി. ഗുരുവായൂർ ക്ഷേത്രത്തിലും പരിസരത്തിലും സുരക്ഷ ഉറപ്പാക്കുന്നതിനും ക്ഷേത്ര പരിസരം 2 മേഖലകളായി തിരിച്ച് സുരക്ഷാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് അന്ന് തീരുമാനമെടുത്തത്. ക്ഷേത്രത്തി

ലെയും ക്ഷേത്രപരിസരത്തെയും സുരക്ഷാക്രമീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 2 സബ് ഡിവിഷനുകൾ നിർമ്മിച്ച് ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഗുരുവായൂർ പോലീസ് അസിസ്റ്റന്റ് കമ്മീഷണറായി നിയോഗിച്ചിട്ടുണ്ട്. ആംഡ് ഫ്ളൈയിംഗ് സെൻട്രിമാരെയും ആധുനിക സൗകര്യങ്ങളോടു കൂടിയ ക്വിക് റെസ്പോൺസ് ടീമിനെയും ക്ഷേത്ര പരിസരത്ത് നിയോഗിച്ചിട്ടുണ്ട്. ഐഡന്റിറ്റി കാർഡ് ധരിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. അവിടെ ക്ഷേത്ര പരിസരത്തുള്ള ഹോട്ടലുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ കൃത്യമായ പോലീസ് പരിശോധന നടത്തിവരുന്നുണ്ട്, അത് തുടരുകയും ചെയ്യുന്നതാണ്. പരിശീലനം കിട്ടിയ 22 പോലീസ് ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ ബോംബ് ഡിറ്റക്ഷൻ സ്ക്വാഡിനെ ക്ഷേത്രപരിസരത്ത് നിയോഗിച്ചിട്ടുണ്ട്. 96 സി.സി. ക്യാമറകൾ ക്ഷേത്രത്തിനകത്ത് സ്ഥാപിച്ചിട്ടുണ്ട്. അത് മോണിറ്റർ ചെയ്യുന്നതിന് പരിശീലനം നൽകിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെയും ദേവസ്വം സ്റ്റാഫിനെയും നിയോഗിച്ചിട്ടുണ്ട്. ശ്രീ. പി. എ. മാധവൻ ഇവിടെ സൂചിപ്പിച്ച സ്ത്രീകളായ ഭക്തജനങ്ങളെ പരിശോധിക്കുവാൻ പ്രത്യേക ക്യാബിനുകൾ ക്ഷേത്രനടയിൽ സ്ഥാപിച്ചിട്ടുണ്ട്. എ.പി. ബറ്റാലിയന്റെ അംഗസംഖ്യ ഒരു Platoon-ൽനിന്ന് രണ്ട് Platoon ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേത്രപരിസരത്തെ താൽക്കാലിക കൺട്രോൾ റൂം പ്രവർത്തനം തുടങ്ങി. തീപിടിത്തം, പൊട്ടിത്തെറി, ആനകൾ വിരണ്ടോടുന്ന അത്യാഹിതം തുടങ്ങിയവ നേരിടുന്നതിനായി വിശദമായ ഒരു ഇവാക്വേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ക്ഷേത്രത്തിൽ വരുന്ന വി.വി.ഐ.പി., വി.ഐ.പി. സെക്യൂരിറ്റി സംബന്ധിച്ച് ഒരു പ്രത്യേക ബന്തവസ് സ്കീം നടപ്പാക്കിവരുന്നു. ഇപ്പോൾ 5

ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ, 8 ഹാന്റ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ എന്നിവ സുരക്ഷാ പരിശോധനയ്ക്കുവേണ്ടി വിനിയോഗിക്കുന്നുണ്ട്. ക്ഷേത്ര സുരക്ഷ കൂടുതൽ ഉറപ്പുവരുത്തുന്നതിനുവേണ്ടി 31-10-2012-ൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയും ഞാനും ചേർന്ന് ഒരു യോഗം ചേരുകയുണ്ടായി. ആ യോഗത്തിൽ എല്ലാ ജനപ്രതിനിധികളെയും ദേവസ്വം ബോർഡിന്റെ പ്രസിഡന്റിനെയും ഭാരവാഹികളെയും വിളിച്ചിരുന്നു. ദേവസ്വം ബോർഡ് വച്ച ഒരു നിർദ്ദേശം, അവിടെ കെട്ടിടത്തെ സംബന്ധിച്ച; സ്ഥലത്തെ സംബന്ധിച്ച; ലൊക്കേഷൻ സംബന്ധിച്ച ഒരു തർക്കമുണ്ട്. ഹൈക്കോടതിയുടെ surveillance നടക്കുന്നതുകൊണ്ട് ഹൈക്കോടതിയുടെ പെർമിഷൻ കൂടി നമുക്ക് വേണം. ദേവസ്വം ബോർഡിനോട് സ്ഥലം കണ്ടെത്താൻ പറഞ്ഞു. ദേവസ്വം ബോർഡ് കണ്ടെത്തിയ സ്ഥലം, സത്യം പറഞ്ഞാൽ അത്ര വൃത്തിയുള്ള സ്ഥലമല്ല. ഞാൻ ആ സ്ഥലത്തിന്റെ പേര് പറയുന്നില്ല. അത് ഈ സഭയിൽ ചർച്ച ചെയ്യുന്നത് ശരിയല്ല എന്നുള്ളതുകൊണ്ടാണ്. ഏതായാലും അത് വന്നതുകൊണ്ടാണ്; ഒരു പോലീസ് സ്റ്റേഷന്റെ താഴെ ഒരു സബ് യൂണിറ്റ് എന്ന നിലയിൽ മറ്റൊരു പോലീസ് സ്റ്റേഷൻ തുടങ്ങുന്നത് ശരിയല്ല. അതുകൊണ്ട് എന്തു ചെയ്തു; ഇപ്പോൾ നിൽക്കുന്ന പോലീസ് സ്റ്റേഷനിൽ അത് ടെമ്പിൾ പോലീസ് സ്റ്റേഷനായി; ടെമ്പിൾ പോലീസ് സ്റ്റേഷന്റെ പേര് മാത്രമല്ല മാറുന്നത്, ഒരു ടെമ്പിൾ പോലീസ് സ്റ്റേഷനുകൊടുക്കേണ്ട എല്ലാ സൗകര്യങ്ങളും എല്ലാ സ്റ്റാഫിനെയും എല്ലാ വിധത്തിലുള്ള എക്വിപ്മെന്റ്സും; ഇപ്പറഞ്ഞ സുരക്ഷയ്ക്കുവേണ്ടിയുള്ള മേൽനോട്ടം വഹിക്കുന്ന മോണിറ്ററിംഗ് അടക്കം കൊടുത്തുകൊണ്ട് അതിനെ ടെമ്പിൾ പോലീസ് സ്റ്റേഷനാക്കി അപ്ഗ്രേഡ്

ചെയ്യുകയാണ്. അപ്പോൾ അവിടെ ഒരു പോലീസ് സ്റ്റേഷൻ നഷ്ടപ്പെടും. നഷ്ടപ്പെടുന്നത് ശരിയല്ല. അതുകൊണ്ട് അതേ പരിധിയിൽപ്പെട്ട ജനപ്രതിനിധികളുമായി ആലോചിച്ച് ഒരു പോലീസ് സ്റ്റേഷൻ അവിടെ പുതുതായി ആരംഭിക്കുകയും ചെയ്യാം. ഹൈക്കോടതിയുടെ surveillance-ൽ ക്ലിയറാകും. ടെമ്പിൾ പോലീസ് സ്റ്റേഷന്റെ എക്വിപ്മെന്റ്സ് എല്ലാം അവിടെയുണ്ടാകും. ആ പ്രദേശത്ത് ഒരു പോലീസ് സ്റ്റേഷൻ നഷ്ടപ്പെടാതെ ആ പോലീസ് സ്റ്റേഷൻ മറ്റൊരു സ്ഥലത്ത് നിങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലത്തേക്ക് മാറുകയും ചെയ്യും. അങ്ങേയ്ക്ക് ഒരു യോഗം വിളിക്കണമെങ്കിൽ യാതൊരു വിരോധവുമില്ല.

**വാളകത്തെ പോലീസ് എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനാക്കി ഉയർത്താൻ**

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കരയിൽ വാളകത്ത് പ്രവർത്തിക്കുന്ന പോലീസ് എയിഡ് പോസ്റ്റ് പോലീസ് സ്റ്റേഷനാക്കി ഉയർത്തണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വാളകമെന്ന സ്ഥലംതന്നെ നമുക്കിപ്പോൾ ചിരപരിചിതമാണ്. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ വാളകത്ത് കൃഷ്ണകുമാർ എന്ന് പറയുന്ന അദ്ധ്യാപകനെ ഭീകരമായി ആക്രമിക്കപ്പെട്ട രീതിയിൽ കണ്ട സ്ഥലത്തുതന്നെ, കഴിഞ്ഞ ആഴ്ച ഒരു പാറശ്ശാല സ്വദേശിയായ ഒരാളെ ഒരു രൂപയുടെ പ്രശ്നത്തിൽ അടിച്ചുകൊന്ന സംഭവവും ഉണ്ടായത്. അടിക്കടി പ്രശ്നങ്ങളാണ് ഇവിടെ ഉണ്ടാകുന്നത്. അതുപോലെ തൊട്ടടുത്തുള്ള തേവന്നൂരിൽ കഴിഞ്ഞയാഴ്ച വർഗ്ഗീയ സംഘട്ടനം നടന്നതിന്റെ ഫലമായി ആശുപത്രിയിൽ കിടക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ഇങ്ങനെ അടിക്കടി ഒട്ടേറെ പ്രശ്നങ്ങളുണ്ടാകുന്ന സ്ഥലമെന്നുള്ള നിലയിൽ, മാത്രമല്ല കൊട്ടാരക്കരയിൽ നിന്ന് 25 കി.മീ അകലെ

ചടയമംഗലത്താണ് ഒരു പോലീസ് സ്റ്റേഷൻ ഉള്ളത്. ഇത്രയും ദൂരത്തിന്റെ പ്രശ്നമുണ്ട്. അതുപോലെ എം.സി റോഡ് കടന്നുപോകുന്ന സ്ഥലത്ത് ധാരാളമായി അപകട പരമ്പരതന്നെയാണ് ഉണ്ടാകുന്നത്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എയിഡ് പോസ്റ്റ് അനുവദിച്ചു. ഇത് പോലീസ് സ്റ്റേഷനാക്കി ഉയർത്തിക്കൊണ്ട് അവിടത്തെ ജനജീവിതം സമാധാനപരമാക്കി തീർക്കുന്നതിന് ആവശ്യമായുള്ള നടപടി കൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

**വാളകത്തെ പോലീസ് എയിഡ് പോസ്റ്റ് പോലീസ് സ്റ്റേഷനാക്കി ഉയർത്താൻ**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞത് എയിഡ് പോസ്റ്റ് പോലീസ് സ്റ്റേഷ നാക്കുന്ന കാര്യമെന്നുപറഞ്ഞാൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ തന്നെ യാണ്. വാളകം ആസ്ഥാനമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണ മെന്ന് സംസ്ഥാന പോലീസ് മേധാവി ഒരു നിർദ്ദേശം നൽകിയിരുന്നു. സർക്കാർ അത് പരിശോധിച്ചു.ധനവകുപ്പിന്റെ കൂടി ക്ലിയറൻസ്, നമുക്കുള്ള ധനലഭ്യതയ്ക്ക് വിധേയമായി ആ പ്രശ്നം പരിഗണിക്കാവുന്നതാണ്.

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി**

ശ്രീമതി കെ. എസ്. സലീഖ: സർ, കേരളത്തിൽ സ്ത്രീകൾക്കെതിരാ യുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ള റിപ്പോർട്ടാണ് വന്നു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ 11 മാസത്തിനിടയിൽ 371 സ്ത്രീകൾ കൊല്ല പ്പെട്ടുവെന്നും ഒന്നര വർഷത്തിനിടയിൽ 1661 ബലാൽസംഗങ്ങൾ നടന്ന

തായും പ്രായപൂർത്തിയാകാത്ത 199 പെൺകുട്ടികൾ ഈ കാലയളവിൽ പീഡനത്തിനിരയായിയെന്നും ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി തന്നെ കഴിഞ്ഞ ദിവസം നിയമസഭയിൽ വെളിപ്പെടുത്തിയ കാര്യമാണ്. ഇതൊരു സർവ്വകാല റെക്കോർഡിലേക്കാണ് ഇക്കാര്യത്തിൽ കേരളം പോകുന്നത്. മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും ആധുനിക സൗകര്യ ങ്ങളുൾപ്പെടെ ഉപയോഗിച്ചുകൊണ്ട് പെൺകുട്ടികളുടെ മാനവും അഭിമാനവും തകർക്കുകയും അതിന്റെ പേരിൽ അവരെ ഉപയോഗിച്ചു കൊണ്ട് ബ്ലാക്ക്മെയിൽ ചെയ്യുകയുമാണ് ചെയ്യുന്നത്. മാനവും നഷ്ട്ടപ്പെട്ട് അവസാനം പണവും വാങ്ങിയെടുക്കുന്ന രീതിയിലേക്ക് ആളുകൾ ഇക്കാര്യ ങ്ങളെ ഉപയോഗിക്കുകയാണ്. അവർ സമൂഹത്തിൽ മാന്യരായി ജീവിക്കുക യാണ്. ഒട്ടേറെ പെൺകുട്ടികൾ ഇതിന്റെ പേരിൽ ആത്മഹത്യ ചെയ്യപ്പെട്ട സംഭവം കേരളത്തിന്റെ മന:സാക്ഷിയെത്തന്നെ ഞെട്ടിച്ച സംഭവങ്ങളാണെന്ന് നമുക്കറിയാം. സ്ത്രീകളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കപ്പെടേണ്ടത് ഒരു പരിഷ്കൃത ജനാധിപത്യ സമൂഹത്തിൽ അനിവാര്യമായ കാര്യമാണ്. മനുഷ്യപുരോഗതിക്കായി നാം ഉപയോഗിക്കുന്ന നൂതന സാങ്കേതിക വിദ്യ കളൊക്കെ സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നതിനായി ദുരുപയോഗപ്പെടുത്തുന്നത് നാം കാണാതിരുന്നുകൂടാ. നമ്മുടെ നഗരങ്ങളും പട്ടണങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിലിടങ്ങളും സ്വന്തം വീടുൾപ്പെടെ പലപ്പോഴും സ്ത്രീകൾക്കായിട്ടുള്ള കുറ്റകൃത്യങ്ങൾ അരങ്ങേ റുന്ന ഇടങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഞാൻ ഇവിടെ ആവശ്യപ്പെടുന്നത് ഇന്ത്യൻ പീനൽ കോഡിൽ പോലീസ് ആക്ടും ഐ.ടി. ആക്ടും രണ്ട് വകുപ്പുകളിലായി കിടക്കുകയാണ്. ഇങ്ങനെ രണ്ട്

വകുപ്പുകളിലായി വരുമ്പോൾ യഥാർത്ഥത്തിൽ കുറ്റവാളി രക്ഷപ്പെട്ട് പോകുന്ന സ്ഥിതിയുണ്ട്. അപ്പോൾ എല്ലാ മേഖലകളിലുമുള്ള സ്ത്രീക ളോടുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനുവേണ്ടി കേന്ദ്രവും സംസ്ഥാനവും നിയമങ്ങൾ പരിഷ്ക്കരിക്കുകയോ അതല്ലെങ്കിൽ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിന് സുപ്രീം കോടതി കഴിഞ്ഞ ഒക്ടോബർ 20-ന് പുറത്തിറക്കിയ ചില ഉത്തരവിനകത്ത് പറയുന്ന കാര്യങ്ങൾകൂടി വച്ചുകൊണ്ട് സ്ത്രീസുരക്ഷയ്ക്കായി പോലീസിന്റെ വകുപ്പും മറ്റെല്ലാ വകുപ്പുകളേയും ഏകോകിപ്പിച്ചുകൊണ്ട് ഒരു നിയമം കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. അതോടൊപ്പം ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജില്ലാ ആസ്ഥാനങ്ങളിൽ ഫാസ്റ്റ് ട്രാക്ക് കോടതി കൊണ്ടുവന്നുകൊണ്ട്......

മി. ഡെപ്യൂട്ടിസ്പീക്കർ: രണ്ടര മിനിറ്റ് കഴിഞ്ഞു.

ശ്രീമതി കെ. എസ്. സലീഖ: വളരെ പ്രധാനപ്പെട്ട വിഷയമാണ്.

മി. ഡെപ്യൂട്ടിസ്പീക്കർ: എല്ലാം പ്രധാനപ്പെട്ടതാണ്.

ശ്രീമതി കെ. എസ്. സലീഖ: കേരളത്തിലെ മന:സാക്ഷിയുടെ വിഷയമാണ്. ഫാസ്റ്റ് ട്രാക്ക് കോടതി ജില്ലാ കേന്ദ്രങ്ങളിൽ കൊണ്ടുവന്നു കൊണ്ട് മൂന്ന് മാസത്തിനകത്ത് കുറ്റവാളികളേയും അവരെ സഹായിക്കുന്ന വരേയും കർശനമായി ശിക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമ നടപടികൾ സ്വീകരിക്കുവാനാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വളരെ പ്രധാനപ്പെട്ടതും ജനസംഖ്യയിലെ ഭൂരിപക്ഷം വരുന്ന വിഭാഗത്തെ പ്രതിനിധീകരിച്ച് സംസാരിച്ചതുകൊണ്ടും എനിക്ക്

ഇതിന് ചെറിയ സമയം തരണം. ഇവിടെ അങ്ങ് comparative study പറഞ്ഞതുകൊണ്ട് അതനുസരിച്ച് പറയാം. 2002-ൽ number of registered crimes 4450 ആയിരുന്നു. 2010- ആയപ്പോൾ 597 ആയി കൂടി. ഇപ്പോൾ crime-ന്റെ എണ്ണം 759 ആയി വർദ്ധിച്ചു. അതിന് ഒരു കാരണവും കൂടി ഉണ്ടായിട്ടുണ്ട്. ഇവിടെ unwedded mothers......

ശ്രീമതി പി. അയിഷാ പോറ്റി : ............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ ശ്രീമതി സലീഖയോട് ഒന്ന് പറയുവാൻ സമ്മതിക്കൂ, നിങ്ങൾ തമ്മിൽ ഒടക്കുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. .........(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, യെസ്, പ്ലീസ് പ്ലീസ്............(ബഹളം)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എന്നോട് ചോദിക്കാം. സബ്മിഷൻ ഉന്നയിച്ച വ്യക്തിക്കാണ് ആദ്യത്തെ പ്രയോറിറ്റി കൊടുക്കുന്നത്. 140 എം.എൽ.എ.-മാർക്ക് സബ്മിഷൻ ഉന്നയിക്കാമായിരുന്നല്ലോ; അതിൽ ശ്രീമതി കെ.എസ്. സലീഖ മാത്രമല്ലേ ഉന്നയിച്ചുള്ളൂ. അവർക്കൊരു പ്രയേറിറ്റിയില്ലേ. അവർക്കൊരു പ്രയോറിറ്റിയും ഇല്ലായെന്നുള്ളതാണോ വാദം. ഉണ്ടെന്ന് തന്നെയാണ് എന്റെ വാദം. ഇവിടെ 2002-ൽ 450 ക്രൈമുകൾ രജിസ്റ്റർ ചെയ്തു. അതുകഴിഞ്ഞ് unwedded അമ്മമാരുടെ കേസ്സുകൾ എടുക്കുന്നനതിനുവേണ്ടി ഗവൺമെന്റ് തീരുമാനം എടുത്തു. 539 unwedded അമ്മമാരുടെ കേസുകൾ വന്നു. 2011-ലെ കേസുകളുടെ എണ്ണം 1115 ആയി വർദ്ധിച്ചു. ആ വർദ്ധനവ് ഉണ്ടാകാൻ കാരണം 29 കൊല്ലക്കാലം

പഴക്കമുള്ള കേസുകൾപോലും രജിസ്റ്റർ ചെയ്തത് 2011-ലാണ്. ഈ വർഷം കേസുകളുടെ എണ്ണം 825 ആയി കുറഞ്ഞിട്ടുണ്ട്. 2010-ൽ 2483 കേസ്സുകളാണ് outraging of modesty - നമ്മുടെ സഹോദരിമാരുടെ മാനം തകർക്കപ്പെട്ട തരത്തിലുള്ള കേസുകൾ വന്നത്. ഈ വർഷം ഏതാണ്ട് 2722 കേസ്സുകളാണ് ഉണ്ടായിട്ടുള്ളത്. 337 എന്ന ഒരു കണക്കാണ് ഇവിടെ പറഞ്ഞത്. പക്ഷേ, ഈ വർഷത്തെ കണക്കെന്നുപറയുന്നത് 110 ആളുകളാണ്. എന്നാലും ആ സംഖ്യയെ ഞാൻ ചെറുതായി കാണുകയല്ല. Comparative Study വരുകയാണെങ്കിൽ അതിൽ കുറവാണ്. ചില മാധ്യമങ്ങളിൽ അത് 357 എന്നുപറഞ്ഞ് പ്രൊജക്ട് ചെയ്ത് കാണിച്ചു. അതിവിടെ നടന്നിട്ടുള്ളത് 110 ആണ്. അതാണ് യഥാർത്ഥത്തിലുള്ള സ്ഥിതി. ഇവിടെ ഗവൺമെന്റ് ചെയ്ത ചില നടപടികളുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും തുടർച്ചയായ വർദ്ധനവ് കണ്ടുവരുന്നുണ്ട്. മുൻകാലങ്ങളിൽ കുടുംബത്തിന് പുറത്തുള്ളവരുടെ അതിക്രമങ്ങളാണ് സ്ത്രീകൾക്ക് കൂടുതലും നേരിടേണ്ടി വന്നതെങ്കിൽ ഇപ്പോൾ വീട്ടിനകത്തും സ്ത്രീകൾക്കും പെൺകുട്ടികൾക്കും കുടുബാംഗങ്ങളിൽ നിന്നും ബന്ധുക്കളിൽ നിന്നുമുള്ള പീഡനങ്ങൾ നേരിടേണ്ടി വരികയാണ്. എനിക്ക് പറയുവാൻപോലും വിഷമം തോന്നുകയാണ്. സ്വന്തം പിതാവും സഹോദരനും പ്രതിവർഗ്ഗത്തിൽ വന്ന് പെടുകയാണ്. ഇത് കഴിഞ്ഞ കുറേവർഷങ്ങളായി സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പല മാറ്റങ്ങളും ഇത്തരം അതിക്രമങ്ങൾ വർദ്ധിക്കുന്നതിന് പ്രധാനപ്പെട്ട കാരണങ്ങളാണ്. കുടുംബങ്ങളുടെ തകർച്ച, മദ്യാസക്തി,

മയക്കുമരുന്നിന്റെ ഉപയോഗം, മൊബൈൽ ഫോണിന്റെ ദുരുപയോഗം, സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലൂടെയുള്ള നിയന്ത്രണമില്ലാത്ത പ്രവർത്തനങ്ങളും സ്വാധീനവും പണത്തിനും മറ്റ് ലാഭങ്ങൾക്കുവേണ്ടിയുള്ള മനുഷ്യന്റെ ആസക്തി, മാനസിക വൈകല്യങ്ങൾ, ജനിതക തകരാറുകൾ തുടങ്ങിവയാണ് ഈ കുറ്റകൃത്യങ്ങൾ വർദ്ധിക്കുവാൻ കാരണമെന്നാണ് സൈക്കോളജിസ്റ്റുകൾ തന്നിട്ടുള്ള റിപ്പോർട്ടിലുള്ളത്. പോലീസിന്റെ നടപടി കൊണ്ടുമാത്രം സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുവാൻ കഴിയില്ല. പോലീസ് എടുക്കുന്ന നടപടികൾക്കൊപ്പം സാമൂഹിക അവബോധം വളർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു പുതിയ നിയമം ഉണ്ടാക്കുന്നതിനുവേണ്ടി ഈ നിയമസഭയിലെ വനിതാ അംഗങ്ങളടക്കം കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രശസ്ത രായിട്ടുള്ള വനിതാനേതാക്കളെയടക്കം, റെക്കഗ്നൈസ്ഡ് പൊളിറ്റിക്കൽ പാർട്ടിയുടെ വനിതാ നേതാക്കന്മാരെയടക്കം ഞങ്ങൾ ഒരു യോഗം വിളിച്ചുകൂട്ടി. അതിനുശേഷം സ്ത്രീകളുടെ ഡിഗ്നിറ്റിയും പ്രൈവസിയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമം ഉണ്ടാക്കുവാൻ ഞങ്ങൾ അവിടെ വച്ച് തീരുമാനിച്ചു. ഇവരുടെയെല്ലാം നിർദ്ദേശങ്ങൾ ഞങ്ങൾ അംഗീകരിച്ചു. അതിനുശേഷം ഞങ്ങൾ ഒരു ഡ്രാഫ്റ്റ് ബില്ലുണ്ടാക്കി, നിയമവകുപ്പിൽ കൊടുത്തു. നിമയവകുപ്പിൽ നിന്ന് അത് വെറ്റ് ചെയ്തു അടുത്തുതന്നെ നമുക്ക് ലഭിക്കുകയാണ്. ലഭിച്ചുകഴിഞ്ഞാൽ ഉടൻതന്നെ നിശ്ചയമായും പുതിയ നിയമം കൊണ്ടുവരുന്നതിൽ തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെ യൊരു നിയമം ഇന്ത്യൻ സംസ്ഥാനങ്ങളിലെ ആദ്യത്തെ നിയമമായിരിക്കും. അതാണ് ഈ സംസ്ഥാന ഗവൺമെന്റ് ചെയ്യുവാൻ പോകുന്നത്. ഇവിടെ

ഇത്തരം കുറ്റകൃത്യങ്ങൾ എങ്ങനെ കുറയ്ക്കാമെന്നതിനെ സംബന്ധിച്ച് സമഗ്ര മായ പഠനങ്ങളും നിർദ്ദേശങ്ങളും ആവശ്യമാണ്. പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ശരിയായ രീതിയിൽ അന്വേഷിക്കേണ്ടതും ശരിയായ വിധത്തിൽ കേസ്സുകൾ ചാർജ്ജ് ചെയ്യേണ്ടതുമാണ്. പ്രോസിക്യൂഷൻ ഭാഗത്തു നിന്ന് ഏതെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്ന തിനുവേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ട്. കേസുകളിൽ ശിക്ഷിക്കപ്പെ ട്ടിട്ടും എന്തുകൊണ്ട് അതിക്രമങ്ങൾ പെരുകുന്നുവെന്ന് പരിശോധിക്കുന്നതിന് പോലീസ് ഡിപ്പാർട്ടമെന്റിന്റെ തലപ്പത്ത് വനിതകളുടെ നേതൃത്വത്തിൽ നടപടി എടുക്കേണ്ടതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള പെൺവാണിഭം, ബലാൽസംഗക്കേസുകൾ മുതലായ കുറ്റകൃത്യങ്ങളിൽ അന്വേഷണം കൂടുതൽ ത്വരിതഗതിയിലും ഫലപ്രദമാക്കുന്നതിനുമുള്ള നടപടികളാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനായി ഗവൺമെന്റ് Women Investigation Team (WIT) -നെ രൂപീകരിക്കുന്നതാണ്. ഡോ. ബി. സന്ധ്യ, ശ്രീമതി ഉമാബെഹറ, ശ്രീമതി അജിതാ ബീഗം, കുമാരി ചന്ദൻചൗധരി ഇങ്ങനെയുള്ള നാല് ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വ ത്തിലുള്ള Women Investigation Team (WIT)-നെ നമ്മുടെ സംസ്ഥാനത്ത് ആദ്യമായി രൂപീകരിക്കുകയാണ്. അതോടൊപ്പംതന്നെ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള എല്ലാ കേസുകളുടെയും അന്വേഷണം ഈ ടീം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകും. ഗൗര വമുള്ള കേസുകൾ ഈ ടീം തന്നെ നേരിട്ട് അന്വേഷിക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിക്കുന്നത്. ഒരുകാര്യം കൂടി ചെയ്യേണ്ടി വരും അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് മറ്റ് നടപടികളിലേക്ക്

പോകണം. ഈ കേസുകളുടെ വിചാരണ ഫാസ്റ്റ് ട്രാക്ക് കോടതികളെ ഏൽപ്പിക്കുവാൻ വേണ്ട നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി ബന്ധപ്പെടുത്തുവാൻ കഴിയുമോയെന്ന് ഗവൺമെന്റ് പരിശോധിക്കുകയാണ്. അതുകൊണ്ട് ഇതുപോലുള്ള കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടിക്ക് എൻ.ജി.ഒ.-വേണം ബാക്കിയുള്ള സംഘടനകൾ വേണം. ഇത് കേരള ജനസമൂഹത്തിന് അപമാനകരമായ കാര്യമാണ്. ഗവൺമെന്റ് ചെയ്യാവുന്നത് പൂർണ്ണമായും ഗവൺമെന്റ് ചെയ്യുക. സാമൂഹ്യപ്രവർത്തകർക്ക് ചെയ്യാവുന്നത് പരിപൂർണ്ണമായി അവർ സഹകരിക്കുക. നാട്ടിൽ നമുക്ക് ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള പരിശ്രമം നടത്തുക. അതാണ് ഗവൺമെന്റിന്റെ നിലപാട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ചെയർ ഒരു കാര്യം കൂടി ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 12.30-ക്ക് ധനവിനിയോഗ ബിൽ എടുത്തേ തീരു. 26 സബ്മിഷൻ ഇനി ബാക്കിയുണ്ട്. സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങളും അതിന് മറുപടി പറയുന്ന മന്ത്രിമാരും വളരെ ചുരുക്കി മറുപടി പറയണമെന്ന് ഒരിക്കൽകൂടി ചെയർ അഭ്യർത്ഥിക്കുകയാണ്.

## <u>പാലക്കാട് വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ വീട്ടിൽ നടന്ന അതിക്രമം</u>

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ, പന്തപ്പറമ്പ്, മഹാലക്ഷ്മി നിവാസിൽ മയിൽസാമിയുടെ വീട്ടിൽ ഇന്ന് പുലർച്ചെ ഒരു അക്രമി കയറി 48 വയസ്സായ മയിൽസാമിയേയും 42 വയസ്സായ ഭാര്യ പുഷ്പലതയേയും 20 വയസ്സായ മകൾ നിത്യയേയും

വെട്ടിയും കുത്തിയും കൊലപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. അക്രമിയുടെ വെട്ടും കുത്തുമേറ്റ് മയിൽസാമിയുടെ ഭാര്യ പുഷ്പലത സംഭവസ്ഥലത്തു തന്നെ കൊല്ലപ്പെടുകയും മയിൽസാമിയും മകൾ നിത്യയും ഗുരുതരമായ പരിക്കുകളോടെ തൃശൂർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. അക്രമി വിഷം കഴിച്ച നിലയിൽ ആശുപത്രിയിലുമാണ്. ഗുരുതരമായ ഈ സംഭവത്തെ സംബന്ധിച്ച് ഉടനെ തന്നെ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

**പാലക്കാട് വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ വീട്ടിൽ നടന്ന അതിക്രമം**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ശ്രീ. എം. ചന്ദ്രൻ ഇപ്പോൾ എനിക്ക് തന്നതേയുള്ളൂ, ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ഇപ്പോൾ തന്നെ മറുപടിയും പറയുകയാണ്. പാലക്കാട് വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പന്തപ്പറമ്പ് മഹാലക്ഷ്മി നിവാസിൽ താമസിക്കുന്ന മയിൽസാമി, 52 വയസ്സ്; ഭാര്യ പ്രേമലത, 43 വയസ്സ്; മകൾ നിത്യാനന്ദ, 20 വയസ്സ് എന്നിവരെ ഇന്നേ ദിവസം (20/12/2012) വെളുപ്പിന് അഞ്ചര മണിയോടുകൂടി സ്ഥലവാസികളായ മണികണ്ഠന്റെ മകൻ പ്രസാദ് വീട്ടുവളപ്പിൽ കയറി വെട്ടി പരിക്കേൽപ്പിച്ചതിൽ പ്രേമലത ആലത്തൂർ ക്രെസന്റ് ആശുപത്രിയിൽ വച്ച് മരണപ്പെട്ടു. പരിക്കേറ്റ മറ്റ് രണ്ടുപേർ തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ചികിത്സയിലാണ്. പരിക്കേറ്റ നിത്യാനന്ദയുടെ നില ഗുരുതരമാണന്നറിയുന്നു. അതിലേക്ക് മയിൽ

സാമിയുടെ അനുജൻ മുരുകകുമാറിന്റെ മൊഴിപ്രകാരം ഇന്ത്യൻ ശിക്ഷാനിയമം 452, 307, 302 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 2252/12 ആയി വടക്കാഞ്ചേരി പോലീസ് സ്റ്റേഷൻ കേസ്സ് രജിസ്റ്റർ ചെയ്തു. പ്രതിയായ പ്രസാദും പരിക്കേറ്റ നിത്യാനന്ദയും ഒരേ നാട്ടുകാരും ഒരുമിച്ച് പഠിച്ചവരുമാണ്. ഇരുവരും സ്നേഹബന്ധത്തിലായിരുന്നു. എന്നാൽ ഇടയ്ക്കുവച്ച് നിത്യാനന്ദ ഈ ബന്ധത്തിൽ നിന്നും പിൻമാറി. അതിലുള്ള വിരോധമാണ് ഈ അക്രമത്തിന് കാരണം. ഈ സംഭവത്തിനുശേഷം മയിൽസാമിയുടെ വീട്ടിൽ ടെറസ്സിന് മുകളിൽ ഒളിച്ചിരുന്ന പ്രതി പ്രസാദ് അവിടെ വച്ച് വിഷം കഴിച്ച് അബോധാവസ്ഥയിൽ കിടക്കുന്നതുകണ്ട് പോലീസ് ടിയാളെ ആലത്തൂർ ഗവൺമെന്റ് ആശുപത്രിയിലും അവിടെ നിന്ന് തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും കൊണ്ടുപോയി ചികിത്സിച്ചുവരുന്നു. മരണപ്പെട്ട പ്രേമലതയുടെ മൃതശരീരം ആലത്തൂർ ക്രസന്റ് ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. വടക്കാഞ്ചേരി സി.ഐ. ചാർജ്ജുള്ള നെൻമാറ സി. ഐ. കേസ്സിന്റെ അന്വേഷണം നടത്തിവരികയാണ്. സംഭവസ്ഥലം പാലക്കാട് ജില്ലാ പോലീസ് മേധാവിയും ആലത്തൂർ എ.എസ്.പി.-യും സന്ദർശിച്ച് മറ്റ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## അത്തിപ്പൊറ്റപ്പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. കെ. ബാലൻ : സർ, തൃശൂർ-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തരൂർ മണ്ഡലത്തിലെ പ്രധാന പൊതുമരാമത്ത് റോഡാണ് ആലത്തൂർ - തിരുവില്വാമല റോഡ്. ഈ റോഡിൽ വളരെ പഴക്കം ചെന്ന അത്തിപ്പൊറ്റപ്പാലം ഇപ്പോൾ അപകടാവസ്ഥയിലാണ്. കൈവരികൾ തകർന്ന് ഇടുങ്ങിയ പാലത്തിലൂടെയുള്ള യാത്ര അപകടങ്ങളെ

ക്ഷണിച്ചുവരുത്തുകയാണ്. 14-08-2009-ൽ ജി. ഒ. ആർ. റ്റി. 1185/09 പൊതുമരാമത്ത് ഉത്തരവ് പ്രകാരം 3 കോടി 35 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കാൻ പി. ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥൻമാർക്ക് കഴിഞ്ഞില്ല. ഇപ്പോൾ പുതിയ ഭരണാനുമതിയും എസ്റ്റിമേറ്റും ആവശ്യമായി വന്നിരിക്കുകയാണ്. തരൂരിൽ നിന്നും തൃശൂർ മെഡിക്കൽ കോളേജിലേക്ക് പോകാനുള്ള എളുപ്പമാർഗ്ഗം ഈ റൂട്ടാണ്. കൂടാതെ പ്രസിദ്ധമായ തിരുവില്വാമല ക്ഷേത്രം, അത്തിപ്പൊറ്റ മങ്ങാട്ടുകാവ് ക്ഷേത്രം എന്നിവിടങ്ങളിലേക്കും ലക്ഷക്കണക്കിന് തീർത്ഥാടകരും ടൂറിസ്റ്റുകളും യാത്രചെയ്യുന്നതും ഈ റൂട്ടിലൂടെയാണ്. ഈ റൂട്ടിലെ വാഹനത്തിരക്കും സ്ഥലത്തിന്റെ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ട് പാലത്തിന്റെ അപകടാവസ്ഥ പരിഗണിച്ച് അത്തിപ്പൊറ്റപ്പാലം അടിയന്തരമായി പുനർനിർമ്മിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

**അത്തിപ്പൊറ്റപ്പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കഴനി - പഴമ്പലാക്കോട് റോഡിൽ ഗായത്രിപുഴയ്ക്ക് കുറുകെ 25.32 മീറ്റർ വീതം നീളമുള്ള മൂന്ന് സ്പാനുകളോടുകൂടിയ പാലം നിർമ്മിക്കുന്നതിന് 2009-ലെ എസ്.ഒ.ആർ. പ്രകാരം 335 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിരുന്നു. പക്ഷേ പല കാരണങ്ങൾകൊണ്ട് അതുനടന്നില്ല. 2010- ലും 2012- ലും ഷെഡ്യൂൾ ഓഫ് റേറ്റ് പരിഷ്കരിച്ചതിനെത്തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തുക

ഏകദേശം 650 ലക്ഷം വരും. പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കായംകുളം കായലിന് കുറുകെ കൂട്ടുംവാതുക്കൽകടവ് പാലം നിർമ്മിക്കൽ**

ശ്രീ. സി. കെ. സദാശിവൻ: സർ, കായംകുളം-ഹരിപ്പാട്-കരുനാഗപ്പള്ളി മണ്ഡലങ്ങളെ കൂട്ടിയോജിപ്പിക്കാൻ കഴിയുംവിധം കായംകുളം കായലിന് കുറുകെ കൂട്ടുംവാതുക്കൽ കടവ്പാലം നിർമ്മിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയായി വരുന്ന ഘട്ടത്തിൽ അടിയന്തരമായി പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

**കായംകുളം കായലിന് കുറുകെ കൂട്ടുംവാതുക്കൽ കടവ് പാലം നിർമ്മിക്കൽ**

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, കായംകുളം-ഹരിപ്പാട്-കരുനാഗപ്പള്ളി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കായംകുളം കായലിന് കുറുകെയുള്ള കൂട്ടുംവാതുക്കൽ കടവ്പാലത്തിനുസ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയതുകൊണ്ട് അത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് കുറച്ച് ബുദ്ധിമുട്ടുകളുണ്ട്. തീർച്ചയായും നടപടികളുമായി മുന്നോട്ടു പോവുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. കുറച്ചുകൂടി താൽപ്പര്യം കാണിച്ചാൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ സാധിക്കും. സ്ഥലം ഏറ്റെടുത്താൽ പാലം നിർമ്മിക്കാവുന്നതാണ്.

## പട്ടികവർഗ്ഗ പ്രാക്തഗോത്ര വർഗ്ഗക്കാരുടെ ഉന്നമനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, പി.ബി.റ്റി.ജി. പദ്ധതിയിലെ റിസർച്ച് ഓഫീസർ, ഡെവലപ്മെന്റ് മീഡിയേറ്റർ തസ്തികകളിലേക്ക് പട്ടികവർഗ്ഗക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ സബ്മിഷൻ. കേരളത്തിലെ പ്രാക്തഗോത്ര വർഗ്ഗവിഭാഗത്തിന്റെ സമഗ്ര വികസനത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ച് 5 വർഷം കൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് പി.ബി.റ്റി.ജി. ഈ പദ്ധതിയുടെ പ്രവർത്തനത്തിനായി സെക്ടർ ഓഫീസർ, റിസർച്ച് ഓഫീസർ, ഡെവലപ്മെന്റ് മീഡിയേറ്റർ, പ്രൊമോട്ടർമാർ, ക്ലാർക്ക്, ഡ്രൈവർ എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ സെക്ടർ ഓഫീസർ, പ്രൊമോട്ടർ, ക്ലാർക്ക്, ഡ്രൈവർ എന്നീ പോസ്റ്റുകളിലേക്ക് നിയമനം കഴിഞ്ഞു. കഴിഞ്ഞ ആഗസ്റ്റ് 16-ന് മീഡിയേറ്റർമാരേയും റിസർച്ച് ഓഫീസർമാരേയും നിയമിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് കിർത്ത.ഡ്സിൽ ഇന്റർവ്യൂവിന് ഉദ്യോഗാർത്ഥികളെ വിളിച്ചിരുന്നു. കേരളത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട ഏഴ് ഉദ്യോഗാർത്ഥികളാണുണ്ടായിരുന്നത്. പട്ടികവർഗ്ഗത്തിന്റെ പ്രോജക്ടായതുകൊണ്ട് പട്ടികവർഗ്ഗക്കാർക്ക് മുൻഗണന കൊടുക്കണമെന്ന് ഇന്റർവ്യൂവിന് പങ്കെടുക്കാനെത്തിയ ഉദ്യോഗാർത്ഥികൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ മാറ്റി വയ്ക്കുകയും ഈ തസ്തിക നിക്ഷേധിക്കുകയുമാണ് ചെയ്തത്. തീർച്ചയായും ഈ തസ്തിക പുനസ്ഥാപിച്ചുകൊണ്ട് അവർക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള

സാഹചര്യമെന്താണ്? ഇത്തരം ഉദ്യോഗാർത്ഥികൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്താണ് ഈ കോഴ്സുകൾ പൂർത്തീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ തസ്തിക പുനസ്ഥാപിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

പട്ടികവർഗ്ഗ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): സർ, കേരളത്തിലെ പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറുമ്പർ, കാടർ, കാട്ടുനായ്ക്കൻ, കൊറഗർ, ചോലനായ്ക്കൻ എന്നിവരുടെ സാമൂഹികവും സാമ്പത്തികവുമായ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്രസർക്കാർ, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം അനുവദിച്ച 148 കോടി രൂപ വിനിയോഗിച്ച്, 2011-12 വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ 6 ജില്ലകളിൽ ക്ഷേമപദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 19-3-2011-ലെ സർക്കാർ ഉത്തരവ് നം.39/2011/പജ.പവ.വിവ. പ്രകാരം പ്രസ്തുത പദ്ധതി നടത്തിപ്പിനായുള്ള ഭരണാനുമതി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി പ്രവർത്തനങ്ങൾ വരുന്ന 4 വർഷം കൊണ്ടാ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സെക്രട്ടറിമാരുടെ കമ്മിറ്റിയായ സംസ്ഥാനതല എംപവേർഡ് കമ്മിറ്റി തീരുമാനമനുസരിച്ചാണ് 13-ാം ധനകാര്യകമ്മീഷന്റെ ഗ്രാന്റായി ലഭിച്ച 148 കോടി രൂപയുടെ വിനിയോഗവും തുടർ നടത്തിപ്പും സംബന്ധിച്ച തീരുമാന

ങ്ങൾ കൈക്കൊള്ളുന്നത്. അപ്രകാരം സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് 28.10.11-ലെ സർക്കാർ ഉത്തരവുപ്രകാരം, പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പ്രതിമാസ സമാഹൃത ശമ്പളം 20,000 രൂപ നിരക്കിൽ 7 റിസർച്ച് ഓഫീസർമാരെയും 7000 രൂപ നിരക്കിൽ 24 ഡെവലപ്മെന്റ് മീഡിയേറ്റർമാരെയും നിയമിക്കുവാൻ ഉത്തരവായതിനനുസരിച്ച് റിസർച്ച് ഓഫീസർമാരെയും ഡെവലപ്മെന്റ് മീഡിയേറ്റേഴ്സിനേയും നിയമിക്കുന്നതിന് പട്ടികവർഗ്ഗ വികസന ഡയറക്ടർ അപേക്ഷ ക്ഷണിച്ചതിൽ റിസർച്ച് ഓഫീസർമാർക്ക് 1500-ലധികം ആപ്ലിക്കേഷനും ഡെവലപ്മെന്റ് മീഡിയേറ്റേഴ്സിന് 500-ലധികവും അപേക്ഷകൾ ലഭിക്കുകയുണ്ടായി. 28 –11–2011 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് ബിരുദ യോഗ്യതയുള്ളവർക്കും പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തന പരിചയമുള്ളവർക്കും മുൻതൂക്കം നൽകിക്കൊണ്ട് ഡെവലപ്മെന്റ് മീഡിയേറ്റർമാരായി 96 പേരേയും റിസർച്ച് ഓഫീസർമാരായി 28 പേരെയും എഴുത്തു പരീക്ഷയ്ക്കായി ഷോർട്ട്ലിസ്റ്റ് ചെയ്യുകയുണ്ടായി. ഇവർക്ക് കോഴിക്കോട് കിർത്താഡ്സ് ക്യാമ്പസിൽ വച്ച് എഴുത്തുപരീക്ഷയ്ക്ക് ഹാജരാകുവാൻ അറിയിപ്പ് നൽകുകയും എന്നാൽ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടാത്ത മറ്റ് അപേക്ഷകർ തങ്ങളേയും പരീക്ഷ എഴുതുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും പരീക്ഷാ നടത്തിപ്പിന് വിഘാതമായി നിൽക്കുകയും ചെയ്തതിനെത്തുടർന്ന് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാനായി പരീക്ഷ റദ്ദാക്കി. ഇതേസമയം പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിനായി റിസർച്ച് ഓഫീസർ, ഡെവലപ്മെന്റ് മിഡിയേറ്റേഴ്സ്

എന്നിവരെ ആവശ്യമില്ലെന്നും ഈ തസ്തികകൾകൊണ്ട് പദ്ധതിക്ക് യാതൊരു പ്രയോജനവുമില്ലെന്നും അതിനുപകരം 6 അസിസ്റ്റന്റ് എഞ്ചിനീയർമാരെയും 6 ക്ലർക്കുമാരേയും മതിയാകുമെന്നും പി.വി.റ്റി.ജി. ടീം ലീഡർ ആവശ്യപ്പെട്ടതനുസരിച്ച് ഈ ആവശ്യം എസ്.എൽ.ഇ.സി. പരിഗണിച്ചപ്പോൾ റിസർച്ച് ഓഫീസർമാരേക്കാളും പദ്ധതി നടത്തിപ്പിന് അത്യാവശ്യമുളളത് എഞ്ചിനീയർമാരാണെന്ന് കണ്ടെത്തുകയും സർക്കാർ ഉത്തരവുപ്രകാരം 6 അസിസ്റ്റന്റ് എഞ്ചിനീയർമാരെ താത്ക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. പ്രാക്തന ഗോത്രവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉദ്യോഗസ്ഥരുടെയും മറ്റും നിയമനങ്ങൾ സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായാണ് നടപ്പിലാക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഇത്തരം വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ പ്രത്യേകമായി മറ്റേതെങ്കിലും പ്രോജക്ടിൽ പരിഗണിക്കാമോ എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

ക്ഷേമപെൻഷനുകൾ പോസ്റ്റോഫീസുകൾ വഴി നൽകൽ

ശ്രീ. എ.എം. ആരിഫ്: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന പെൻഷനുകൾ മാത്രമല്ല, വിവിധ ക്ഷേമനിധി ബോർഡുകൾ വഴി നൽകുന്ന പെൻഷനുകളെല്ലാംതന്നെ ബാങ്ക് മുഖേന ആകുന്നതോടുകൂടി അവ സീറോ ബാലൻസ് അക്കൗണ്ടിൽ പോയിക്കഴിഞ്ഞാൽ പിന്നീട് പേസ്ലിപ്പ് മാത്രമേ പറ്റുകയുള്ളൂ. അതേസമയം ചെക്ക് മുഖേനയാണെങ്കിൽ പൈസ ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ അതിന് സാധിക്കുകയുള്ളൂ. ചെക്ക് മാറാൻ ആരുടെയെങ്കിലും കൈവശം കൊടുത്താൽ മാറാൻ

പോകുന്ന ആൾ ആ പൈസ അതുപോലെ തിരിച്ചുകൊണ്ടുവന്നാൽ മാത്രമേ അർഹരായവർക്ക് പെൻഷൻ ലഭിക്കുകയുള്ളൂ. ഇപ്പോൾ പോസ്റ്റാഫീസുകൾ വഴി നൽകിക്കൊണ്ടിരുന്ന മണിയോർഡർ സംവിധാനത്തിന് അപാകതയോ പരാതിയോ ആരും പറഞ്ഞിട്ടില്ല. ഈ പെൻഷനുകൾ നേരത്തെ നൽകിക്കൊണ്ടിരുന്നതുപോലെതന്നെ പോസ്റ്റാഫീസുകൾ വഴി അവരുടെ കൈകളിലെത്തുന്ന സമ്പ്രദായം അവസാനിപ്പിക്കേണ്ട യാതൊരു കാര്യവുമില്ല. ഇതു മൂലം വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. ബാങ്കിൽ അക്കൗണ്ട് എടുക്കാൻ പോയ പല സ്ത്രീകളും മരിച്ച സാഹചര്യം പോലുമുണ്ടായി. ആയതിനാൽ പോസ്റ്റാഫീസുകൾ വഴി പെൻഷനുകൾ നൽകുന്ന സംവിധാനം സംരക്ഷിക്കപ്പെടണം. അത് ബാങ്ക് മുഖേന ആക്കരുതെന്നാണ് ആവശ്യപ്പെടുന്നത്.

**<u>ക്ഷേമപെൻഷനുകൾ പോസ്റ്റോഫീസുകൾ വഴി നൽകൽ</u>**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ഡോ. എം.കെ. മുനീർ</u>): സർ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയെല്ലാം സാമൂഹ്യനീതി വകുപ്പിലെ പെൻഷൻ പദ്ധതികളാണ്. ഈ പദ്ധതിപ്രകാരം നിലവിൽ പോസ്റ്റ് ഓഫീസിൽ നിന്നും മണിയോർഡറായിട്ടാണ് ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നത്. എന്നാൽ അർഹതയുള്ളവർക്ക് തന്നെ പെൻഷൻ ലഭ്യമാക്കണമെന്നും പെൻഷൻ വിതരണത്തിലെ ക്രമക്കേടുകളും തട്ടിപ്പും ഒഴിവാക്കി സുതാര്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടിയെന്ന നിലയിൽ ആധാർ നമ്പർ അടിസ്ഥാനമാക്കി 2013 ഏപ്രിൽ 1 മുതൽ ബാങ്ക് അക്കൗണ്ടു

കൾ വഴി പെൻഷനുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കണമെന്ന് സർക്കാർ തീരുമാനിച്ചു. എന്നാൽ ബാങ്കുകൾ വഴി ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുമ്പോൾ മുതിർന്ന പൗരൻമാർക്കും പരസഹായം ആവശ്യമുള്ളവർക്കും ബുദ്ധിമുട്ടുണ്ടാകുന്നു എന്നുള്ള പരാതി ഉയർന്നുവന്നതിന്റെ അടിസ്ഥാന ത്തിൽ ഇത്തരക്കാർക്ക് അവരുടെ താൽപര്യപ്രകാരം തുടർന്നും മണിയോ ർഡർ മുഖേന പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ഓപ്ഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 14-12-2012-ൽ ഇതുസംബന്ധിച്ച ഒരുത്തരവ് സാമൂഹ്യനീതി വകുപ്പിൽ നിന്ന് ഇറക്കിയിട്ടുണ്ട്. ഞങ്ങൾ രണ്ട് പൈലറ്റ് പ്രോജക്ടുകൾക്കായി പഞ്ചായത്തിൽ ശ്രമിച്ചപ്പോൾ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാനാണ് പലരും താൽപര്യം പ്രകടിപ്പി ച്ചത്. എൻഡോസൾഫാനുമായി ബന്ധപ്പെട്ട് ഇതേ എ.റ്റി.എം. സിസ്റ്റം കാസർഗോഡ് ജില്ലയിലും പരിശോധിച്ചു. ആകെ 3912 പേരുള്ളതിൽ 3795 പേരും ബാങ്ക് അക്കൗണ്ട് തുടങ്ങി. അതിൽ 3200 പേരും എ.റ്റി.എം. കാർഡു കൾ ഉപയോഗിച്ചുവരുന്നു. 194 പേർ മാത്രമാണ് ഇപ്പോൾ മണിയോർഡർ ഉപയോഗിക്കുന്നത്. അവരും മണിയോർഡറിൽ നിന്ന് മാറണമെന്നുള്ള താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. സ്വാഭാവികമായും കുറച്ചുകാലം കഴിയു മ്പോൾ എല്ലാവരും ബാങ്ക് അക്കൗണ്ടിലേക്ക് മാറും. 50 ശതമാനം ആളുകളെ ങ്കിലും ബാങ്ക് അക്കൗണ്ട് വഴി വരികയാണെങ്കിൽ അത്രയും ക്ലാരിറ്റിയും ട്രാൻസ്പരൻസിയും ഇതിലുണ്ടാകും. പിന്നീട് അത് നൂറ് ശതമാനത്തി ലെത്തിക്കാൻ നമുക്ക് സാധിക്കും. പക്ഷേ നാളെത്തന്നെ അത് നൂറ് ശതമാ നമാകുമെന്ന് ഞാൻ പറയുന്നില്ല. ഇവിടെ ഓപ്ഷൻ നിലനിർത്തിയിട്ടുണ്ട്.

പക്ഷെ, ഇവിടെ പറയാവുന്ന ഒരു കാര്യം എന്താണെന്നുവെച്ചാൽ, വരും വർഷങ്ങളിൽ ബാങ്ക് അക്കൗണ്ടുകൾ വേണമെന്ന് പറഞ്ഞുകൊണ്ട് മുഴുവൻ ആളുകളും വരുന്ന ഒരവസ്ഥ സംജാതമാകും.

**അനധികൃത പന്നി വളർത്തൽ കേന്ദ്രം നിർത്തലാക്കൽ**

ശ്രീ. വി. ശശി: സർ, എന്റെ നിയോജകമണ്ഡലത്തിലെ മംഗലപുരം ഗ്രാമപഞ്ചായത്തിൽ കോട്ടറക്കരി വാർഡിൽ അനധികൃത പന്നിവളർത്തൽ കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിട്ടുള്ള മാലിന്യ പ്രശ്നങ്ങൾ കാരണം അവിടത്തെ അയൽവാസികൾ കഴിഞ്ഞ 130 ദിവസമായി സത്യാഗ്രഹം നടത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും ജില്ലാ കളക്ടർക്കും ഇതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ നൽകിയെങ്കിലും ഇതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അവിടെ ഇപ്പോഴും സത്യാഗ്രഹം തുടരുകയാണ്. ബന്ധപ്പെട്ടവരെ വിളിച്ചുവരുത്തി ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

**അനധികൃത പന്നി വളർത്തൽ കേന്ദ്രം നിർത്തലാക്കൽ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, മംഗലപുരം ഗ്രാമപഞ്ചായത്തിൽ മുരുക്കുംപുഴ കോട്ടറക്കരി വാർഡിൽ വെയിലൂർ വില്ലേജിലെ സർവ്വേ 23/1 -ൽപ്പെടുന്ന മൂന്ന് ഏക്കർ സ്ഥലത്ത് ഡോക്ടർ കസ്തൂരി ഭായി 2000-2001 കാലയളവ് മുതൽ ഒരു പന്നി വളർത്തൽ കേന്ദ്രം നടത്തിവരുന്നു. പ്രസ്തുത കേന്ദ്രത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും 31-12-2000 വരെ ലൈസൻസ് നൽകിയിരുന്നു. എന്നാൽ പരിസര വാസികളിൽ നിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാന

ത്തിൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകിയില്ല. ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന പ്രസ്തുത കേന്ദ്രത്തിനെതിരെ പരാതി ഉയർന്ന സാഹചര്യത്തിൽ ഈ കേന്ദ്രം അടച്ചുപൂട്ടുന്നതിന് പഞ്ചായത്തിൽ നിന്നും നോട്ടീസും നൽകിയിരുന്നു. ഇതിനെതിരെ ഉടമ ഫയൽ ചെയ്ത കേസിൽ ബഹുമാനപ്പെട്ട കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കസ്തൂരി ഭായിയുടെ അപേക്ഷ ഗ്രാമപഞ്ചായത്ത് പരിഗണിക്കുകയും പന്നിവളർത്തൽ കേന്ദ്രത്തിന്റെ തുടർപ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിന് 17-10-2006-ൽ ഉത്തരവ് നൽകിയതുമാണ്. പ്രസ്തുത ഉത്തരവിനെതിരെ പരാതിക്കാരി വീണ്ടും ട്രിബ്യൂണൽ ഹർജി നൽകി. ട്രിബ്യൂണൽ ഉത്തരവ് പ്രകാരം ഡോ. കസ്തൂതിഭായി നൽകിയ അപ്പീൽ അപേക്ഷ പഞ്ചായത്ത് പരിഗണിക്കുകയും പന്നി വളർത്തൽ കേന്ദ്രത്തിൽ നിന്ന് ജനങ്ങൾക്കുണ്ടാകുന്ന ശല്യവും പരിസരമലിനീകരണവും കണക്കിലെടുത്ത് കേന്ദ്രത്തിന്റെ പ്രവർത്തനം നിരോധിച്ചുകൊണ്ട് ട്രിബ്യൂണിലിന്റെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ശ്രീമതി കസ്തൂരിഭായി വീണ്ടും ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകി. അവിടെ നിന്നുള്ള ഉത്തരവ് അനുസരിച്ച് സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചുവരികയാണ്. അത് ഇടക്കാല ഉത്തരവാണ്. ട്രിബ്യൂണലിലും ഹൈക്കോടതിയിലും ഉണ്ടാകുന്ന വിധി ന്യായത്തിനനുസരിച്ച് പഞ്ചായത്തിന് തീരുമാനം എടുക്കാവുന്നതാണ്.

**റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള തടയണനിർമ്മാണം**

ശ്രീ. എം. ഹംസ: സർ, ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ മിക്കവാറും പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്നത് ഭാരതപ്പുഴയിൽ നിന്നാണ്. ഏതാണ്ട് 30-40 ദിവസങ്ങൾ മാത്രമാണ്, കിട്ടുന്ന വെള്ളം ഭാരതപ്പുഴയിൽ നിറഞ്ഞുനിൽക്കാറുള്ളത്. ഭാരതപ്പുഴയിലെ വെള്ളം തടഞ്ഞുനിർത്താൻ ഒരു തടയണ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശമുണ്ട്. അത് അംഗീകരിച്ചുതരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. റിവർ മാനേജ്മെന്റ് ഫണ്ടിൽ നാലരക്കോടി രൂപ കൂട്ടിലക്കടവ് തടയണയ്ക്ക് ലഭിച്ചിട്ടുണ്ട്. ആ തടയണ യൂഡിസ്മാറ്റ്-ൽ ഉൾപ്പെടുത്തി ചെയ്യുന്നതുകൊണ്ട്, നാലരക്കാടി രൂപയും ഭാരതപ്പുഴ റെയിൽവേ സ്റ്റേഷന്റെ ഭാഗത്ത് തടയണ നിർമ്മിക്കുന്നതിലേയ്ക്കുവേണ്ടി മാറ്റുന്നതിന് അനുമതി നൽകണം. മറ്റൊരു കാര്യം, ഏറ്റവും കൂടുതൽ റിവർ മാനേജ്മെന്റ് ഫണ്ട് ഒറ്റപ്പാലം താലൂക്കിൽ നിന്നാണ് ലഭിക്കുന്നത്. ആ ഫണ്ട് അവിടെത്തന്നെ ഉപയോഗപ്പെടുത്താൻ കഴിയണം. വെള്ളം വറ്റിയാൽ, അവിടെ നിന്ന് വെള്ളം കിട്ടാതെവന്നാലുണ്ടാകുന്ന കുടിവെള്ള ദൗർലഭ്യം കണക്കിലെടുത്ത് ഈ തടയണ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അടിയന്തരമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

**റിവർമാനേജ്മെന്റ് ഫ് ഉപയോഗിച്ചുള്ള തടയണനിർമ്മാണം**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭാരതപ്പുഴയിൽ ഒറ്റപ്പാലം റെയിൽവേ സ്റ്റേഷന് സമീപം റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് തടയണ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ മലമ്പുഴ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലക്കാട് ജില്ലാ കളക്ടർക്ക്

14-12-2012-ൽ സമർപ്പിച്ചിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ജില്ലാ വിദഗ്ദ്ധ സമിതി യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ചതിനുശേഷമാണ് ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് വരുന്നത് ആയത് ലഭിക്കുന്ന മുറയ്ക്ക് ഇത് പരിശോധിക്കുന്നതാണ്.

**കൂടൽമാണിക്യം ദേവസ്വത്തിന് അവകാശപ്പെട്ട ഭൂമി ലഭ്യമാക്കൽ**

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിന് അവകാശപ്പെട്ട വസ്തു ദേവസ്വത്തിന് നൽകണമെന്നതാണ് എന്റെ സബ്മിഷൻ. ഇന്ത്യയിലെ അതിപുരാതനമായ ഏക ഭരത പ്രതിഷ്ഠയുള്ള മഹാക്ഷേത്രമാണ് ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം. ഏതാണ്ട് 800 വർഷത്തെ പഴക്കമുള്ള ക്ഷേത്രമാണിത്. വലിയ ഭൂസമ്പത്തുള്ള ഒരു ക്ഷേത്രമായിരുന്നു കൂടൽമാണിക്യക്ഷേത്രം. ഈ ക്ഷേത്രത്തിനുകീഴിൽ കേരളത്തിലെ പല ഭാഗങ്ങളിലായി പന്ത്രണ്ടോളം ഉപക്ഷേത്രങ്ങളുണ്ട്. മഹാവിഷ്ണുവിന്റെ അവതാരവും ശ്രീരാമസഹോദരനുമായ ഭരതന്റെ തപസ്സിരിക്കുന്ന പ്രതിഷ്ഠയാണ് ഈ മഹാക്ര്ഷേത്തിലെ ആരാധനമൂർത്തി. ഭരതസഹോദന്മാരായ ശ്രീരാമന്റെയും ലക്ഷമണന്റേയും ശത്രുഘ്നന്റെയും പ്രതിഷ്ഠകൾ ആരാധനാമൂർത്തിയായി വർത്തിക്കുന്ന ക്ഷേത്രങ്ങൾ തൊട്ടടുത്തായി സ്ഥിതി ചെയ്യുന്നു. നാലമ്പല ദർശനമെന്നത് വളരെ പ്രസിദ്ധമാണെന്നുള്ള കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. അങ്ങനെയുള്ള ഈ മഹാക്ഷേത്രത്തിന് ഉണ്ടായിരുന്ന സ്വത്തുകൾ പല സന്ദർഭങ്ങളിലായി അന്യാധീനപ്പെട്ടിരിക്കുകയാണ്. ഈയൊരു സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്, ഈ ക്ഷേത്രത്തിന് അവകാശപ്പെട്ട ഇരിങ്ങാലക്കുട വില്ലേജിലുള്ള സർവ്വേ 164/1-ലുള്ള ഒരേക്കർ നാൽപ്പത്തിരണ്ട് സെന്റ്

സ്ഥലം ദേവസ്വത്തിന്റേതാണെന്ന് തെളിയിക്കാൻ പറ്റുന്ന രേഖകളൊക്കെ ഹാജരാക്കിയിട്ടുണ്ട്. ഈ സ്ഥലം ദേവസ്വത്തിന് കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പലതവണ ഞാൻ സബ്മിഷനുകൾ അവതരിപ്പിച്ചിട്ടുണ്ട്, നിവേദനം നൽകിയിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വവും പൗരജനങ്ങളുമൊക്കെ ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി അവിടെ വലിയ പ്രക്ഷോഭത്തിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുകയാണ്. അതുകൊണ്ട് അവകാശപ്പെട്ട ഈ സ്ഥലം കൂടുൽ മാണിക്യ ദേവസ്വത്തിന് അടിയന്തരമായി പതിച്ചുനൽകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

**കൂടൽമാണിക്യം ദേവസ്വത്തിന് അവകാശപ്പെട്ട ഭൂമി ലഭ്യമാക്കൽ**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിന് ഭൂമി പതിച്ചുനൽകണമെന്ന അപേക്ഷ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ രണ്ട് കേസുകൾ ഇപ്പോൾ നിലവിലുണ്ട്. ആ കേസുകൾ തീർപ്പാക്കിയതിനുശേഷം മാത്രമേ ഇക്കാര്യത്തെക്കുറിച്ച് പുന:പരിശോധന നടത്താൻ കഴിയുകയുള്ളൂ. ഇന്നലെ ബഹുമാനപ്പെട്ട അംഗം ക്ഷേത്രസമിതിയുടെ ഭാരവാഹികളുമായി ഇക്കാര്യങ്ങളെ സംബന്ധിച്ചൊരു ചർച്ച നടത്തിയിരുന്നു. അക്കാര്യങ്ങൾ അവിടെ വ്യക്തമാക്കിയിട്ടുള്ളതാണ്.

**യൂഡിസ്മാറ്റ് പദ്ധതി നടപ്പിലാക്കൽ**

ശ്രീ. ജി. സുധാകരൻ: സർ, അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് മുതൽ മണ്ണഞ്ചേരി വരെയുള്ള പ്രദേശങ്ങളിൽ ശുദ്ധജലം നൽകാൻ വേണ്ടി അഞ്ച് വർഷം മുമ്പ് ആരംഭിച്ച യൂഡിസ്മാറ്റ് പദ്ധതി എങ്ങുമെത്താകെ കിടക്കുന്നതിനുള്ള സാമ്പത്തിക ദുർവിനിയോഗങ്ങളെപ്പറ്റി ഫൈനാൻഷ്യൽ വിജിലൻസ്

ഉപയോഗിച്ചോ പോലീസിന്റെ ക്രിമിനൽ വിജിലൻസ് ഉപയോഗിച്ചോ ഒരന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും. 200 കോടി രൂപയുടെ ഈ പദ്ധതിക്ക് വേണ്ടി, ഏകദേശം അഞ്ഞൂറുകോടി രൂപയെങ്കിലും ചെലവഴിച്ച് റോഡുകൾ പുനർനിർമ്മിക്കേണ്ട തരത്തിൽ അടുത്തകാലത്ത് നിർമ്മിച്ച റോഡുകളടക്കം തകർത്തുകൊണ്ടിരിക്കുകയാണ്. നാഷണൽ ഹൈവേയുടെ പടിഞ്ഞാറുവശത്തുകൂടി പോകുന്നതിന് പ്രയാസമില്ലാതിരുന്നിട്ടും അതൊക്കെ മാറ്റിമറിച്ചുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. കടപ്രയെന്ന സ്ഥലത്തുനിന്ന് 45 കിലോമീറ്റർ ദൂരെയാണ് വടക്കേയറ്റത്തെ മണ്ണഞ്ചേരി എന്ന സ്ഥലം. ഇവിടെ വെള്ളമെത്തിക്കണമെങ്കിൽ 45 കിലോമീറ്റർ പൈപ്പിടേണ്ട സ്ഥാനത്ത്, ഇതുവരെ വെള്ളം കയറ്റേണ്ട വെല്ലുപോലും പൂർത്തിയാക്കിയിട്ടില്ല, അതിന്റെ ടാങ്ക് നിർമ്മിച്ചിട്ടില്ല. അവിടെ നിന്ന് 20 കിലോമീറ്റർ ദൂരെയുള്ള കരുമാടി ശുദ്ധജല പ്ലാന്റിനുവേണ്ടി ഒരു പൈപ്പുപോലും ഇട്ടിട്ടില്ല. അവിടെ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിനെതിരെ കടപ്ര പഞ്ചായത്ത് നിലപാടെടുത്തിരിക്കുകയാണ്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം ആദ്യം ചെയ്യേണ്ട പ്ലാന്റും സംവിധാനങ്ങളും ഉണ്ടാക്കേണ്ടതിനുപകരം അവസാനത്തെ 15 കിലോമീറ്റർ സ്ഥലത്ത് പൈപ്പുകളിട്ട് റോഡ് വെട്ടിപ്പൊളിച്ചാലുണ്ടാകുന്ന നഷ്ടം തികഞ്ഞ സാമ്പത്തിക അഴിമതിയാണ്. ഇതിനെപ്പറ്റി അന്വേഷണം വേണം. ആദ്യം ചെയ്യേണ്ട പണി ചെയ്യാതെ അവസാനം ചെയ്യേണ്ട പ്രവൃത്തികൾ ചെയ്യുന്നതുവഴി രണ്ടര വർഷം കഴിയാതെ ഒരുതുള്ളിവെള്ളം മണ്ണഞ്ചേരി പഞ്ചായത്തിൽ വരില്ല. കോൺട്രാക്ടർമാരുടെയും എഞ്ചിനീയർമാരുടെയും ജലവിഭവവകുപ്പിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും അഴിമതിയാണ് ഇതിലൂടെ വ്യക്തമാ

കുന്നത്. 200 കോടി രൂപയിൽ 10 കോടി രൂപ സാമ്പത്തികമായ അഴിമതിക്കു വേണ്ടി വിതരണം ചെയ്തതായി ആരോപണമുണ്ട്.

**യൂഡിസ്മാറ്റ് പദ്ധതി നടപ്പിലാക്കൽ**

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ആലപ്പുഴ നഗരപ്രദേശത്തും സമീപപഞ്ചായത്തുകളിലും 4,37,127 പേർക്ക് ശുദ്ധജലമെത്തിക്കുന്ന ആലപ്പുഴ കുടിവെള്ളപദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതിക്ക് 2007 മാർച്ചിലും 2008 ഫെബ്രുവരിയിലുമാണ് ഭരണാനുമതി ലഭിച്ചത്. പദ്ധതിയുടെ കിണർ-റോവാട്ടർ പൈപ്പ് ലൈൻ, ജലശുദ്ധീകരണ ശാല, പ്രധാനവിതരണ കുഴലുകൾ എന്നിവ പൊതുഘടകമായതിനാൽ രണ്ട് പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. പ്രധാനഘടകങ്ങളെല്ലാം തന്നെ ഒരേ സമയം ടെണ്ടർ ചെയ്യാനുള്ള നടപടികൾ 2008-ൽത്തന്നെ ആരംഭിച്ചിരുന്നു. ലഭ്യമായ സ്ഥലത്ത് ജലശുദ്ധീകരണശാലയുടെ ടെണ്ടർ ആദ്യം വിളിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ കക്കാഴം മുതൽ വലിയകുളം വരെയുള്ള 800 മില്ലീമീറ്റർ പമ്പിംഗ് മെയിൻ, കിണർ എന്നിവയുടെ പണികൾ 2008-ലും 2009-ലുമായി ചെയ്തിരുന്നു. പദ്ധതിയുടെ ഓരോ ഘട്ടവും പൂർത്തിയായതിനുശേഷം മറ്റൊന്ന് തുടങ്ങിയാൽ പദ്ധതി തീരുവാൻ കാലതാമസമുണ്ടാകും. മാത്രമല്ല പണി സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ കേന്ദ്ര വിഹിതം നഷ്ടമാവുകയും കോടതിയലക്ഷ്യമാവുകയും ചെയ്യും. പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ മാത്രമായി സ്ഥലം ഏറ്റെടുക്കലോ പൈപ്പ് ലൈൻ റോഡ് നിർമ്മാണമോ പ്രായോഗികമല്ലാത്തതും അനുമതി ലഭിച്ച പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും നിലവിലുള്ള റോഡുകളിലൂടെ മാത്രമേ

പൈപ്പ്ലൈനുകൾ സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ. അമ്പലപ്പുഴ മുതൽ ആലപ്പുഴ വരെയുള്ള പൈപ്പ് ലൈൻ ദേശീയപാതയിലൂടെ എടുക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ദേശീയപാത നാലുവരിയാക്കാൻ തീരുമാനിച്ചതിനാൽ ദേശീയപാത അതോറിറ്റി അതിനുള്ള അനുവാദം നൽകിയില്ല. അതുകൊണ്ടാണ് പഞ്ചായത്തുകളുടെ അധീനതയിലുള്ള തീരദേശപാത പൈപ്പിടാൻ തെരഞ്ഞെടുത്തത്. പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത തദ്ദേശവാസികൾ റോഡ് പൊളിച്ച് പൈപ്പ് സ്ഥാപിക്കുന്നതിനെതിരെ രംഗത്ത് വന്നിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എല്ലാ ഘടകങ്ങളും ഒരുപോലെ പൂർത്തിയാക്കണം. എന്നിരുന്നാലും പ്രശ്നങ്ങൾ പരിഹരിച്ച് മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ സമയബന്ധിതമായി പണിപൂർത്തിയാക്കുന്നതിന് തീവ്രശ്രമം നടത്തുന്നതാണ്.

**പുനലൂർ പ്രദേശത്തെ കുടിവെള്ള ക്ഷാമം**

ശ്രീ. കെ. രാജു: സർ, എന്റെ മണ്ഡലത്തിലെ പുനലൂർ മുനിസിപ്പൽ പ്രദേശം, പുനലൂർ എന്ന വാക്കിന്റെ അർത്ഥം തന്നെ ഉറവയുടെ നാട് എന്നാണ്. പക്ഷെ, ഇന്ന് കേരളത്തിൽ ഏറ്റവും ചൂടുള്ള പ്രദേശങ്ങളിലൊന്നായി പുനലൂർ മാറിയിരിക്കുകയാണ്. പുനലൂർ മുനിസിപ്പൽ പ്രദേശത്ത് നിലവിലുള്ള, 35 വർഷക്കാലം പഴക്കമുള്ള കുടിവെള്ള പദ്ധതി വളരെ ഇൻസഫിഷ്യന്റാണ്. പുനലൂർ മുനിസിപ്പൽ അതിർത്തിയിൽ നിന്നാണ് മീനാട് പദ്ധതിക്കുവേണ്ടിയുള്ള ജലം സംഭരിക്കുന്നത്. അതിനുവേണ്ടിയുള്ള വെള്ളം അവിടെ സംഭരിച്ചു നിർത്തുകയും എന്നാൽ പരിസരപ്രദേശത്തോ ഇതിന്റെ സമീപത്തോ ശുദ്ധജലം കൊടുക്കാൻ കഴിയുന്ന തരത്തിലല്ല മീനാട് പദ്ധതിയുടെ

പ്ലാൻ. അതുകൊണ്ട് ഈ വെള്ളം ഉപയോഗിക്കാൻ കഴിയത്തക്കരീതിയിൽ ഒരു പ്രോജക്ട് മുനിസിപ്പാലിറ്റി, വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് അതിനുള്ള അനുവാദം നൽകണം. വാട്ടർ സോഴ്സ് ധാരാളമായുണ്ട്. ആ ശുദ്ധജലവിതരണ സംഭരണി നിൽക്കുന്ന സമീപവാർഡുകളിൽ അവിടെനിന്ന് ശുദ്ധജലം കൊടുക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പുനലൂർ പ്രദേശത്തെ കുടിവെള്ള ക്ഷാമം**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ജൈക്ക-യുടെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന മീനാട് കുടിവെള്ള പദ്ധതിയിൽ പരവൂർ മുനിസിപ്പാലിക്കുസമീപമുള്ള ഏതാനും പഞ്ചായത്തുകളെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല. പുനലൂർ മുനിസിപ്പാലിറ്റിക്കോ സമീപ പ്രദേശങ്ങൾക്കോ ജലവിതരണം നടത്തുന്നത് ജൈക്ക-യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ല. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത മറ്റ് പ്രദേശങ്ങളിലേയ്ക്ക് ജലവിതരണം നടത്തിയാൽ അത് പദ്ധതി പ്രദേശത്തെ ജലവിതരണത്തെ ഭാവിയിൽ ബാധിക്കുകയും ചെയ്യും. പുനലൂർ പ്രദേശത്തെ ജലദൗർലഭ്യം പരിഹരിക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതാണ്.

**കുമരകത്തെ തോടുകളിൽ പോള വാരാതിരിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ**

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കേരളത്തിലേയും ഇന്ത്യയിലേയും ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ കുമരകം പഞ്ചായത്തിലെ തോടുക

ളിലും കായലിലും പോള വന്നടിഞ്ഞ് വെള്ളം മലിനമായി പുഴുക്കൾ നിറഞ്ഞിരിക്കുകയാണ്. അതുകാരണം വള്ളത്തിൽക്കൂടി പോകാൻ വയ്യാത്ത സ്ഥിതിയാണ്. ഇതിന്റെ ദുർഗന്ധം അവിടെയെല്ലാം പ്രസരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് സംബന്ധിച്ച് നിവേദനം നൽകിയിട്ടുള്ളതാണ്. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ അവസാനത്തെ 2 വർഷത്തിലും ഈ ഗവൺമെന്റിന്റെ ആദ്യ വർഷത്തിലും യന്ത്രങ്ങൾ ഉപയോഗിച്ച് പോള വാരൽ നടന്നിരുന്നു. അത് ഈ വർഷം പൂർണ്ണമായി നിന്നുപോയി. അടിയന്തിര മായി പോള വാരലിനുവേണ്ടിയുള്ള അനുമതി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കുമരകത്തെ തോടുകളിൽ പോള വാരാതിരിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കുട്ടനാടൻ പാക്കേജിന്റെ ഭാഗമായി ഫിർമ മുഖേന നടപ്പാക്കുന്ന കുളവാഴ നിർമ്മാർജ്ജനവും പുനരുപയോഗവുമെന്ന പദ്ധതിയുടെ ഭാഗമായി കുട്ടനാട് പ്രദേശങ്ങളിലെ ജലാശയങ്ങളിലെ പോള യന്ത്രസഹായത്തോടെ നീക്കം ചെയ്യുന്ന പദ്ധതി 12 മാസക്കാലയളവിലേയ്ക്കുള്ള പ്രവൃത്തി നിർവ്വഹിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. കരാറുകാരൻ ടെണ്ടർ സമർപ്പിച്ചിരുന്നതും 12 മാസക്കാലയളവിലേയ്ക്കുള്ള ജോലിക്കാണ്. 1-08-2010-ൽ എഗ്രിമെന്റ് വച്ചു. 31-07-2011-ൽ കാലാവധി അവസാനിച്ചു. 16-07-2012 വരെ ടെണ്ടറില്ലാതെ ജോലി തുടർന്നു. എന്നാൽ കാലാവധിക്ക് ശേഷവും പ്രവൃത്തി തുടർന്ന് വരുന്നതായും മറ്റ് ചില സാങ്കേതിക പോരായ്മ

കളും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 16-07-2012-ന് ചേർന്ന യോഗത്തിൽ പ്രവൃത്തി നിർത്തിവയ്ക്കാൻ തീരുമാനിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി രൂപീകരിച്ച കമ്മിറ്റി പ്രവൃത്തി നിർത്തിവയ്ക്കാനും റീ-ടെണ്ടർ ചെയ്യാനും തീരുമാനിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിലെ സുതാര്യതക്കുറവ് വളരെ വ്യക്തമായിരുന്നു. പോള വാരൽ പ്രവൃത്തിക്കായി പുതിയ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ഈ ടെണ്ടറുകളിൽ തുടർ നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തതുകൊണ്ട് ടെണ്ടർ ഉറപ്പിക്കുവാൻ സാധിച്ചില്ല. സ്റ്റേ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു; ഇന്നലെ സ്റ്റേ വെക്കേറ്റ് ചെയ്തിട്ടുമുണ്ട്. പോള വാരൽ പ്രവൃത്തിക്കായി ലഭിച്ച ടെണ്ടറുകൾ വിലയിരുത്തുന്നതിനായി ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ഫിർമ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറുമായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ യോഗം 26-12-2012-ൽ ചേരുന്നുണ്ട്. കുമരകത്തെ തോടുകൾ ഉൾപ്പെടെയുള്ള കുട്ടനാടൻ പ്രദേശത്തെ പോളവാരൽ എത്രയുംവേഗം പുനരാരംഭിക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## കല്ലിയോട് - വടക്കേക്കോണം റോഡിന്റെ പണി പുനരാരംഭിക്കൽ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, വാമനപുരം മണ്ഡലത്തിൽ നെടുമങ്ങാട് ബ്ലോക്കിൽപ്പെട്ട ആനാട് പഞ്ചായത്തിൽ കല്ലിയോട്-വടക്കേക്കോണം റോഡ് 2004-2005-ലെ പി. എം. ജി. എസ്. വൈ.

ഫെയ്സ് 4-ൽ പാക്കേജ് നമ്പർ 1208 ആയി ഉൾപ്പെടുത്തി 2,84,63,775 രൂപ അനുവദിക്കുകയും വി-ബിൽഡ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി, തിരുവനന്തപുരം ഏറ്റെടുത്ത് പണി തുടങ്ങുകയും ചെയ്തു. പക്ഷെ കരാറുകാർ 20 ലക്ഷം രൂപ കൈപ്പറ്റി പണി ഉപേക്ഷിച്ച് പോയി. കഴിഞ്ഞ 7 വർഷമായി 10 കി. മീ. ദൈർഘ്യമുള്ള ഈ റോഡിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. കാൽനട യാത്രക്കാർക്കുപോലും ഈ റോഡിലൂടെയുള്ള യാത്ര ദു:സഹമാണ്. കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നിർത്തിവച്ചിരിക്കുന്നു. നെടുമങ്ങാട് ബ്ലോക്കിൽ ഇതേ പാക്കേജിൽ ഉൾപ്പെട്ട എസ്. എൻ. പുരം - പുല്ലാമല റോഡ്, പേരയം - പുള്ളിമട റോഡ്, തരട്ട - പഴയാറ്റിൻകര റോഡ്, മഞ്ഞപ്പാറ - കോതുവ റോഡ്, മുക്കംപാലമൂട് - കൊഴിയാംപാറ റോഡ്, മുല്ലശ്ശേരി - പേഴുംമൂട് റോഡ് എന്നിവയുടെ പണിയും മേൽപ്പറഞ്ഞ കരാറുകാരൻ ഏറ്റെടുത്തിട്ട് ഉപേക്ഷിച്ചുപോയിരിക്കുകയാണ്. ഗുരുതരമായ വീഴ്ച വരുത്തിയ പ്രസ്തുത കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയശേഷം വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗ തീരുമാനമനുസരിച്ച് ഈ പാക്കേജിലെ 7 റോഡുകളും പൂർത്തീകരിക്കാനാവശ്യമായ പണം ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കല്ലിയോട് - വടക്കേക്കോണം റോഡിന്റെ പണി പുനരാരംഭിക്കൽ**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാന്യനായ കോലിയക്കോട് എൻ. കൃഷ്ണൻ നായർ ചൂണ്ടിക്കാണിച്ചതുപോലെ നെടുമങ്ങാട് മേഖലയിലെ ഏതാണ്ട് 7 റോഡുകളുടെ പ്രവർത്തനമാണ് മുടങ്ങിക്കിടക്കുന്ന

ത്. 2004-2005-ലെ 4-ാം ഫെയ്സിൽപ്പെട്ടതാണ് ഈ പ്രവൃത്തികൾ. കരാറുകാരൻ ഒഴിവായിപ്പോയ സാഹചര്യത്തിൽ ഈ റോഡിനുവേണ്ടി 82 ലക്ഷം രൂപ അനുവദിക്കാനുള്ള ശുപാർശ 13-01-2011-ൽ ഗവൺമെന്റിന് കൊടുത്തിരുന്നു. പക്ഷേ തീരുമാനമുണ്ടായില്ല. ഇന്നത്തെ സാഹചര്യത്തിൽ 2011-ലെ ഷെഡ്യൂളിൽ അത് റിവൈസ് ചെയ്താൽ മാത്രമേ പണി നടക്കാൻ സാധ്യതയുള്ളൂ. ആ കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: പണി നടക്കുമോ?

ശ്രീ. കെ. സി. ജോസഫ്: അധികമായ സാമ്പത്തിക ബാദ്ധ്യതയാണ്. 2004-ലാണ് പണി ഏറ്റെടുത്തിരിക്കുന്നത്. പണി മുടങ്ങിയ റോഡുകൾ 2011-ലെ നിരക്കിൽ റിവൈസ് ചെയ്ത് ടെണ്ടർ വിളിക്കാനാണ് ഇപ്പോൾ ഗവൺമെന്റ് ആലോചിക്കുന്നത്.

**വടകര ചോമ്പാൽ ഫിഷിംഗ് ഹാർബറിൽ അടിസ്ഥാന സൗകര്യം**

ശ്രീ. സി. കെ. നാണു: സർ, വടകര ചോമ്പാൽ ഫിഷിംഗ് ഹാർബർ നല്ല നിലയിൽ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഒരു ഹാർബറാണ്. അവിടെ അടിയന്തിരമായി നടക്കേണ്ട ചില കാര്യങ്ങൾ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ സമർപ്പിക്കുകയാണ്. ബോട്ടുകൾ ഹാർബറിനകത്ത് ഇടാൻ രണ്ട് ഭാഗത്തായി ജെട്ടികൾ വേണം. ഹാർബറിനകത്ത് മണൽ കൂടുതലായി അടിഞ്ഞുകൂടിയിരിക്കുന്നതുകൊണ്ട് ചിലപ്പോൾ ബോട്ടുകൾ മണലിലും പാറയിലും തട്ടി അപകടത്തിൽപ്പെടുന്നുണ്ട്. അതുകൊണ്ട് ഹാർബറിനകത്തുള്ള മണൽ വാരാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ഹാർബറിന്റെ പരിസരത്ത് ദു:സഹമായ മലിനീകരണ പ്രശ്നമുണ്ട്. അടുത്ത ദിവസം ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്ന അവസരത്തിൽ അദ്ദേഹത്തിന്റെ മുമ്പിൽത്തന്നെ മത്സ്യത്തൊഴിലാളികൾ കാര്യങ്ങൾ വ്യക്തമായി വിശദീകരിച്ച താണ്. മാലിന്യപ്രശ്നം ഒഴിവാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരി ക്കണം. വടകര മുനിസിപ്പാലിറ്റിയിലെ അഴിത്തല ഫിഷ് ലാന്റിംഗ് സെന്റർ വികസിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ പി. ഡബ്ല്യു. ഡി. ക്കോ പഞ്ചായത്തിനോ സാമ്പത്തികമായി സഹായിക്കാൻ സാധിക്കാത്ത കട ലോര ഭാഗത്തുള്ള റോഡുകളുടെ പണി നടത്തണമെന്നുകൂടി അഭ്യർത്ഥി ക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ നൽകിയ നിവേദനത്തിന്റെ അടി സ്ഥാനത്തിൽ അവയ്ക്ക് എത്രയുംവേഗം അനുമതി നൽകണമെന്ന് അപേക്ഷി ക്കുന്നു.

**വടകര ചോമ്പാൽ ഫിഷിംഗ് ഹാർബറിൽ അടിസ്ഥാന സൗകര്യം**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പരമ്പരാഗതമായി മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള ളങ്ങൾ കരയ്ക്കടുപ്പിക്കുന്നതിനുവേണ്ടി ഉദ്ദേശിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ളതാ ണ് ചോമ്പാൽ മത്സ്യബന്ധന തുറമുഖം. അവിടെ യന്ത്രവൽക്കൃത ബോട്ടു കൾ കരയ്ക്കടുപ്പിച്ച് നങ്കൂരമിടുന്നതിനുള്ള സംവിധാനങ്ങളായ വാർഫും ജെട്ടിയും നിർമ്മിച്ചിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവ ശ്യമനുസരിച്ച് അവിടെ യന്ത്രവൽക്കൃത ബോട്ടുകൾ കരയ്ക്കടുപ്പിക്കുന്നതി നുള്ള സംവിധാനം ഏർപ്പാടാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കേരള ത്തിൽ നിർമ്മാണം പൂർത്തിയാക്കിയ മത്സ്യബന്ധന തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുന്നതിനായി കേന്ദ്ര-സംസ്ഥാന പദ്ധതിയായി 10 കോടി 54

ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തെ മണൽ ഡ്രഡ്ജ് ചെയ്യുന്നതിന് 355 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ചോമ്പാൽ മത്സ്യബന്ധന തുറമുഖത്ത് മലിനീകരണ പ്ലാന്റ്, വാട്ടർ ടാങ്ക്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിന് 336 ലക്ഷം രൂപയുടെ പദ്ധതിക്ക് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിൽ നിന്നും 06-06-2011-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതുൾപ്പെടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള ദർഘാസ് ക്ഷണിക്കുകയും ദർഘാസ് അംഗീകാരത്തിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഹാർബറും പരിസരവും ദിവസേന വൃത്തിയാക്കുന്നതിന് കുടുംബശ്രീ പ്രവർത്തകരുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. എൻ. എഫ്. ഡി. ബി.-യിൽ നിന്നും ഭരണാനുമതി ലഭിച്ച, ശേഷിക്കുന്ന നവീകരണ പ്രവൃത്തികൾ ചെയ്തുവരുന്നു. ഇത് പൂർത്തിയാക്കിയതിനുശേഷം ഹാർബറിന്റെ രണ്ടാം ഘട്ട വികസന നിർദ്ദേശം ഗൗരവമായി പരിശോധിക്കുന്നതാണ്. വടകരയിലെ അഴിത്തലയിൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം നിർമ്മിക്കുന്നതിനായി 15 ലക്ഷം രൂപയുടെ ഭരണാനുമതി 16-05-2009-ൽ നൽകി. 3 പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടും ഓഫറുകളൊന്നും ലഭിച്ചിട്ടില്ല. അതുകൊണ്ട് പുതുക്കിയ 20 ലക്ഷം രൂപയുടെ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് 04-06-2012-ൽ കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ച റോഡുകളുടെ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. പക്ഷെ ആ റോഡുകൾ പലതും ടെണ്ടർ ചെയ്തിട്ടുണ്ട്; ചിലതെല്ലാം നടപടികൾ പൂർത്തിയായി വരികയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അവിടത്തെ മത്സ്യത്തൊ

ഴിലാളികളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. ഗവൺമെന്റ് ആ കാര്യത്തിൽ അനുകൂലമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചട്ടം 153 (2) പ്രകാരം ധനവിനിയോഗ ബിൽ 1.30-നാണ് വോട്ടിനിടേണ്ടത്. 1.30-ന് വോട്ടിന് ഇടണമെങ്കിൽ 12.00-ന് ചർച്ച ആരംഭിക്കണം. സബ്മിഷൻ കുറച്ചുകൂടി തീരാനുണ്ട്. അതുകൊണ്ട് സമയം വേവ് ചെയ്യാൻ കൺസെൻസ് ചോദിക്കുന്നു. അതിന് സഭയുടെ അനുമതി വേണം. സബ്മിഷൻ കഴിഞ്ഞ ഉടൻ തന്നെ ധനവിനിയോഗ ബിൽ എടുക്കാം. വേവ് ചെയ്യാവുന്നതാണ്.

**കൊച്ചിയിലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സ്റ്റഡീസിന് പുതിയ കോഴ്സുകൾ**

ശ്രീ. ലൂഡി ലൂയിസ്: സർ, ഗവേഷണ പ്രവർത്തനങ്ങൾക്കു മാത്രമായുള്ള ഇന്ത്യയിലെ ഏറ്റവും വലിയ സർവ്വകലാശാലയാണ് കൊച്ചിയിലെ ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സ്റ്റഡീസ്. സമുദ്ര പഠനരംഗത്ത് ആധുനിക വിജ്ഞാനം പ്രയോജനപ്പെടുത്തി പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിഞ്ഞാൽ ഇത് മത്സ്യബന്ധന-മത്സ്യക്കൃഷി മേഖലയുടെ വികസനക്കുതിപ്പിനും ഈ മേഖലയിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വയംസംരംഭകരെ വളർത്തിയെടുക്കുന്നതിനും ഭക്ഷ്യോത്പ്പാദന വർദ്ധനവിനും നാടിന്റെ സാമ്പത്തിക ഉന്നമനത്തിനും കാരണമാകും. ആയതിനാൽ ആധുനിക സാങ്കേതിക അറിവുകൾ പ്രയോജനപ്പെടുത്തി കൊച്ചിയിൽ സ്ഥാപിതമായിട്ടുള്ള കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സ്റ്റഡീസിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ആധുനിക

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കൂടുതൽ സാമ്പത്തിക സഹായങ്ങൾ അനുവദിക്കണമെന്നും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

## കൊച്ചിയിലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സ്റ്റഡീസിന് പുതിയ കോഴ്സുകൾ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കൊച്ചി സമുദ്ര പഠന സർവ്വകലാശാലയെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സർവ്വകലാശാലയായി ഉയർത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടും സെനറ്റും ഉടൻ നിലവിൽ വരും. സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ നബാർഡിൽ നിന്നും 48 കോടി രൂപ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. സർവ്വകലാശാല നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്ര ഭൗമ മന്ത്രാലയം 3.5 കോടി രൂപ ഗവേഷണ പദ്ധതികൾക്ക് അനുവദിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും അതുവഴി മത്സ്യമേഖലയുടെ നേട്ടങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി 6.5 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സർവ്വകലാശാല നടത്തുന്ന സമുദ്ര പഠന ഗവേഷണ പ്രവർത്തനങ്ങൾക്കായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കപ്പൽ ഉടൻ വാങ്ങുന്ന

താണ്. അടുത്ത അക്കാഡമിക് ഇയറിൽ സർവ്വകലാശാലയിൽ പുതിയതായി 7 പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളും രണ്ട് പി. ജി. ഡിപ്ലോമ കോഴ്സുകളും ആരംഭിക്കുന്നതാണ്. അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും താമസ സൗകര്യത്തിനായി 7 കോടി രൂപ ചെലവിൽ ഫ്ളാറ്റ് നിർമ്മിക്കുന്നതാണ്. കർഷകർക്ക് 30 ലക്ഷം രൂപയുടെ ചെമ്മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സമുദ്ര ജീവികളിൽ നിന്നും മനുഷ്യന് ഗുണകരമായ ഔഷധങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 94 ലക്ഷം രൂപയുടെ ഒരു പദ്ധതി അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സർവ്വകലാശാലയുടെ തിരുവല്ലം സ്റ്റേഷനിൽ 1.85 കോടി രൂപ ചെലവിൽ വിജ്ഞാന വ്യാപന കേന്ദ്രം സ്ഥാപിക്കുന്നതാണ്. 1.6 കോടി രൂപ ചെലവിൽ ഒരു മാതൃകാ മത്സ്യ സംസ്ക്കരണശാല, ഡാറ്റ അപഗ്രഥന കേന്ദ്രം എന്നിവയും സ്ഥാപിക്കുന്നതാണ്. ഈ സർവ്വകലാശാലയെ ഈ മേഖലയിലെ ഒരു മികച്ച സ്ഥാപനമായി വളർത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

**മഹാകവി ജി. ശങ്കരക്കുറിപ്പിന് എറണാകുളത്ത് സ്മാരകം**

ശ്രീ. ബെന്നി ബെഹനാൻ : സർ, മഹാകവി ജി. ശങ്കരക്കുറിപ്പിന് ഒരു സ്മാരകം എറണാകുളത്ത് നിർമ്മിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വിവിധതലങ്ങളിൽ പ്രാഗത്ഭ്യം പ്രകടിപ്പിച്ച ആളുകളെ, ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് രാജ്യസഭയിലേയ്ക്ക് നോമിനേറ്റ് ചെയ്യണമെന്ന പട്ടികയിൽപ്പെടുത്തി, കേരളത്തിൽ നിന്ന് ആദ്യമായി രാജ്യസഭയിലേയ്ക്ക് നോമിനേറ്റ് ചെയ്ത രാജ്യസഭാംഗമാണ് ജി. ശങ്കരക്കുറിപ്പ്. ഇത്രയും പ്രാഗത്ഭ്യം തെളിയിച്ച ഒരു വ്യക്തിക്ക് നമ്മുടെ നാട്ടിൽ ഒരു

സ്മാരകമില്ലെന്നത് വളരെ അപമാനകരമാണ്. ഇതിനുവേണ്ടിയുള്ള ശ്രമം ബഹുമാന്യനായ കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ നടത്തിയിരുന്നു. എറണാകുളത്ത് ഗോശ്രീ പാലത്തിനടുത്ത് ഏകദേശം ഒരേക്കർ സ്ഥലം മഹാകവി ജി. ശങ്കരക്കുറിപ്പിന്റെ സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി അന്ന് മാർക്ക് ചെയ്ത് മാറ്റിയിട്ടതാണ്. അതിനുശേഷം ഒരു നടപടിയും പിന്നീട് ഈ സംസ്ഥാനത്ത് അധികാരത്തിൽ വന്ന ഒരു ഗവൺമെന്റും സ്വീകരിച്ചില്ല. ആ സ്ഥലം അളന്നുതിരിച്ച് കൊച്ചിൻ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടിപോലും പൂർത്തീകരിച്ചിട്ടില്ല. നമ്മുടെ നാട്ടിൽ എത്രയോ സ്മാരകങ്ങളുണ്ട്. മലയാളഭാഷ ശ്രേഷ്ഠഭാഷയായി അംഗീകരിക്കുന്ന ഈ സമയത്തെങ്കിലും കേരളീയർക്ക് അഭിമാനിക്കാവുന്ന ഈ തീരുമാനമെടുക്കണം. അത് കോർപ്പറേഷനെ ഏൽപ്പിച്ചില്ലെങ്കിലും പ്രശ്നമില്ല. ഇവിടെ പല സ്മാരകങ്ങൾക്കും അതിനുവേണ്ടിയുള്ള കമ്മിറ്റികളുണ്ടാക്കിയിട്ടുണ്ട്. വളരെ പ്രഗത്ഭന്മാരായ ആളുകളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റിയുണ്ടാക്കി മഹാകവി ജി. ശങ്കരക്കുറിപ്പിന് ഒരു സ്മാരകം അടിയന്തരമായി പണിയുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ വിനയപുരസരം അഭ്യർത്ഥിക്കുന്നു.

**മഹാകവി ജി. ശങ്കരക്കുറിപ്പിന് എറണാകുളത്ത് സ്മാരകം**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട ശ്രീ ബെന്നി ബെഹനാൻ പറഞ്ഞ കാര്യം വളരെ ഗൗരവമായ വിഷയമാണ്. മലയാളത്തിൽ ആദ്യമായി ജ്ഞാനപീഠം അവാർഡ് നേടിയ മഹാകവി ജി. ശങ്കരക്കുറിപ്പിന് ഒരു സ്മാരകം ഇനിയും ഉണ്ടായിട്ടില്ലെന്നുള്ളത് ഒരിക്കലും നമുക്ക് ഉൾക്കൊളളാൻ കഴിയുന്ന കാര്യമല്ല. അദ്ദേഹത്തിന് ആദ്യമായി ലഭിച്ച ജ്ഞാനപീഠം

അവാർഡ് തുകയിൽ ഒരു ഭാഗം മാറ്റിവച്ചിട്ടാണ് ഓടക്കുഴൽ അവാർഡ് ഏർപ്പെടുത്തിയത്. അദ്ദേഹത്തിന്റെ വസതിയായ ഭദ്രാലയത്തിലിപ്പോൾ അദ്ദേഹത്തിന്റെ പിൻഗാമികൾ താമസിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ഗോശ്രീ പാലത്തിന്റെ ഭാഗത്ത് സ്ഥലം അവയിലബിൾ ആണെന്നാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ബെന്നി ബെഹനാൻ : ആ ഓർഡറിന്റെ കോപ്പി തരാം.

ശ്രീ. കെ. സി. ജോസഫ് : അത് കണക്കിലെടുത്തുകൊണ്ട് എത്രയും വേഗം ആ സ്ഥലം കൈവശപ്പെടുത്തി അളന്ന് തിരിച്ച് സാംസ്ക്കാരിക വകുപ്പ് മുൻകൈ എടുത്തുകൊണ്ട് ഉചിതമായ സ്മാരകമുണ്ടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതായിരിക്കും.

**കൊച്ചി മുസരീസ് ബിനാലേയ്ക്ക് സാമ്പത്തിക സഹായം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ ഇത് എന്റേത് മാത്രമായിട്ടല്ല, ഈ സഭയിലെ ബഹുഭൂരിപക്ഷം എം.എൽ.എ.-മാർക്കുവേണ്ടി കൂടി അവതരിപ്പിക്കുകയാണ്. കൊച്ചി മുസരീസ് ബിനാലേ ഒരു അത്ഭുതമായിട്ട് നടന്നുകൊണ്ടിരിക്കുകയാണ്. അതിനെ സാമ്പത്തികമായി സഹായിക്കണമെന്നതാണ് എന്റെ ആവശ്യം. 5 കോടി രൂപ അവർക്ക് നേരത്തെ കൊടുത്തിരുന്നു. അതിൽ 3 കോടിയോളം രൂപ കൊച്ചിയിലെ ഡർബാർ ഹാൾ മ്യൂസിയം നന്നാക്കുന്നതിനുവേണ്ടിയാണ് ചെലവാക്കിയത്. പക്ഷേ ചില പ്രത്യേക സാങ്കേതിക കുരുക്കിൽപ്പെട്ട് ഗവൺമെന്റ് അന്വേഷണം പ്രഖ്യപിച്ചു. ക്യാബിനറ്റ് അത് ഒന്നുകൂടി റിവ്യൂ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. എന്നുമാത്രമല്ല ഇപ്പോൾ വലിയ കടത്തിലാണ് അവർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

ഏകദേശം 28 കോടി രൂപയോളം വേണ്ടിടത്ത് ഇപ്പോൾതന്നെ ബിൽ ഒരുപാട് പെൻഡിംഗിലാണ്. അതുകൊണ്ട് കൊച്ചി മുസരീസ് ബിനാലേയെ അംഗീകരിക്കാനും കേരളത്തിനും ഇന്ത്യയ്ക്കും നേടിത്തരുന്ന പ്രശസ്തി അംഗീകരിച്ചുകൊണ്ട് അവരെ സാമ്പത്തികമായി സഹായിക്കാനും തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## കൊച്ചി മുസരീസ് ബിനാലേയ്ക്ക് സാമ്പത്തിക സഹായം

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, കൊച്ചി മുസരീസ് ബിനാലേയ്ക്കുവേണ്ടി 3.2.2010-ൽ സംസ്ഥാന ഗവൺമെന്റ് സർക്കാർ മുസരീസ് പ്രോജക്ടിൽ നിന്നും 5 കോടി രൂപ അനുവദിച്ചിരുന്നു. അതിലൊരു ഭാഗം ചെലവഴിച്ചാണ് ഡർബാർ ഹാൾ നവീകരിച്ചത്. അതുമായി ബന്ധപ്പെട്ട് കേരളത്തിലെ ചില കലാകാരന്മാർ പരാതിയുന്നയിക്കുകയും ഗവൺമെന്റ് അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബിനാലേയ്ക്ക് സാമ്പത്തിക സഹായം ഒഴികെ എല്ലാ സഹായവും ചെയ്യാനാണ് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചത്. അതിനുവേണ്ടി അവർക്ക് ഡർബാർ ഹാൾ മൂന്ന് മാസക്കാലം വാടകയില്ലാതെ കൊടുത്തുകഴിഞ്ഞു. ഇവിടെ ശ്രീ ഡൊമിനിക്ക് പ്രസന്റേഷൻ ഉന്നയിച്ച കാര്യത്തിൽ നേരത്തെ ക്യാബിനെറ്റ് തീരുമാനിച്ചിരുന്നത് സാമ്പത്തിക സഹായം വേണ്ടെന്നായിരുന്നു. കൊച്ചി ബിനാലേ ഒരു അത്ഭുതമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ സഭയിലെ അപ്പുറത്തും ഇപ്പുറത്തുമുള്ള നിരവധി ആളുകൾ ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളത് കണക്കിലെടുത്ത് അടുത്ത ക്യാബിനറ്റ് യോഗത്തിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

## പത്രപ്രവർത്തകർക്കുള്ള പെൻഷൻ വർദ്ധനവ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ജനാധിപത്യ സംവിധാനത്തിന്റെ ഫോർത്ത് എസ്റ്റേറ്റാണ് മാധ്യമങ്ങൾ. പുതിയ തലമുറയിൽ നിന്നും വ്യത്യസ്തമായി പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി വളരെ ഭംഗിയായി ദൗത്യം നിർവ്വഹിച്ചവരാണ് കേരളത്തിലെ പഴയ തലമുറയിലെ പല പത്രപ്രവർത്തകരും. പക്ഷേ അവരൊക്കെ വിരമിച്ചതിനുശേഷം ഇപ്പോൾ വളരെ പ്രയാസത്തോടുകൂടിയാണ് ശിഷ്ട ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നത്. കാരണം ജീവിതച്ചെലവ് വർദ്ധിച്ചിരിക്കുന്നു. പലർക്കും മരുന്നുവാങ്ങാൻ പോലും കാശില്ലാത്ത അവസ്ഥയിലാണ്. ഇപ്പോൾ ഇവർക്ക് കേവലം 4,000 രൂപയാണ് പെൻഷനായി ലഭിക്കുന്നത്. കോൺട്രിബ്യൂഷൻ ഇല്ലാതെ തമിഴ്നാട് 6,000 രൂപയാണ് പെൻഷനായി നൽകുന്നത്. അതുകൊണ്ട് നമ്മുടെ കേരളത്തിലെ വിരമിച്ച പത്രപ്രവർത്തകന്മാർക്ക് പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കണം.

## പത്രപ്രവർത്തകർക്കുള്ള പെൻഷൻ വർദ്ധനവ്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, പ്രധാനമായും കേരളത്തിലെ ജേണലിസ്റ്റുകൾക്കുവേണ്ടി മൂന്ന് തരം പെൻഷനാണുള്ളത്. പ്രമുഖ പത്രപ്രവർത്തക പെൻഷന് 2,500 രൂപയും അവശ പത്രപ്രവർത്തക പെൻഷൻ 1500 രൂപയും പത്രപ്രവർത്തക പെൻഷൻ 4000 രൂപയുമാണ്. 2012-2013 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പത്രപ്രവർത്തകർക്ക് ലഭിക്കുന്ന പെൻഷൻ 500 രൂപ വീതം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയു

ണ്ടായി. പത്രപ്രവർത്തക പെൻഷൻ വർദ്ധിപ്പിക്കുമ്പോൾ ആനുപാതികമായി ആശ്രിതപെൻഷനും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യം പരിഗണനയിലാണ്. എല്ലാത്തരം പത്രപ്രവർത്തക പെൻഷനും 500 രൂപയാക്കി വർദ്ധിപ്പിക്കാനും ആശ്രിത പെൻഷൻ 250 രൂപയാക്കി വർദ്ധിപ്പിക്കാനും ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പത്രപ്രവർത്തകർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ 4,000 രൂപയിൽ നിന്നും 4,500 രൂപയാക്കി വർദ്ധിപ്പിച്ചുകഴിഞ്ഞു. ഇത് ഈ സാമ്പത്തിക വർഷത്തെ ആരംഭം മുതൽ അതായത് 1.4.2012 മുതൽ നടപ്പിൽവരുന്നതാണ്. ഈ വർദ്ധനവ് കേരളത്തിലെ സീനിയർ ജേണലിസ്റ്റുകൾക്കും ബാധകമാക്കുന്നതായിരിക്കും.

**രാജാരവിവർമ്മയ്ക്ക് സ്മാരകം**

ശ്രീ. ബി. സത്യൻ : സർ, വരയുടെ തമ്പുരാൻ രാജാരവിവർമ്മയ്ക്ക് ജന്മം നൽകിയ സ്ഥലമാണ് കിളിമാനൂർ എന്ന വളരെ ചരിത്ര പ്രാധാന്യമുള്ള പ്രദേശം. കിളിമാനൂർ എന്ന് കേൾക്കുമ്പോൾതന്നെ രാജാരവിവർമ്മയെയാണ് നാം ഓർക്കുന്നത്. വിശ്വപ്രസിദ്ധനായിട്ടുള്ള ഈ ചിത്രകാരന് ഉചിതമായ സ്മാരകം നിർമ്മിക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അങ്ങ് മുൻകൈ എടുക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്തകാലത്തായി ഉത്ഘാടനം നിർവ്വഹിക്കുകയും നിർമ്മാണം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന വിശ്വപ്രസിദ്ധ ചിത്രകാരൻ രാജാരവിവർമ്മയ്ക്കുവേണ്ടിയുള്ള സ്മാരക നിർമ്മാണം ആദ്യഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന്റെ അടിയന്തര ധനസഹായവും കേന്ദ്ര ഗവൺമെന്റിന്റെ സഹായവും കൂടി പ്രയോജനപ്പെടുത്തി ദേശീയ നിലവാരമുള്ള ചിത്രകലാ പഠനം ഉൾപ്പെടെ നടത്താൻ കഴിയത്തക്ക നിലയിലുള്ള

ഒരു ഇൻസ്റ്റിറ്റ്യൂട്ടായി രൂപപ്പെടുത്തിയെടുക്കുന്നതിന് അങ്ങ് മുൻകൈ എടുക്കണമെന്നും കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക സഹായം കൂടി പ്രയോജനപ്പെടുത്താനുള്ള സജീവമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

## രാജാ രവിവർമ്മയ്ക്ക് സ്മാരകം

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട അംഗം ബി. സത്യൻ വളരെയേറെ താല്പര്യപൂർവ്വം ഉന്നയിച്ച വിഷയമാണിത്. ലോകപ്രശസ്തനായ ചിത്രകാരൻ രാജാ രവിവർമ്മയ്ക്ക് ജന്മം നൽകിയ കിളിമാനൂർ കൊട്ടാരം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടമായി 29 ലക്ഷം രൂപ ചെലവിൽ കിളിമാനൂർ കൊട്ടാരം നവീകരിച്ചിട്ടുണ്ട്. ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ രാജാ രവിവർമ്മയുടെ സ്മൃതി മണ്ഡപത്തിന്റെ സംരക്ഷണജോലികൾ 6.34 ലക്ഷം ചെലവിൽ പൂർത്തീകരിച്ചു കഴിഞ്ഞു. കിളിമാനൂരിൽ രാജാ രവിവർമ്മ സ്മാരക സമുച്ചയ നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം 80 ലക്ഷം രൂപ ചെലവിൽ നടന്നുകൊണ്ടിരിക്കുകയാണ്. സ്മാരക നിർമ്മാണത്തിന് 2 കോടി രൂപ ചെലവ് വരുന്ന സമഗ്രമായ പദ്ധതി സംസ്ഥാന ലളിതകലാ അക്കാദമി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. തീർച്ചയായും അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഈ സ്മാരകത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കാനും സമയബന്ധിതമായി ഇത് പൂർത്തിയാക്കാനും നടപടി സ്വീകരിക്കുന്നതാണ്.

## ചാലക്കുടിയിൽ ട്രാംവേയെക്കുറിച്ച് ഒരു പൈതൃക മ്യൂസിയം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി ആസ്ഥാനമായി പറമ്പിക്കുളം കാടുകളിൽ നിന്നും തേക്ക്, ഈട്ടി മുതലായ വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി 1905-ൽ കൊച്ചിൻ ഫോറസ്റ്റ് ട്രാംവേ ആരംഭിക്കുകയും 1963-ൽ അത് നിർത്തലാക്കുകയും ചെയ്തിട്ടുള്ളതാണ്. ലോക റെയിൽവേയുടെ ചരിത്രത്തിലെതന്നെ അത്ഭുതങ്ങളിൽ ഒന്നായിരുന്നു വളരെയേറെ പ്രാധാന്യമേറിയ കൊച്ചിൻ ഫോറസ്റ്റ് ട്രാംവേ. ബ്രിട്ടീഷ് റെയിൽ ലൈൻ ടെക്നോളജിയും ജർമൻ എഞ്ചിൻ സാങ്കേതികവിദ്യയും സമന്വയിപ്പിച്ചാണ് ഇത് പണികഴിപ്പിച്ചിരുന്നത്. ഒന്നും രണ്ടും ലോകമഹായുദ്ധകാലത്ത് ആവശ്യമായി വന്ന തടിഉരുപ്പടികൾ ട്രാംവേ വഴിയാണ് കൊച്ചി ഹാർബറിൽ നിന്ന് ലോകരാജ്യങ്ങളിലേയ്ക്ക് കൊണ്ടുപോയത്. ഇൻഡ്യൻ റെയിൽവേയ്ക്ക് ആവശ്യമായ സ്ലീപ്പറുകളും പ്രധാനമായി ഇവിടെ നിന്നാണ് കൊണ്ടുപോയിട്ടുള്ളതെന്ന് രേഖകൾ സൂചിപ്പിക്കുന്നു. ട്രാംവേ ആരംഭിച്ചതോടെ ചാലക്കുടി തടിവ്യവസായത്തിന്റെ കേന്ദ്രമായി. വിവിധ ഭാഷകൾ സംസാരിക്കുന്ന, വ്യത്യസ്ത സംസ്കാരമുള്ള സമൂഹങ്ങൾ ഇവിടെ എത്തിച്ചേർന്നു, മതമൈത്രി ഊട്ടി ഉറപ്പിച്ചു. ഇത്രയും ചരിത്രപ്രാധാന്യമുള്ള ചാലക്കുടിയിലെ ട്രാംവേയെക്കുറിച്ച് പുതിയ തലമുറയെ ബോധവാൻമാരാക്കുന്ന തരത്തിലുള്ള രേഖകൾ സംസ്ഥാനത്തിന് ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. ആയതുകൊണ്ട് കേരളത്തിലെ ഉത്തരവാദിത്ത ടൂറിസത്തിനും സംസ്കാരിക വകുപ്പിനും മുതൽക്കൂട്ടാവുന്ന തരത്തിൽ ചാലക്കുടി കേന്ദ്രമായി ട്രാംവേയെക്കുറിച്ച് ഒരു പൈതൃക മ്യൂസിയം സ്ഥാപിക്കണ

മെന്നും സാംസ്കാരികം, ടൂറിസം വകുപ്പുകൾ സംയോജിച്ച് ഇതിനായി നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## ചാലക്കുടിയിൽ ട്രാവേയെക്കുറിച്ച് ഒരു പൈതൃക മ്യൂസിയം

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ബി.ഡി. ദേവസ്സി ചൂണ്ടിക്കാണിച്ചതുപോലെ 1905-ൽ ട്രാംവേ ആരംഭിക്കുകയും 1963-ൽ അത് നിർത്തലാക്കുകയുമുണ്ടായി. അദ്ദേഹം പറഞ്ഞതുപോലെ റെയിൽവേയുടെ ചരിത്രത്തിൽതന്നെ അസാധാരണമായ ഒന്നായിരുന്നു കൊച്ചിൻ ട്രാംവേ. ബ്രിട്ടീഷ് റെയിൽ ലൈൻ ടെക്നോളജിയും ജർമൻ എഞ്ചിൻ സാങ്കേതികവിദ്യയും സമന്വയിപ്പിച്ചു കൊണ്ടാണ് ഇത് പൂർത്തിയാക്കിയത്. തീർച്ചയായും ഇതൊരു പുരാവസ്തു സ്മാരകമാണ്. സാംസ്കാരിക, ടൂറിസം വകുപ്പുകൾ സംയോജിതമായി ചാലക്കുടി ട്രാംവേയെക്കുറിച്ചുള്ള പൈതൃക മ്യൂസിയം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സാംസ്കാരിക വകുപ്പ് ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതും പുരാവസ്തു ഡയറക്ടറോട് ഇതിന്റെ ചരിത്ര അവശേഷിപ്പുകൾ ലഭ്യമാക്കുവാനാവശ്യപ്പെടുകയും അത് ലഭിക്കുന്ന മുറയ്ക്ക് മുമ്പോട്ടു പോകുകയും ചെയ്യും.

## സ്റ്റാഫും മറ്റ് അടിസ്ഥാന സൗകര്യങ്ങളും

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മലബാറിലെ പാവപ്പെട്ടവരും അശരണരുമായ രോഗികളുടെ ആശ്വാസകേന്ദ്രമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. ജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ

നൽകുന്നതിനുവേണ്ടി അവിടെയൊരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ രൂപീകരിക്കുകയുണ്ടായി. അത് ഇപ്പോൾ രോഗികൾക്ക് വലിയ പ്രയാസമു ണ്ടാക്കുന്ന സ്ഥാപനമായി മാറിയിരിക്കുകയാണ്. 500 ബെഡ്ഡുകളുള്ള പ്രസ്തുത ആശുപത്രിയിൽ 100 ബെഡ്ഡുകളിലുള്ള രോഗികളെ പരിചരിക്കുന്ന തിനാവശ്യമായ സ്റ്റാഫ് മാത്രമേ നിലവിലുള്ളൂ. അതാണ് പ്രധാനപ്പെട്ടതും ഗുരുതരവുമായിട്ടുള്ള പ്രശ്നം. സ്റ്റാഫിന്റെ പട്ടികയൊന്നും സമയക്കുറവ് കൊണ്ട് ഞാൻ പറയുന്നില്ല. അതുപോലെത്തന്നെ ഈ ഹോസ്പിറ്റലിനോടനു ബന്ധിച്ച് ആധുനിക രീതിയിലുള്ള ഒരു ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി 15 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കുകയും ടെണ്ടർ വയ്ക്കുകയും ചെയ്തതാണ്. പക്ഷേ സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾക്കും രോഗികൾക്കും ഏർപ്പെടുത്തിയിരിക്കുന്ന ആശ്വാസ നടപടികളുടെ പ്രയോജനം പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കുന്നതിനായി ആവശ്യമായ സ്റ്റാഫിനെ നിയോഗിക്കുന്നതിനും മതിയായ സംവിധാനം ഏർപ്പെടുത്തുന്ന തിനും ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തീയറ്റർ പ്രവർത്തനക്ഷമമാക്കു ന്നതിനും വേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നാണ് ബഹുമാന പ്പെട്ട ഗവൺമെന്റിനോട് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

## സ്റ്റാഫും മറ്റ് അടിസ്ഥാന സൗകര്യങ്ങളും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2006-ൽ പ്രവർത്തനമാരംഭിച്ച കോഴിക്കോട് മെഡി ക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ആറു വകുപ്പുകളി

ലായി 240 കിടക്കകളും എം.ആർ.ഐ., കാത്ത് ലാബ്, ഡയാലിസിസ് മുതലായവയുടെ പ്രവർത്തനങ്ങളും നടക്കുകയാണ്. മെഡിക്കൽ ജീവനക്കാർ ആവശ്യത്തിനുണ്ടെങ്കിലും മറ്റു ജീവനക്കാരുടെ അഭാവം ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. നേഴ്സിംഗ് സ്റ്റാഫ്, ഹോസ്പിറ്റൽ അറ്റൻഡർ ഉൾപ്പെടെ 81 ജീവനക്കാരെ നിയമിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുകൊണ്ട് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഒ.പി. ടിക്കറ്റ് വിതരണം ചെയ്യുന്നുണ്ട്. പ്രത്യേക ഭരണ സംവിധാനം നിലവിലില്ലാത്തതിനാൽ അഡ്മിഷൻ രജിസ്റ്റർ മെഡിക്കൽ കോളേജാശുപത്രിയിൽ നിന്നാണ് വിതരണം ചെയ്യുന്നത്. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ടോയ്ലറ്റ് സൗകര്യമുണ്ടെങ്കിലും ആവശ്യത്തിന് തികയാത്തതുകൊണ്ട് പുറത്ത് പേയിംഗ് ടോയ്ലറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ഓപ്പറേഷൻ കോംപ്ലക്സ് ഉണ്ടാക്കുവാൻ വേണ്ടി 15 കോടി രൂപയുടെ ഒരു വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ സാങ്കേതികമായ തടസ്സങ്ങളെന്താണെന്ന് പരിശോധിച്ച് വേണ്ടുന്ന അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

## ബി.ഡി.എസ്. പരീക്ഷയിലെ കൂട്ടത്തോൽവി

ശ്രീ. കെ. മുരളീധരൻ: സർ, കേരള ആരോഗ്യ സർവ്വകലാശാല 2012 ആഗസ്റ്റ് മാസം നടത്തിയ ഒന്നാം വർഷ ബി.ഡി.എസ്. പരീക്ഷയിലുണ്ടായ കൂട്ടത്തോൽവി നിമിത്തം വിദ്യാർത്ഥികൾ നേരിടുന്ന പഠനതടസ്സങ്ങളും

ബുദ്ധിമുട്ടുകളും ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എം.ബി.ബി.എസ്. കോഴ്സുൾപ്പെടെയുള്ള പരീക്ഷകളിൽ പിന്തുടരുന്ന രീതിയിൽ നിന്നും വ്യത്യസ്തമായി ബി.ഡി.എസ്. കോഴ്സിലെ വിദ്യാർത്ഥികൾ തിയറി എഴുത്തുപരീക്ഷയിൽ മാത്രമായി 50 ശതമാനം മാർക്ക് വാങ്ങിയിരിക്കണമെന്ന നിബന്ധനയാണ് കൂട്ടത്തോൽവിക്ക് ഇടയാക്കിയ സാഹചര്യമുണ്ടാക്കിയത്. രാജ്യത്തെ മറ്റ് എല്ലാ സർവ്വകലാശാലകളിലും ഇന്റേണൽ അസെസ്മെന്റിന് ലഭിച്ച മാർക്കുകൂടി എഴുത്തുപരീക്ഷയോടൊപ്പം കൂട്ടിച്ചേർത്ത് പാസ് മാർക്ക് കണക്കാക്കുമ്പോൾ ആരോഗ്യ സർവ്വകലാശാലയിൽ എഴുത്തുപരീക്ഷയിൽ മാത്രമായി 50 ശതമാനം മാർക്ക് നേടിയിരിക്കണമെന്ന നിബന്ധന പുതിയതായി കൊണ്ടുവന്നതാണ് പാവപ്പെട്ട വിദ്യാർത്ഥികളെ ഏറ്റവുമധികം പ്രയാസത്തിലാക്കിയിരിക്കുന്നത്. ഉയർന്ന റാങ്ക് വാങ്ങി എം.ബി.ബി.എസ്. കോഴ്സിന് ചേർന്നവർക്ക് ഇല്ലാത്ത ഒരു നിബന്ധന തൊട്ടുതാഴെയുള്ള റാങ്ക് നേടി ബി.ഡി.എസ്. കോഴ്സിന് ചേർന്നവർക്ക് നിഷ്ക്കർഷിച്ചതിലെ യുക്തി മനസ്സിലാക്കാൻ കഴിയുന്നില്ല. ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിബന്ധന തെറ്റായി വ്യാഖ്യാനിക്കുന്നതാണ് ഈ കുഴപ്പങ്ങൾക്കിടയാക്കിയിരിക്കുന്നത്. കൂട്ടത്തോൽവി നേരിട്ട വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും അധികാരികളുടെ മുമ്പിൽ നിവേദനങ്ങളുമായി കയറിയിറങ്ങുകയാണ്. ഇക്കാര്യത്തിൽ സർക്കാർതലത്തിലുള്ള ഇടപെടലുകൾ അടിയന്തിരമായി ഉണ്ടാകേണ്ടതുണ്ട്. പ്രൊഫഷണൽ കോഴ്സിന് ചേർന്ന കുട്ടികളെ തുടക്കത്തിൽതന്നെ നിരാശരാക്കുന്നത് ശരിയല്ല. പരീക്ഷ കൃത്യമായി നടത്തുകയും നിശ്ചിത മാർക്ക് വാങ്ങിയവരെ മാത്രം വിജയിപ്പിക്കുകയും ചെയ്യുക എന്ന തത്വം പാലിക്കുന്നതോടൊപ്പം പരീക്ഷയിലൂടെ

വിദ്യാർത്ഥികളെ പരീക്ഷണവസ്തുക്കളാക്കരുത്. നൂറുക്കണക്കിന് വിദ്യാർത്ഥി കളുടെ ഭാവി അനിശ്ചിതത്വത്തിലാക്കിയിരിക്കുന്ന ഈ വിഷയത്തിൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ ഞാൻ പ്രതീക്ഷിക്കുകയാണ്. ബഹു മാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഇത് നടപ്പാക്കാനുള്ള കാര്യങ്ങൾ ആരോഗ്യ വകുപ്പ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ബി.ഡി.എസ്. പരീക്ഷയിലെ കൂട്ടത്തോൽവി

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആരോഗ്യ സർവ്വകലാശാലയിൽ 2010 അഡ്മിഷൻ മുതലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അഫിലിയേറ്റ് ചെയ്തിട്ടുള്ളത്. 2011 മുതലുള്ള പരീക്ഷകളാണ് സർവ്വകലാശാല നടത്തുന്നത്. ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി ഓഫ് ഡെന്റിസ്ട്രി, അക്കാദമിക് കൗൺസിൽ മുതലായവയുടെ നിബന്ധന ബി.ഡി.എസ്. കോഴ്സിന് 50 ശതമാനം പാസ് മാർക്ക് യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് വേണമെന്നാണ്. 2011 ആഗസ്റ്റ് മാസം സർവ്വ കലാശാല നടത്തിയ ബി.ഡി.എസ്. പരീക്ഷയുടെ ഫലം തയ്യാറാക്കിയതിലെ മാനദണ്ഡവും ഇതുതന്നെയായിരുന്നു. ഇതിനെ ചോദ്യം ചെയ്ത് ബി.ഡി. എസ്. വിദ്യാർത്ഥികൾ സുപ്രീം കോടതിയെ സമീപിച്ചുവെങ്കിലും സുപ്രീം കോടതി സർവ്വകലാശാലയുടെ നടപടി അംഗീകരിക്കുകയാണുണ്ടായത്. 2012 അഡ്മിഷൻ മുതൽ എം.ബി.ബി.എസ്., നേഴ്സിംഗ് ഉൾപ്പെടെയുള്ള മറ്റെല്ലാ ഹെൽത്ത് സയൻസ് കോഴ്സുകളുടെയും പാസ് മാർക്ക് തിയറി പേപ്പറു കൾക്ക് 50 ശതമാനമാക്കി അക്കാദമിക് കൗൺസിൽ നിജപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക് നിലവാരത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്ന ആരോഗ്യ സർവ്വ

കലാശാല എല്ലാ തീരുമാനങ്ങളും അതാത് ബോർഡ് ഓഫ് സ്റ്റഡീസ് ഫാക്കൽറ്റി, അക്കാദമിക് കൗൺസിൽ എന്നിവയുടെ നിർദ്ദേശപ്രകാരമാണ് നടപ്പിലാക്കുന്നത്. 2011 ആഗസ്റ്റ് മാസം നടത്തിയ ഫസ്റ്റ് ബി.ഡി.എസ്. പരീക്ഷ യിൽ 36 ശതമാനം പേർ എല്ലാ വിഷയങ്ങളിലും പാസ്സാവുകയും ഒരു വിഷയ ത്തിൽ തോറ്റവർ ഉൾപ്പെടെ 42 ശതമാനം പേർ പ്രൊമോഷന് അർഹരാവു കയും ചെയ്തു. എന്നാൽ 2012 ആഗസ്റ്റിൽ നടത്തിയ ഫസ്റ്റ് ബി.ഡി.എസ്. പരീക്ഷയിൽ 50 ശതമാനം പേർ എല്ലാ വിഷയങ്ങളിലും പാസ്സാവുകയും ഒരു വിഷയത്തിൽ തോറ്റവർ ഉൾപ്പെടെ 60 ശതമാനം കുട്ടികൾ പ്രൊമോഷന് അർഹരാകുകയും ചെയ്തു. പരീക്ഷാഫലം വരുന്നതിന് മുമ്പ് പരീക്ഷാ നട ത്തിപ്പിനെക്കുറിച്ചോ ചോദ്യപേപ്പറിനെ സംബന്ധിച്ചോ യാതൊരു പരാതിയും ഉണ്ടായിരുന്നില്ല. ഉന്നത നിലവാരം പുലർത്തുന്ന ഗവൺമെന്റ് കോളേജുക ളിലും സ്വാശ്രയ കോളേജുകളിലും താരതമ്യേന റിസൾട്ട് 75 ശതമാനത്തിന് മുകളിലായിരുന്നു. യൂണിവേഴ്സിറ്റിയുടെ മൊത്തത്തിലുള്ള വിജയ ശതമാനം കുറയാൻ കാരണം അക്കാദമിക് നിലവാരത്തിൽ പിന്നിലുള്ള എട്ടോളം കോളേജുകളായിരുന്നു. പൊതുവേ പരീക്ഷാഫലം തൃപ്തികരമല്ലാത്തതിനാൽ ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസിലറുടെ സാന്നിദ്ധ്യത്തിൽ മോശം പ്രകടനം കാഴ്ചവച്ച കോളേജുകളുടെ പ്രിൻസിപ്പൽമാരുമായി പരീക്ഷാഫലം അവലോകനം ചെയ്യുന്നതിനായി ചർച്ച നടത്തിയിട്ടുണ്ട്. അക്കാദമിക് നിലവാ രത്തിനോ പരീക്ഷ നടത്തിപ്പിനോ യാതൊരുവിധ മാറ്റങ്ങളും വരുത്തേണ്ട തില്ലെന്നാണ് പ്രിൻസിപ്പൽമാർ അറിയിച്ചിട്ടുള്ളത്. ഈ പരീക്ഷയുടെ സപ്ലി മെന്ററി പരീക്ഷ 2013 ഫെബ്രുവരി 1-ന് നടത്താൻ വിജ്ഞാപനം പുറപ്പെടുവി ച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കി മാർച്ച് മാസം മധ്യത്തോടെ പരീക്ഷാഫലം

പ്രഖ്യാപിക്കാനാണ് സർവ്വകലാശാല ലക്ഷ്യമിടുന്നത്. പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് നാല് മാസം മാത്രമേ നഷ്ടപ്പെടുകയുള്ളൂ. എന്നിരുന്നാലും ഇവിടെ ചൂണ്ടിക്കാണിച്ച വിഷയത്തിന്റെ ഗൗരവം ഉൾക്കൊള്ളുന്നു. ഇതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. യോഗത്തിൽ മോഡറേഷനായി നൽകുന്ന 5 മാർക്ക് വിഭജിച്ച് ഒന്നിലധികം വിഷയങ്ങൾക്ക് നൽകാൻ കഴിയുമോ എന്ന കാര്യത്തിൽ ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അഭിപ്രായമാരായുവാനും ഇരട്ടമൂല്യ നിർണ്ണയം നടത്തുമ്പോൾ ഏത് മാർക്കാണോ കൂടുതൽ അത് പരിഗണിക്കുവാൻ ഗവേണിംഗ് കൗൺസിലിൽ ചർച്ച ചെയ്തതിനു ശേഷം തീരുമാനമെടുക്കുവാനും ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ബി.ഡി.എസ്.-ന് 200 മാർക്ക് എന്നത് ആരോഗ്യ സർവ്വകലാശാല 250 മാർക്കായി പരിഗണിക്കുമ്പോഴുണ്ടായ മാർക്കിന്റെ വ്യത്യാസത്തിന് ആനുപാതികമായി മോഡറേഷൻ കൂട്ടുവാൻ കഴിയുമോയെന്ന് പരിശോധിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. അതു പ്രകാരം ആരോഗ്യ സർവ്വകലാശാല ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

**മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമിന് ഫണ്ട് അനുവദിക്കൽ**

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, സ്വാതന്ത്ര്യസമര സേനാനികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട കാര്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ആരോഗ്യവകുപ്പിൽ നിന്നും സ്വാതന്ത്ര്യസമര സേനാനികൾക്കായി നൽകുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം ലഭിക്കുന്നതിന് ഇപ്പോൾ സാധാരണയായി ആവശ്യമുള്ളതിലും

കുറവ് ഫണ്ടാണ് മിക്കപ്പോഴും ലഭ്യമാകുന്നത്. ഇതിനെപ്പറ്റി മെഡിക്കൽ കോളേജ് ആശുപത്രിയിൽ അന്വേഷിച്ചാൽ മതിയായ ഫണ്ട് ഡി.എം.ഇ. ഓഫീ സിൽ നിന്നും ലഭിക്കാത്തതിനാലാണ് ബില്ലുകൾ മാറികൊടുക്കാൻ സാധി ക്കാതെ വരുന്നതെന്ന മറുപടിയാണ് ലഭിക്കുന്നത്. ആയതിനാൽ ഇതിനായി നിശ്ചയിച്ചിട്ടുള്ള അക്കൗണ്ട് ഹെഡ്ഡിൽ ആവശ്യത്തിന് പണം അടിയന്തിരമായി മെഡിക്കൽകോളേജുകളിൽ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോ ടൊപ്പം ഈ ബില്ലുകൾ മാറുന്ന നടപടിക്രമത്തിലെ സങ്കീർണ്ണതകൾ ലഘൂകരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമിന് ഫണ്ട് അനുവദിക്കൽ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സ്വാതന്ത്ര്യ സമര സേനാനികൾക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 44 ലക്ഷം രൂപ 2012-2013 -ലെ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ശീർഷകം ഡി.എച്ച്.എസ്.-ന്റെ അധീനതയിലുള്ളതാണ്. ഡി.എം.ഒ., മെഡിക്കൽ കോളേജ് സൂപ്രണ്ട് എന്നി വരാണ് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം അനുവദിക്കുന്നതിന് ചുമത ലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ. ഈ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഈ ശീർഷകത്തിൽ നിന്നും തുക അനുവദിച്ചിരുന്നു. ഈ വർഷം നാളിതുവരെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് 15 ലക്ഷം രൂപ നൽകിയി ട്ടുണ്ട്. മെഡിക്കൽ കോളേജ് വിഭാഗത്തിൽ നിന്നും തിരുവനന്തപുരം മെഡി ക്കൽ കോളേജ് സൂപ്രണ്ട് മാത്രമാണ് തുക ആവശ്യപ്പെട്ടിട്ടുള്ളത്. ആവശ്യ പ്പെട്ടതനുസരിച്ച് അഞ്ചു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആവശ്യമുള്ള തുക

അനുവദിക്കുകയും ചെയ്യുന്നതാണ്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുള്ള അപേക്ഷ ചികിത്സ നൽകുന്ന ആശുപത്രി മുഖേനയാണ് ഡി.എം.ഒ.-ക്ക് നൽകേണ്ടത്. ഡി.എം.ഒ. -മാർക്ക് ഒരു അപേക്ഷയിൽ 25,000/- രൂപവരെ അനുവദിക്കുന്നതിനുള്ള അധികാരം നിലവിലുണ്ട്. സ്വാതന്ത്ര്യ സമര സേനാനികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി ആലോചിക്കുന്നതാണ്.

**ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിന് ശബരിമല ഇടത്താവള പദവി**

ശ്രീ. കെ.. ടി. ജലീൽ : സർ, മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട രണ്ട് ശബരിമല തീർത്ഥാടകരുടെ ഇടത്താവളങ്ങളാണ് ഭാരതപ്പുഴയുടെ തീരത്തുള്ള തവനൂർ മല്ലൂർക്കടവ് ക്ഷേത്രത്തിന് സമീപമുള്ള മിനി പമ്പയും ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ സമീപമുള്ള ചമ്രവട്ടം അയ്യപ്പക്ഷേത്രവും. ഇവ രണ്ടും എന്റെ നിയോജക മണ്ഡലത്തിലാണ്. മിനി പമ്പ ഇതിനകം ശബരിമല തീർത്ഥാടകർക്കായുള്ള ഔദ്യോഗിക ഇടത്താവളമായി സർക്കാർ പ്രഖ്യാപിച്ചു. സമാനമായ നടപടി ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിന്റെ കാര്യത്തിലും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആയിരിക്കണക്കിന് തീർത്ഥാടകർ ഈ സീസണിൽ ഇവിടെ എത്താറുണ്ട്. മിനി പമ്പയിൽ ദാരുണമായി ഉണ്ടായ ഒരു ഭക്തന്റെ മരണത്തെതുടർന്നാണ് മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ അവിടം സന്ദർശിക്കുകയും ഇത്തരമൊരു തീരുമാനം എടുക്കുകയും ചെയ്തത്. സമാനമായിട്ട് തന്നെ കാണേണ്ട ഒരു ക്ഷേത്രമാണ് ചമ്രവട്ടം അയ്യപ്പക്ഷേത്രം. അതിനെയും ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായി പ്രഖ്യാപിക്കാനുള്ള നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## മിനിപമ്പ, ചമ്രവട്ടം ശബരിമല തീർത്ഥാടകർക്കുള്ള ഇടത്താവളമായി പ്രഖ്യാപിക്കൽ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) സർ, ശബരിമലയിലേയ്ക്ക് യാത്ര ചെയ്യുന്ന തീർത്ഥാടകർക്ക് വഴിമദ്ധ്യേ വിശ്രമിക്കുന്നതിനും മറ്റും സൗകര്യം ഒരുക്കാവുന്ന ക്ഷേത്രങ്ങളെയാണ് ഇടത്താവളങ്ങളായി പ്രഖ്യാപിക്കുന്നത്. ഭാരതപ്പുഴയുടെ തീരത്ത് മലപ്പുറം ജില്ലയിലെ തവനൂർ പഞ്ചായത്തിൽ മല്ലൂർക്കടവ് ശിവക്ഷേത്രത്തിനടുത്തുള്ള മിനി പമ്പയും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ധാരാളം തീർത്ഥാടകർ എത്തിച്ചേരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി മിനി പമ്പയെ ശബരിമല ഇടത്താവളമായി പ്രഖ്യാപിച്ചുകൊണ്ടും ഇതിന്റെ അടിയന്തിരാവശ്യങ്ങൾക്കായി മലപ്പുറം ജില്ലാ കളക്ടർക്ക് 10 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടികാണിച്ച ചമ്രവട്ടം അയ്യപ്പക്ഷേത്രത്തെയും ഇടത്താവളമായി പ്രഖ്യാപിക്കുന്നതിനുവേണ്ടിയുള്ള നടപടികളെക്കുറിച്ചും അടുത്ത വർഷം ഈ ഗവൺമെന്റ് ആലോചിക്കുന്നതാണ്.

## വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം

ശ്രീ. സണ്ണി ജോസഫ് : സർ, കേരളം ആരോഗ്യ പരിരക്ഷയുടെ കാര്യത്തിൽ രാജ്യത്തിനാകെ മാതൃകയാണ്. ചികിത്സാരംഗത്ത് ഗവൺമെന്റ് തലത്തിലുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. സർക്കാർ ആശുപത്രികളെയാണ് സംസ്ഥാനത്തെ സാധാരണക്കാരായ രോഗികൾ ആശ്രയിക്കുന്നത്. പക്ഷേ, ഇന്നിപ്പോഴുള്ള ഏറ്റവും വലിയ പ്രശ്നം നമുക്കാവശ്യമാ

യിട്ടുള്ള ഡോക്ടർമാർ പല ആശുപത്രികളിലുമില്ല. കണ്ണൂരിലെ ജില്ലാ ആശുപത്രിയിൽ 30–ലേറെ ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. വിവിധ തലങ്ങളിലുള്ള ആശുപത്രികളിലായി കണ്ണൂർ ജില്ലയിൽ മാത്രം എൺപതോളം ഡോക്ടർമാരുടെ ഒഴിവുകളാണുള്ളത്. കുറെപേരെ താൽക്കാലികാടിസ്ഥാനത്തിൽ കോൺട്രാക്ട് ബേയ്സിസിൽ നിയമിച്ചിട്ടുണ്ട്. അതുപോലെതന്നെ ആവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കാത്ത പ്രശ്നങ്ങളുണ്ട്. സ്പെഷ്യാലിറ്റി കേഡറിൽ ആവശ്യമായിട്ടുള്ള തസ്തികകൾ പല താലൂക്കാശുപത്രികളിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള, തസ്തികകളിൽതന്നെ ഡോക്ടർമാരെ ലഭിക്കാത്ത സാഹചര്യം ഉണ്ട്. ഇപ്പോൾ പി.എസ്.സി.-യിൽ ഒരു ലിസ്റ്റ് നിലവിലുണ്ട്. ആ ലിസ്റ്റിൽനിന്ന് ആളുകളെ പൂർണ്ണമായി നിയമിക്കാനും ആവശ്യത്തിന് ഡോക്ടർമാരെ റിക്രൂട്ട് ചെയ്യാനുമുള്ള നടപടി സ്വീകരിക്കണം.

## വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് ഡോക്ടർമാരുടെ കുറവ് ആരോഗ്യമേഖലയിൽ പ്രധാന പ്രശ്നമായിരുന്നു. 1961–ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ബെഡ് സ്ട്രെങ്ത്തിന് ആനുപാതികമായിട്ടുള്ള ഡോക്ടർമാരും നേഴ്സുമാരും ഇല്ലാതിരുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം ഗൗരവമായി ആലോചിക്കുകയും ഘട്ടംഘട്ടമായി ഡോക്ടർമാരുടെയും നെഴ്സുമാരുടെയും മറ്റു പാരാ മെഡിക്കൽ ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുക, മുഴവുൻ ഡോക്ടർമാരേയും പി.എസ്.സി. റാങ്ക്

റാങ്ക് ലിസ്റ്റിൽനിന്ന് നിയമിക്കുക, എൻ.ആർ.എച്ച്.എം. സ്കീം മുഖേന ഡോക്ടർമാരെ നിയമിക്കുക, പി.എസ്.സി. മുഖേന എമർജൻസി റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുക എന്നീ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 216 ജന റൽ കാറ്റഗറിയും 30 സ്പെഷ്യലിസ്റ്റ് കാറ്റഗറിയും ഉൾപ്പെടെ 246 ഡോക്ടർമാ രുടെയും ആരോഗ്യവകുപ്പിൽ 641-ഉം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 275 ഉൾപ്പെടെ 916 നഴ്സുമാരുടെ തസ്തികയും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. 19-12-2012- വരെ പി.എസ്.സി. മുഖേന 547-ഉം എൻ.ആർ.എച്ച്.എം. മുഖേന 403-ഉം ഉൾപ്പെടെ 950 ഡോക്ടർമാരെ നിയമിക്കുന്നതിലേക്ക് വേണ്ടിയുള്ള ഉത്തരവ് ഇപ്പോൾ നൽകികഴിഞ്ഞു. പുതുതായി സൃഷ്ടിച്ച 210 തസ്തികകളി ലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള കൗൺസിലിംഗും ഉടന ആരംഭിക്കുന്ന താണ്. എമർജൻസി റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പി.എസ്.സി. 18-ാം തീയതി ഇന്റർവ്യൂ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം പരിഹരിക്കു ന്നതിനായി ഇപ്പോൾ സർവ്വീസിലുള്ള പി.ജി. യോഗ്യതയുള്ള ഡോക്ടർമാ രിൽനിന്നും 31-12-2012-നകം ഓപ്ഷൻ വാങ്ങി നിയമനം നടത്താൻ തീരുമാ നിച്ചിട്ടുണ്ട്. ഈ പ്രക്രിയ പൂർത്തിയാകുമ്പോൾ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ എല്ലാ തസ്തികകളിലും നിയമനം നടത്താൻ സാധിക്കുമെ ന്നാണ് ഗവൺമെന്റ് കരുതുന്നത്. എൻ.ആർ.എച്ച്.എം. മുഖേന നിയമിക്കുന്ന ഡോക്ടർമാരുടെ ശമ്പളവും സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. യോഗ്യതയുള്ള ഡോക്ടർമാരുടെ ശമ്പളം 27,140 രൂപയിൽ നിന്നും 32,000 രൂപയായും, പി.ജി. ഡിപ്ലോമയുള്ള ഡോക്ടർമാരുടെ ശമ്പളം 30,140 രൂപ

യിൽ നിന്നും 35,000 രൂപയായും, പി.ജി. ഡിഗ്രിയുള്ള ഡോക്ടർമാരുടെ ശമ്പളം 32,140 രൂപയിൽ നിന്ന് 37,000 രൂപയായി ഉയർത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ ഇടുക്കി, പാലക്കാട്, വയനാട്, കാസർക്കോട് ജില്ലകളിൽ ഇത് യഥാക്രമം 40,000, 43,000, 45,000 എന്നീ നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുളിൽ ഒഴിഞ്ഞുകിടക്കുന്ന വിവിധ വിഭാഗം ഡോക്ടർമാരുടെ 325 ഒഴിവുകളിൽ ഭൂരിഭാഗവും പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതോടൊപ്പം 2013 പുതുവർഷത്തോടു തന്നെ ആരോഗ്യവകുപ്പിൽ ഡോക്ടർമാരുടെ ഒഴിവുകൾ പൂർണ്ണമായും നികത്താൻ കഴിയുമെന്നാണ് ഗവണമെന്റ് കരുതുന്നത്.

**താമരശ്ശേരി താലൂക്കാശുപത്രിക്ക് കാഷ്വാലിറ്റി സംവിധാനവും ഡോക്ടർമാരെ അനുവദിക്കലും**

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, താമരശ്ശേരി താലൂക്കാശുപത്രി കോഴിക്കോടിന്റെയും വയനാടിന്റെയും ഇടയിൽ ഏതാണ്ട് 60 കി.മീ. ഇടയിലുള്ള കിടത്തിചികിത്സയുള്ള ഏക ആശുപത്രിയാണ് 2008-ലെ താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും ആവശ്യമായിട്ടുള്ള ഡോക്ടർമാരെ നിശ്ചയിച്ചിട്ടില്ല. എട്ട് ഡോക്ടർമാരുടെ പോസ്റ്റ് ഉണ്ടെങ്കിലും ഇപ്പോൾ ആറ് ഡോക്ടർമാർ മാത്രമാണ് സേവനം ചെയ്യുന്നത്. ശരിക്ക് 19 ഡോക്ടർമാരും 20 സ്റ്റാഫ് നേഴ്സുമാരും ഉണ്ടാകണമെന്നാണ് കണക്ക്. ഒരു ടി.ബി. മെഡിക്കൽ ഓഫീസറും അതുപോലെ മെഡിക്കൽ ഓഫീസറുടെ പോസ്റ്റും ഒഴിഞ്ഞുകിടക്കുകയാണ്. അടിയന്തിരമായി ഇവിടെ സൂപ്രണ്ടിനെയും ഒരു ആർ.എം.ഒ.-യും ഉൾപ്പെടെ ഡോക്ടർമാരെ നിയമിക്കണം. ഏതാണ്ട് ദിവസവും

600-ൽപരം രോഗികൾ ഇവിടെ എത്തുന്നുണ്ട്. അനുവദിച്ച ബെഡ്ഡുകളുടെ എണ്ണം 67 ആണെങ്കിലും 125-ലധികം ആളുകളെ അഡ്മിറ്റ് ചെയ്യുന്നുണ്ട്. ഒരു കാഷ്വാലിറ്റി സംവിധാനം ഇവിടെ വളരെ അത്യാവശ്യമാണ്. താമരശ്ശേരി ചുരം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലുണ്ടാകുന്ന വാഹനാപകടങ്ങളിലും അല്ലാതെയും ധാരാളം ആളുകൾ ആശ്രയിക്കുന്ന ഒരു ആശുപത്രിയെന്നുള്ള നിലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കാഷ്വാലിറ്റി സംവിധാനം ഉണ്ടാകണം. അതോടൊപ്പം ട്രോമാ കെയറിന്റെ സംവിധാനം ഉണ്ടാകുന്നതിനുവേണ്ടി വെന്റിലേറ്റർ ഒഴിച്ചുള്ള എല്ലാ ഉപകരണങ്ങളും ലഭിച്ചിട്ടുണ്ട്. അതിനുവേണ്ടി ആവശ്യമായ മറ്റു സംവിധാനങ്ങൾ ഉണ്ടാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താമരശ്ശേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ 6-11-2008-ലാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം 67 ആണ്. ശരാശരി ഒ.പി. 400-നും 450-നുമിടയിലും, ശരാശരി ഐ.പി. 60-നും 70-നുമിടയിലുമാണ്. മൂന്ന് അസിസ്റ്റന്റ് സർജൻമാരുടെയും നാല് ജൂനിയർ കൺസൾട്ടന്റുമാരുടെയും ഉൾപ്പെടെ 35 തസ്തികകൾ ഇവിടെ അനുവദിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട തസ്തികകൾ രണ്ടു ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരെയും ആറ് സ്റ്റാഫ് നേഴ്സിനെയും അതുപോലെ ഒരു ഫാർമസിസ്റ്റിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രി 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം നിലവിലില്ലെങ്കിലും 24 മണിക്കൂറും ഡോക്ടർമാരുടെ

സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ നേരത്തെ ചൂണ്ടി കാണിച്ചതുപോലെ ഡോക്ടർമാർ ലഭ്യമാകുന്ന മുറയ്ക്ക് കാഷ്വാലിറ്റി സംവി ധാനം ആരംഭിക്കുന്നതിലേക്ക് തീർച്ചയായും നടപടികൾ സ്വീകരിക്കുന്ന താണ്.

**യുനാനി ആശുപത്രിയുടെ ശോചനീയാവസ്ഥ**

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, എന്റെ മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്ന മൊഗ്രാളി യുനാനി ആശുപത്രിയുടെ സ്ഥിതി വളരെ ദയനീയമാണ്. 1991- ൽ ആരംഭിച്ച കേരളത്തിലെ ഏക യുനാനി ആശുപത്രി യാണ് ഇത്. ഫലപ്രദമായ ചികിത്സ തേടി ദിവസേന ഇവിടെ എത്തുന്ന രോഗികൾക്ക് മരുന്നുപോലും നൽകുന്നില്ല. ഈ ആശുപത്രിക്ക് ഒരു വർഷത്തേയ്ക്ക് വെറും 5000 രൂപയാണ് ട്രഷറി മുഖേന ലഭിക്കുന്നത്. 20 വർഷം മുമ്പ് നൽകിക്കൊണ്ടിരുന്ന ഈ തുകയിൽ ഇതുവരെ ഒരു വർദ്ധ നവും ഉണ്ടായിട്ടില്ല. തികഞ്ഞ അനാസ്ഥയാണ് ഈ ആശുപത്രിയോട് കാണി ക്കുന്നത്. 30 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്താനുള്ള പ്രൊപ്പോസൽ ഡയറക്ട്രേറ്റിൽ മാസങ്ങളായി വിശ്രമത്തിലാണ്. ഈ ആശു പത്രി ആരംഭിക്കുമ്പോൾ അനുവദിച്ച ഫാർമസിസ്റ്റിനെപ്പോലും 22 വർഷമാ യിട്ടും നിയമിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. അടിയന്തരമായി ഫാർമസിസ്റ്റിനെ നിയമിക്കണം. കേരളത്തിലെ ഏക യുനാനി ആശുപത്രി എന്ന നിലയിലും വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശം എന്ന നിലയിലും പരിഗണന നൽകി ആശുപത്രിയുടെ സമഗ്ര വികസനത്തിന് ആവശ്യമായ

നടപടി സ്വീകരിക്കണമെന്നും കൂടുതൽ ഫണ്ട് അനുവദിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

**യുനാനി ആശുപത്രിയുടെ ശോചനീയാവസ്ഥ**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കാസർകോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മൊഗ്രാൽ ഡിസ്പെൻസറി 1991 -ലാണ് ഭാരതീയ ചികിത്സാ വകുപ്പിൻ കീഴിൽ പ്രവർത്തനമാരംഭിച്ചത്. പ്രസ്തുത ഡിപെൻസറിയിൽ കുമ്പള ഗ്രാമപഞ്ചായത്തിലേയും ജില്ലയിലെ സമീപപ്രദേശങ്ങളിലേയും രോഗികൾ ചികിത്സയ്ക്കായി എത്താറുണ്ട്. 2011-2012 സാമ്പത്തിക വർഷം നോൺ-പ്ലാൻ ഫണ്ടിൽനിന്നും 36000 രൂപയുടെയും 2012-2013 സാമ്പത്തിക വർഷം 40000 രൂപയുടേയും മരുന്നുകൾ ഈ ആശുപത്രിയിൽ ലഭ്യമാക്കിയി ട്ടുണ്ട്. കൂടാതെ കുമ്പള ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപയുടെ മരുന്നുകളും ഈ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ആയുഷ് ഫണ്ട് മുഖേന 2011-2012 -ൽ 48930 രൂപയ്ക്കുള്ള മരുന്ന് ഔഷധി മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതിനുപുറമെ എൻ.ആർ.എച്ച്.എം മുഖേന മരുന്ന് വിതരണം നടത്തുന്ന കാര്യവും പരിഗണിച്ചുവരികയാണ്. 10 കിടക്കകളുള്ള ആശുപത്രിയാക്കാനുള്ള സൗകര്യമേ ഇവിടെ നിലവിലുള്ളൂ. ഈ ഡിസ്പെൻസറിയെ ആശുപത്രി യായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ നാളിതുവരെ ലഭിച്ചിട്ടില്ല. വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. അതോടൊപ്പം മറ്റൊരു കാര്യം ചൂണ്ടി

ക്കാണിക്കാനുള്ളത് അംഗീകൃത യോഗ്യതയുള്ള ഫാർമസിസ്റ്റിനെ ലഭിക്കാത്തതുകൊണ്ടാണ് ഫാർമസിസ്റ്റ് തസ്തിക ഒഴിഞ്ഞുകിടക്കുന്നത്.

## മാസ്റ്റർ ഓഫ് പെർഫോർമൻസ് ആർട്ട്സ് കോഴ്സിന് എം.എ-യ്ക്ക് തുല്യ പദവി

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തിലെ സംഗീത കോളേജുകളിലെ മാസ്റ്റർ ഓഫ് പെർഫോർമൻസ് ആർട്ട്സ് കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഒരു പ്രതിസന്ധി നേരിടുകയാണ്. സംഗീത കോളേജുകളിലെ എം.പി.എ, ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ എം.എ-ആണ്. വിമൻസ് കോളേജിലെ എം.എ സ്വാതി തിരുനാൾ കോളേജിൽ എം.പി.എ ആണ്. എം.എ. പഠിക്കുന്ന കുട്ടികൾക്ക് ലക്ച്ചറർ പോസ്റ്റിൽ അപേക്ഷിക്കുന്നതിന് പി.എസ്.സി. അംഗീകാരമുണ്ട്. സ്വാതി തിരുനാൾ കോളേജിലോ തൃപ്പൂണിത്തുറ ആർ.എൽ.വി-യിലോ പാലക്കാട് ചെമ്പൈ സ്മാരക സംഗീത കോളേജിലോ അതേ കോഴ്സുതന്നെ പഠിക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ റൂൾസിലെ അപാകത കാരണം പി.എസ്.സി ടെസ്റ്റിന് അപേക്ഷിക്കാൻപോലും കഴിയുന്നില്ല. അതുകൊണ്ട് ആ അപാകത പരിഹരിച്ച് എം.എ-യ്ക്ക് തുല്യമായി എം.പി.എ കോഴ്സുകൂടി പ്രഖ്യാപിക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും സഭയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

## മാസ്റ്റർ ഓഫ് പെർഫോർമൻസ് ആർട്ട്സ് കോഴ്സിന് എം.എ-യ്ക്ക് തുല്യ പദവി

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഗവൺമെന്റ് കോളേജുകളിൽനിന്ന് എം.എ മ്യൂസിക് ഡിഗ്രിയെടുക്കുന്നവർക്ക് പി.എസ്.സി വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷ നൽകാൻ

വ്യവസ്ഥയുണ്ട്. എന്നാൽ സംഗീത കോളേജുകളിൽ നിന്നും എം.എ പെർഫോർമൻസ് ആർട്ട്സ് പാസാകുന്നവർക്ക് സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥയില്ലാത്തതിനാലാണ് പി.എസ്.സി നിയമനങ്ങൾക്ക് അപേക്ഷിക്കാൻ നിർവ്വാഹമില്ലാതെ വന്നിരിക്കുന്നത്. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.